**ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം**
**മാധവ് ഗാഡ്ഗിൽ റിപ്പോർട്ട്**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, "മാധവ് ഗാഡ്ഗിൽ" റിപ്പോർട്ട് ദൂരവ്യാപകമായ പ്രത്യാഘാതം ഉണ്ടാക്കുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതും ജനവാസം പല മേഖലകളിലും അസാധ്യമാക്കുന്നതുമാണ്. ഈ വിഷയം സഭ ചർച്ച ചെയ്യണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: അങ്ങേയ്ക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മാധവ് ഗാഡ്ഗിൽ ചെയർമാനായിട്ടുള്ള ഒരു സമിതിയെ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചത് 2010 മാർച്ച് മാസത്തിലാണ്. ശ്രീ. ജയറാം രമേശാണ് ഇത്തരമൊരു സമിതിയെ പ്രഖ്യാപിച്ചത്. 2010 ഫെബ്രുവരിയിൽ നീലഗിരി മലയിലുള്ള കോത്തഗിരി എന്ന സ്ഥലത്ത് നടന്ന പശ്ചിമഘട്ട സംരക്ഷണ ജനകീയ പ്രസ്ഥാന കൂട്ടായ്മ അവിടെ അഭിസംബോധന ചെയ്ത സന്ദർഭത്തിലാണ് ഇങ്ങനെയൊരു സമിതിയെ നിശ്ചയിക്കാനുള്ള തീരുമാനം അന്നത്തെ പരിസ്ഥിതി വകുപ്പു മന്ത്രി ശ്രീ. ജയറാം രമേശ് പ്രഖ്യാപിച്ചിരുന്നത്. 2011 സെപ്റ്റംബറിൽ സമിതി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. 2012 മെയ് 23-നാണ് റിപ്പോർട്ട് പരിസ്ഥിതി മന്ത്രാലയം അവരുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചത്. റിപ്പോർട്ട് സംബന്ധിച്ച് ഉയർന്നു വന്നിട്ടുള്ള ആയിരത്തിഅഞ്ഞൂറിൽപ്പരം നിർദ്ദേശങ്ങൾ പഠിക്കാനും വിലയിരുത്താനും പശ്ചിമഘട്ട സംസ്ഥാനങ്ങളെ സംബന്ധിച്ചൊരു പ്രവർത്തന രേഖ തയ്യാറാക്കാനും കേന്ദ്ര ഗവൺമെന്റ് തന്നെ പിന്നീട് ഡോ. കസ്തൂരിരംഗൻ ചെയർമാനായിട്ടുള്ള ഒരു ഒൻപതംഗ കമ്മിറ്റിയെ 2012 ആഗസ്റ്റ് 17-നാണ് നിശ്ചയിച്ചിരുന്നത്. ആദ്യം ആ കമ്മിറ്റിക്ക് രണ്ടുമാസത്തെ കാലാവധിയാണ്

കൊടുത്തത്. ഇപ്പോൾ അതിന്റെ കാലാവധി നാല് മാസം കൂടി നൽകിയിട്ടുണ്ട്. ഡോ. കസ്തൂരിരംഗൻ വന്ന് ഏതെല്ലാം തരത്തിലുള്ള പരിശോധനയാണ് നടത്തിയതെന്ന് ഇപ്പോഴാർക്കും വേണ്ടത്ര വ്യക്തമല്ല. കേരളത്തിൽ വന്നിട്ടില്ലെന്നും, എന്നാൽ വന്നതായും ചില ന്യൂസുകൾ കാണുന്നുണ്ട്. എന്താണ് യഥാർത്ഥ വസ്തുതയെന്ന് എനിക്കറിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അതു സംബന്ധിച്ച് വിവരമുണ്ടെങ്കിൽ പറയേണ്ടതാണ്. ഡോ. കസ്തൂരിരംഗൻ, ഗവൺമെന്റുമായോ ഇവിടെയുള്ള ഏതെങ്കിലും സമിതിയുമായോ ചർച്ച ചെയ്തിട്ടുണ്ടോ, തുടങ്ങിയ കാര്യങ്ങൾ ഈ സഭയ്ക്കറിയേണ്ടതായുണ്ട്. ഈ റിപ്പോർട്ടിനകത്ത് പരാമർശിച്ചിട്ടുള്ള ഒട്ടേറെ കാര്യങ്ങൾ പരിസ്ഥിതി സംരക്ഷണത്തെ സംബന്ധിച്ച് പ്രാധാന്യമുള്ളതാണ്. സമർപ്പിച്ചിട്ടുള്ള ഈ റിപ്പോർട്ടിന്റെ പ്രധാനമായ പ്രശ്നം ഇത് മനുഷ്യനെ കാണാത്ത റിപ്പോർട്ടാണെന്നതാണ്. മനുഷ്യവാസം ഇല്ലാതാക്കുന്ന രൂപത്തിലുള്ള റിപ്പോർട്ട് നമ്മുടെ രാജ്യത്ത് എങ്ങനെയാണ് പ്രായോഗികമാക്കുന്നത്? 63 താലൂക്കുകളിൽ 42 താലൂക്കുകളെ വിവിധ സോണുകളിലായിപ്പെടുത്തി പരിസ്ഥിതിലോലമേഖലയായി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. അതിൽ 14 താലൂക്കുകളെയാണ് അതിലോല പ്രദേശങ്ങളായി ഉൾപ്പെടുത്തിയിട്ടുള്ളത്. 14 താലൂക്കുകളെ ഇത് വളരെ പ്രതികൂലമായി ബാധിക്കും. 633 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഇത് ബാധിക്കും. ആലപ്പുഴ ജില്ലയൊഴികെ 13 ജില്ലകൾക്കും ഏറ്റക്കുറച്ചിലോടുകൂടി ബാധകമാകുന്നൊരു റിപ്പോർട്ടാണിത്. ഈ സഭയിൽ അംഗങ്ങളായിട്ടുള്ള ഒട്ടുമിക്ക എം.എൽ.എ.മാരുടെയും മണ്ഡലങ്ങളെ ബാധിക്കുന്നൊരു പ്രശ്നമാണിത്.

പരിസ്ഥിതി സംരക്ഷണത്തിന് വേണ്ടി നമ്മുടെ സംസ്ഥാനത്തിന് നിയമങ്ങളുണ്ട്. കേന്ദ്ര നിയമങ്ങളുമുണ്ട്. ഈ നിയമങ്ങൾ തന്നെ ഫലപ്രദമായി നടപ്പിലാക്കിയാൽ പശ്ചിമഘട്ട സംരക്ഷണം ഉറപ്പുവരുത്താൻ കഴിയും. എന്നാൽ ഈ നിർദ്ദേശം നടപ്പാക്കപ്പെട്ടാൽ ഇപ്പോൾ ഒരു പശ്ചിമഘട്ട പരിസ്ഥിതി അതോറിറ്റി എന്ന മറ്റൊരു അതോറിറ്റി രൂപീകരിക്കണം. ഗവൺമെന്റിന്റെ മുകളിൽ മറ്റൊരു ഉപരി ഗവൺമെന്റ് രൂപംകൊള്ളുന്ന ഒരു സ്ഥിതി വിശേഷം ഇവിടെ ഉണ്ടാക്കപ്പെടും. പശ്ചിമഘട്ട പരിസ്ഥിതി പ്രാധാന്യമനുസരിച്ച് മൂന്ന് തരം മേഖലകളായി തിരിക്കുമ്പോൾ ഈ സോണുകളായി തിരിച്ചതിലാണ് ഏറ്റവും കൂടുതൽ അശാസ്ത്രീയത ഉണ്ടായിരിക്കുന്നത്. ഒരു താലൂക്കിൽ അമ്പത് ശതമാനത്തിലേറെ പ്രദേശം പരിസ്ഥിതി ലോലമാണെന്ന് സമിതി വിലയിരുത്തിയാൽ ആ താലൂക്കിനെ മൊത്തം എ സോണിനകത്ത് ഉൾപ്പെടുത്തിയിരിക്കുകയാണ്. താലൂക്ക് എന്നതിന്റെ അടിസ്ഥാനത്തിൽ വിഭജിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നമാണ് യഥാർത്ഥത്തിൽ ഇതിന്റെ നടത്തിപ്പിൽ വന്നു ചേരാൻ പോകുന്ന പ്രധാനപ്പെട്ട പ്രതിബന്ധമെന്നതാണ് ഇത് പരിശോധിക്കുമ്പോൾ കാണിക്കുന്നത്. എക്കോളജിക്കലി സെൻസിറ്റീവ് സോൺ എന്ന പേരിൽ ESZ എന്ന് പറഞ്ഞുകൊണ്ട് സോൺ വണ്ണിൽപ്പെടുന്ന മേഖലയ്ക്ക് അതീവ പരിസ്ഥിതി പ്രാധാന്യം നൽകുകയും അവിടെ വികസനത്തിന് പകരം പരിസ്ഥിതി സംരക്ഷണത്തിനാണ് മുൻതൂക്കം കൊടുത്തിരിക്കുന്നത്. അവിടെ യാതൊരുവിധ വികസന പ്രവർത്തനവും വേണ്ട എന്നതാണ് ഇതിലെ കാഴ്ചപ്പാട്. സോൺ 1-ൽ നിലവിലുള്ള ദേശീയ ഉദ്യാനങ്ങൾക്കും വന്യജീവി സങ്കേതങ്ങൾക്കും അതിന് ചുറ്റുമുള്ള ബഫർ മേഖലകളും ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. എന്നാൽ രണ്ടാമത്തെ

സോണിൽ ചില നിയന്ത്രണങ്ങളോടുകൂടിയുള്ള വികസന പ്രവർത്തനമാകാം എന്നാണ് കമ്മീഷൻ പറയുന്നത്. മൂന്നാമത്തെ സോണിൽ ഉൾപ്പെടുത്തിയ സ്ഥലത്ത് കുറച്ച് അയവ് വരുത്തിക്കൊണ്ട് നിയന്ത്രണങ്ങളോടുകൂടിയുള്ള വികസന പ്രവർത്തനമാകാം. ഇങ്ങനെ മൂന്ന് സോണുകളിൽ മൂന്ന് വ്യത്യ സ്തമായ രീതിയിലുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് വേണ്ടിയാണ് അനുവ ദിച്ചതെങ്കിൽ ഒന്നാമത്തെ സോണിനകത്ത് ഒരു കാര്യവും പാടില്ലെന്നാണ്. സോൺ 1-ൽ ഉൾപ്പെടുന്ന പ്രദേശം നോക്കിയാൽ ഇടുക്കി ജില്ല സമ്പൂർണ്ണ മായി ഇതിൽ ഉൾപ്പെടും. തൊടുപുഴ, ഉടുമ്പൻചോല, ദേവികുളം, പീരുമേട് താലൂക്ക് ഇവ ഇതിലുൾപ്പെട്ടിരിക്കുകയാണ്. വൈത്തിരി, മാനന്തവാടി, സുൽത്താൻ ബത്തേരി. എന്നീ വയനാട് ജില്ലയിലുള്ള മൂന്ന് താലൂക്കും പത്ത നംതിട്ടയിൽ റാന്നി താലൂക്കിതിലുൾപ്പെടുത്തിയിരിക്കുകയാണ്. കണ്ണൂർ ജില്ല യിലെ തലശ്ശേരി താലൂക്ക് ഈ സോൺ 1-ലാണ് ഉൾപ്പെട്ടിരിക്കുന്നത്. തലശ്ശേ രിയും കൂടി ഉൾപ്പെട്ടിട്ടുണ്ടെന്നറിഞ്ഞപ്പോഴാണ് ഞാൻ ഈ റിപ്പോർട്ട് തന്നെ കുറച്ച് ഗൗരവമായി പഠിക്കാൻ തയ്യാറായത്. ഇങ്ങനെയുള്ള പ്രദേശങ്ങൾ സോൺ 1-ൽ ഉൾപ്പെടുന്നതെന്തുകൊണ്ടാണ് എന്നുള്ളതാണ് ഈ റിപ്പോർട്ടിലെ അശാസ്ത്രീയത വളരെ വ്യക്തമാക്കുന്നത്. പുനലൂർ, മണ്ണാർക്കാട് തൂലൂക്കുകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാലക്കാട് ജില്ല യിലെ ചിറ്റൂർ താലൂക്ക്, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്ക്, തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട താലൂക്ക് ഇവ സോൺ 1-ലാണ് ഉൾപ്പെടു ത്തിയിരിക്കുന്നത്. ഇത്തരത്തിൽ സോൺ 1-ൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്ഥലത്ത് യാതൊരുവിധ വികസന പ്രവർത്തനവും പാടില്ല എന്നുള്ള നില പാട് സ്വീകരിച്ചാൽ ഈ സോൺ വണ്ണിൽ ഉൾപ്പെടുത്തിയിട്ടുള്ള താലൂക്കുക ളിൽ തന്നെ ചില പ്രദേശങ്ങൾ വനപ്രദേശങ്ങളാണ്. ആ വനപ്രദേശങ്ങൾ

നമുക്ക് സംരക്ഷിക്കണം. ആ വനം സംരക്ഷിക്കേണ്ടതിന്റെ ഭാഗമായി വനമുള്ള പ്രദേശത്തെ വാർഡുകൾ സോണായിപ്പെടുത്തുന്നതിന് പകരം താലൂക്ക് മൊത്തമൊരു സോണായിപ്പെടുത്തിയതാണ് ഈ റിപ്പോർട്ട് നടപ്പിലാക്കുന്നതിൽ വന്നുചേർന്നിരിക്കുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം. ജനങ്ങളെ ഇതിനെതിരായി ഇളക്കിവിട്ടിട്ടുള്ള പ്രധാന ഘടകമിതാണ്. ഈ റിപ്പോർട്ടിന്റെ കാഴ്ചപ്പാടിൽ ജനവാസം പ്രകൃതിക്ക് നിരക്കാത്തതാണ്. പ്രകൃതിയെ തന്നെ രൂപപ്പെടുത്തിയെടുക്കുന്നതിൽ മനുഷ്യൻ പ്രധാനപ്പെട്ട പങ്ക് വഹിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണം ഇന്നത്തെക്കാലത്ത് ഒഴിച്ചുകൂടാനാവാത്തതാണ്. പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള വികസനം; അതാണ് നമ്മുടെ കാഴ്ചപ്പാട്. ആ പരിസ്ഥിതി സംരക്ഷണത്തിന് അനുകൂലമായി സമിതി ചൂിക്കാണിച്ചിട്ടുള്ള നിർദ്ദേശങ്ങളെല്ലാം എങ്ങനെ നടപ്പിലാക്കാൻ കഴിയും എന്ന് നമുക്ക് ചർച്ച ചെയ്ത് ഒരു നിലപാട് എടുക്കേണ്ടതായിട്ടുണ്ട്. എന്നാൽ അതിന്റെ പേരിൽ യാതൊരു വികസന പ്രവർത്തനവും പാടില്ല എന്ന സമിതിയുടെ നിർദ്ദേശത്തോട് യോജിക്കാൻ സാധിക്കുന്നതല്ല. ഈ ഒരു കാഴ്ചപ്പാട് കേരളത്തിന് പൊതുവായി എടുക്കാൻ സാധിക്കുമെങ്കിൽ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള വികസന പ്രവർത്തനം എന്ന കാഴ്ചപ്പാടിലേയ്ക്ക് നമുക്ക് എത്തിച്ചേരാൻ സാധിക്കും. നേരത്തെ പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് വേണ്ടത്ര കാഴ്ചപ്പാട് രാഷ്ട്രീയ പാർട്ടികൾക്ക് ഉണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ രാഷ്ട്രീയ പാർട്ടികൾക്ക് തന്നെ പരിസ്ഥിതി സംരക്ഷണം ഒരു പ്രധാനപ്പെട്ട അജണ്ടയായി ഉൾക്കൊള്ളിക്കുന്ന വിധത്തിൽ പരിസ്ഥിതി അവബോധം നമ്മുടെ രാജ്യത്ത് വർദ്ധിച്ചുവരുന്നുണ്ട് എന്നത് ഒരു പ്രധാനപ്പെട്ട ഘടകമാണ്. സി.പി.ഐ.(എം) തന്നെ പരിസ്ഥിതി സംരക്ഷണം ഒരു പ്രധാനപ്പെട്ട വിഷയമായി എടുത്തുകൊണ്ട് ഞങ്ങളുടെ കഴിഞ്ഞ മൂന്ന് പാർട്ടി

കോൺഗ്രസുകളിലായി ഈ വിഷയം പ്രധാനപ്പെട്ട പ്രശ്നമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. പ്രകൃതിയുടെ സംരക്ഷണത്തെ സംബന്ധിച്ച് 1875-ൽ ഫ്രെഡറിക് ഏഞ്ചൽസ് എഴുതിയിട്ടുള്ള ഒരു പ്രധാനപ്പെട്ട ലേഖന മുണ്ട് - "നൂറ്റാണ്ടുകൾക്ക് മുമ്പ്". പ്രകൃതിയുടെ വൈരുദ്ധ്യസ്വഭാവത്തിന് ഒരു മുഖവുര ആ ലേഖനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അതിനകത്ത് പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം അദ്ദേഹം ഊന്നിപ്പറഞ്ഞിരിക്കുക യാണ്. ഇതിൽ മനുഷ്യനാണ് പ്രകൃതിയെ രൂപപ്പെടുത്തുന്നതിൽ സവിശേഷ മായ പങ്ക് വഹിക്കുന്നത് എന്നു പറഞ്ഞുകൊണ്ട് മനുഷ്യനും കൂടി ഉൾക്കൊ ള്ളുന്ന ഒരു പ്രകൃതി സംരക്ഷണമാണ് പ്രായോഗികമായിട്ടുള്ളത് എന്ന വശമാണ് അതിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അതിൽ പറയുന്ന ഒരു പ്രധാന പ്പെട്ട ഭാഗം ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നു. മനുഷ്യന് മാത്രമാണ് പ്രകൃ തിയുടെ മേൽ സ്വന്തം മുദ്ര പതിപ്പിക്കാൻ വിജയകരമായി കഴിഞ്ഞിട്ടുള്ളത്. അവൻ സസ്യവർഗ്ഗങ്ങളെയും ജന്തുജാതികളെയും ഒരു സ്ഥലത്തു നിന്ന് മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി എന്ന് മാത്രമല്ല സ്വന്തം വാസസ്ഥലങ്ങളുടെ കാലാവസ്ഥയേയും മറ്റ് സ്ഥിതിഗതികളേയും സസ്യങ്ങളേയും ജന്തുക്ക ളേയും പോലും മാറ്റി. അങ്ങനെ അവന്റെ പ്രവൃത്തികളുടെ ഭവിഷ്യത്തുകൾ ഭൂഗോളത്തിന്റെ പൊതുനാശത്തോടു കൂടി മാത്രമേ തിരോഭവിക്കുകയുള്ളൂ എന്ന സ്ഥിതി വന്നിരിക്കുന്നു. പ്രകൃതിയെ മനുഷ്യൻ ചൂഷണം ചെയ്യുന്ന സ്ഥിതി സംബന്ധിച്ച് നൂറ്റാണ്ട് മുമ്പ് ഫ്രെഡറിക് ഏഞ്ചൽസ് നടത്തിയിട്ടുള്ള വിശകലനമാണ് ഇന്നത്തെ കാലഘട്ടത്തിൽ നോക്കുമ്പോൾ അന്നുതന്നെ ഇതുസംബന്ധിച്ചുള്ള കാഴ്ചപ്പാട് ഇത്ര വിപുലമായിരുന്നു എന്ന് വ്യക്തമാക്കു ന്നത്. പ്രകൃതിയെ ചൂഷണം ചെയ്യുന്നത് മുതലാളിത്തമാണ്. പ്രകൃതിയെ

ചൂഷണം ചെയ്തുകൊണ്ട് ധനം സമ്പാദിക്കാൻ വേണ്ടിയുള്ള അത്യാർത്തിയുടെ ഭാഗമായി നമ്മുടെ നദികളിലെ മണൽ വാരുന്നു. നെൽവയലുകൾ നികത്തുന്നു - മഴവെള്ളസംഭരണിയാണ് ഇല്ലാതാകുന്നത് എന്ന് മറന്നുകൊണ്ട് വ്യാപകമായി നെൽവയലുകൾ നികത്തുന്നു. ഇഷ്ടം പോലെ പാറപൊട്ടിക്കുന്നു - ഖനനങ്ങളുടെ ഫലമായി പാറ പൊട്ടിക്കൽ വ്യാപകമാകുമ്പോൾ ഉരുൾപൊട്ടൽ ഒരു തുടർക്കഥയായി നമ്മൾ നേരിട്ടുകൊണ്ടിരിക്കുന്നു. ഉരുൾപൊട്ടിക്കൊണ്ടിരിക്കുമ്പോൾ ഗവൺമെന്റ് മരണപ്പെട്ടവർക്ക് 5 ലക്ഷം രൂപ നഷ്ടപരിഹാരം കൊടുക്കുന്നു. വീണ്ടും അവിടെ പാറ പൊട്ടിക്കുന്നു. ഉരുൾപൊട്ടൽ നടക്കുന്നു. ഇത്തരത്തിലുള്ള സ്ഥിതി എവിടെയെങ്കിലും നിലനിൽക്കുന്നുണ്ടോ? പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം നാം അവഗണിച്ചാൽ ഉണ്ടാകാൻ പോകുന്ന വിപത്തുകളാണ് ഇത്. നമ്മുടെ ഭൂഘടനയെ തന്നെ മാറ്റി മറിക്കുന്ന സ്ഥിതി നമ്മൾ തന്നെ സ്വീകരിക്കുന്നു. ലോകത്ത് പല രാജ്യങ്ങളിലും അന്വേഷിച്ചുനോക്കിയാൽ നിലവിലുള്ള പ്രകൃതിദത്തമായിട്ടുള്ള ഭൂഘടനയെ മാറ്റിക്കൊണ്ടുള്ള നിർമ്മാണ പ്രവർത്തനം അനുവദിക്കുന്നില്ല. ഞാൻ ഈ അടുത്തയിടെ ലണ്ടനിൽപ്പോയപ്പോൾ അവിടെ പ്രകൃതിസംരക്ഷണം സംബന്ധിച്ച് മനസ്സിലാക്കാൻ സാധിച്ച ഒരു കാര്യം പ്രദേശത്തുള്ള ഭൂഘടന മാറ്റിമറിച്ചുകൊണ്ടുള്ള ഒരു കൺസ്ട്രക്ഷൻ പ്രവർത്തനവും അനുവദിക്കുന്നില്ല. എങ്ങനെയാണോ ഒരു പ്രദേശത്തുള്ള പ്രകൃതിദത്തമായിട്ടുള്ള ഭൂഘടന, അതിനനുസരിച്ചുകൊണ്ടുള്ള ശാസ്ത്രീയമായ കൺസ്ട്രക്ഷൻ പ്രവർത്തനം മാത്രമേ അനുവദിക്കുന്നുള്ളൂ. ഇവിടെയെന്താണ്? മലയിടിക്കുന്നു; കുന്നുകൾ ഇടിക്കുന്നു; അത് കൊണ്ടുപോയി മറ്റൊരു സ്ഥലത്ത് കൊണ്ടുപോയിടുന്നു. ഇങ്ങനെ പ്രകൃതിദത്തമായ ഭൂഘട

നയെ അട്ടിമറിക്കുന്നതിന്റെ ഫലമായി ഇവിടെ പാരിസ്ഥിതികമായ അസന്തുലിതാവസ്ഥ വന്നുചേരുകയും നമ്മുടെ നാട്ടിൽ കാലാവസ്ഥ വ്യതിയാനം ഉണ്ടാകുകയും ചെയ്യുന്നു. ഇന്നലെയാണ് നമ്മുടെ സംസ്ഥാനം സമ്പൂർണ്ണമായി വരൾച്ച ബാധിതപ്രദേശമായി പ്രഖ്യാപിച്ചിരിക്കുന്നത്. വരൾച്ചബാധിത പ്രദേശമായിട്ട് മാറുമ്പോൾ പരിസ്ഥിതി സംരക്ഷിക്കാതെ എങ്ങനെ ഇതിൽ മാറ്റം വരുത്താൻ സാധിക്കും? ഗാഡ്ഗിൽ റിപ്പോർട്ടിനകത്ത് ചൂണ്ടിക്കാണിച്ചിട്ടുള്ള പരിസ്ഥിതി സംരക്ഷണത്തിനനുകൂലമായ കാര്യങ്ങളെ നാം വിയോജിക്കരുത്. ഇതാണ് നാം എടുക്കേണ്ട നിലപാട്. പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടുള്ള വികസനപ്രവർത്തനങ്ങൾ എങ്ങനെ സാധിക്കും? ഈ റിപ്പോർട്ട് അതേപടി തള്ളിക്കളയണമെന്ന വാദഗതി ഉയർന്നുവന്നിട്ടുണ്ട്. അതിനോട് യോജിച്ചു കഴിഞ്ഞാൽ പരിസ്ഥിതി സംരക്ഷണത്തിന് അനുകൂലമായ ഭാഗങ്ങളെയും നാം വിയോജിക്കുന്നു എന്ന ഒരു സ്ഥിതി വരാൻ പാടില്ല. അതിനനുസരിച്ചുകൊണ്ട് പരിസ്ഥിതി സംരക്ഷണത്തിനു വേണ്ടി നിലവിലെ നിയമങ്ങൾക്കകത്തു നിന്നുകൊണ്ട് എന്തൊക്കെ ചെയ്യാൻ കഴിയും? ഡോ. കസ്തൂരിരംഗന്റെ റിപ്പോർട്ടിനകത്ത്, അത് മാറ്റിമറിയ്ക്കാനുള്ള ഇടപെടൽ എങ്ങനെ നടത്താൻ സാധിക്കും? അത് എങ്ങനെ വിജയകരമായി കാര്യങ്ങൾ ചെയ്യാൻ സാധിക്കും? ഈ റിപ്പോർട്ട് അതേപടി നടപ്പിലാക്കുകയാണെങ്കിൽ പുതിയ ജലവൈദ്യുത പദ്ധതികൾ സാധ്യമാകാതെ വരും. 30-50 വർഷം വരുന്ന നിലവിലുള്ള ജലവൈദ്യുതി പദ്ധതികളും ഡാമുകളുമൊക്കെ ഡീ കമ്മീഷൻ ചെയ്യേണ്ടതായി വരും. അങ്ങനെ വന്നാൽ ആദ്യം തന്നെ 350 മെഗാവാട്ടിന്റെ ശബരിഗിരി പദ്ധതി ഡീ കമ്മീഷൻ ചെയ്യേണ്ടതായി വരും. അതിരപ്പിള്ളി വേണ്ടെന്നു വച്ചു. ഈ റിപ്പോർട്ടിലെ അതിരപ്പിള്ളിയുടെ ഭാഗത്തേയ്ക്ക്

പോകുന്നില്ല. അതിനെ സംബന്ധിച്ച് ശ്രീ. എ. കെ. ബാലന് വിശദമായി അറിയാം; അദ്ദേഹം തന്നെ അത് പറയും. ശബരിഗിരി പദ്ധതി മാത്രമല്ല കക്കാട്, മണിയാർ, പെരിനാട് തുടങ്ങിയ എല്ലാ പദ്ധതികളും ഇതിന്റെ ഫലമായി ഡീ കമ്മീഷൻ ചെയ്യപ്പെടും. മുല്ലപ്പെരിയാർ ഡാം പൊളിക്കേണ്ടി വരും. നമുക്ക് ഏറ്റവും കൂടുതൽ വിദ്യുച്ഛക്തി കിട്ടുന്ന ഇടുക്കി ഡാം പൊളി ക്കേണ്ടതായി വരും. പുതിയ ഡാമുകൾ പാടില്ലെന്ന് മാത്രമല്ല നിലവിലുള്ള ഡാമുകൾ തന്നെ പൊളിച്ചുമാറ്റണം എന്നുള്ള നിർദ്ദേശത്തോട് നമുക്ക് യോജിക്കാൻ കഴിയില്ല. കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം ഇതിന്റെ ഭാഗമായി സാധ്യമല്ലാതെ വരും. അങ്ങനെ വിദ്യുച്ഛക്തി ഉല്പാദനമേഖലയിൽ വലിയ പ്രതിസന്ധിയുണ്ടാകും. റെയിൽവേ പദ്ധതികൾ പാടില്ല. നിലമ്പൂർ–നഞ്ചങ്കോട് റെയിൽവെ ലൈൻ സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യമാണ്. ഈ റിപ്പോർട്ട് പ്രകാരം ഇനി ലഭിക്കില്ല. തലശ്ശേരി–മൈസൂർ റെയിൽവേ ലൈനും ശബരിപാതയും ഈ റിപ്പോർട്ട് പ്രകാരം ലഭിക്കാൻ പോകുന്നില്ല. മലയോര ഹൈവേ ഇതുപ്രകാരം നടപ്പിലാക്കാൻ കഴിയില്ല. ഇത്തരത്തിൽ വരുന്നതിന്റെ ഫലമായി സംഭവിക്കാൻ പോകുന്നത് വികസന രംഗത്ത് ഒരു പ്രതിസന്ധി ഇവിടെയുണ്ടാകും. ഇടുക്കി, വയനാട്, പത്തനംതിട്ട ജില്ലകളുടെ വികസനത്തെ സമ്പൂർണ്ണമായി തകർക്കുന്നതും കേരളത്തിന്റെ പൊതുവികസ നത്തെ മുരടിപ്പിക്കുന്നതുമാണ് ഈ റിപ്പോർട്ടിലെ പ്രശ്നം. അതുകൊണ്ട് വികസനത്തിന് തടസ്സമായി നിൽക്കുന്ന നിർദ്ദേശങ്ങൾ നമുക്ക് ഉൾക്കൊ ള്ളാൻ സാധിക്കുന്നതല്ല.

ശ്രീ. പാലോട് രവി: സർ, അങ്ങിവിടെ സംസാരിച്ചപ്പോൾ സൂചിപ്പിച്ചത്, 2010 മാർച്ച് 14 -നാണ് ഇത്തരത്തിൽ ഒരു പാനൽ ഇവിടെ നിലവിൽ വരു

ന്നത്. 2011 സെപ്റ്റംബറിലാണ് ആ പാനൽ റിപ്പോർട്ട് നൽകുന്നത്. എന്റെ ചോദ്യം, 2010 മാർച്ച് 14-ാം തീയതി ഇത്തരത്തിൽ ഒരു പാനൽ ഉണ്ടാക്കുമ്പോൾ ആ പാനലിൽ കേരളത്തിൽ നിന്ന് രണ്ടുപേരുണ്ടായിരുന്നു. ആ കാലഘട്ടത്തിൽ അങ്ങ് മന്ത്രിയായിരുന്നു; അങ്ങയുടെ ഗവൺമെന്റായിരുന്നു; ഏതെങ്കിലും ഒരു ഘട്ടത്തിൽ ഈ രണ്ട് അംഗങ്ങളെ ആ പാനലിൽ ഉൾപ്പെടുത്തുന്നതിന് കേരള ഗവൺമെന്റുമായി ആലോചിച്ചിട്ടുണ്ടോ? നിങ്ങളിരിക്കുന്ന കാലഘട്ടത്തിലാണ് ഈ റിപ്പോർട്ട് സമർപ്പിക്കുന്നത്. ആ ഒരു വർഷക്കാലത്തിനിടയിൽ ഈ അംഗങ്ങളുമായോ ചെയർമാനുമായോ ഗാഡ്ഗിലുമായോ കേരള ഗവൺമെന്റ് ഏതെങ്കിലും ഘട്ടത്തിൽ ചർച്ച നടത്തിയിട്ടുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അന്ന് ശ്രീ. എ. കെ. ബാലനും ശ്രീ. ജയറാം രമേശും ഈ പ്രശ്നത്തിന്റെ പേരിലായിരുന്നു ഏറ്റവും വലിയ വാദപ്രതിവാദമുണ്ടായത്. ഞങ്ങൾക്ക് ഇടപെടാൻ കഴിയുന്ന വിധത്തിലും പ്രകടിപ്പിക്കാൻ സാധിക്കുന്ന വിധത്തിലുമുള്ള എതിർപ്പ് ആ ഘട്ടത്തിൽ ഇടതുപക്ഷ ഗവൺമെന്റ് പ്രകടിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ അത് പ്രായോഗികമാക്കുന്ന സ്ഥിതിയിലേയ്ക്ക് വന്നാൽ ഉണ്ടാകാനിടയുള്ള പ്രശ്നങ്ങളാണ് ഞങ്ങൾ ഇപ്പോൾ ചൂണ്ടിക്കാണിക്കുന്നത്. ആരാധനാലയങ്ങൾ- ക്ഷേത്രങ്ങൾ, പള്ളികൾ പുതിയതൊന്നും പാടില്ലെന്ന് മാത്രമല്ല പുനരുദ്ധാരണ പ്രവർത്തനം പൂർണ്ണമായും നിർത്തേണ്ടതായി വരും. സ്കൂളുകൾ നവീകരിക്കാൻ സാധിക്കില്ല. പുതിയ സ്കൂളുകളും കോളേജുകളും സ്ഥാപിക്കാൻ സാധിക്കില്ല. യാതൊരുവിധ പുതിയ വികസന പ്രവർത്തനവും പാടില്ല. ഇന്ന് ചെയ്യുന്ന കൃഷി സമ്പ്രദായങ്ങൾ സമ്പൂർണ്ണമായി മാറ്റേണ്ടി വരും. മലയോര മേഖലയിലുള്ള റബ്ബർ കൃഷി ഇതിന്റെ ഭാഗമായി തകരും. നാണ്യവിളകളെ സമ്പൂർണ്ണ

മായി തകർക്കുന്ന വിധത്തിലാണ്, പരമ്പരാഗതമായ കൃഷി സമ്പ്രദായങ്ങളിലേയ്ക്ക് തിരിച്ചു പോകണം എന്ന വിധത്തിൽ കാർഷിക രീതിയിൽ മാറ്റം വരുത്തുന്ന നിർദ്ദേശങ്ങൾ ഇതിനകത്ത് ഉൾപ്പെടുത്തിയിരിക്കുകയാണ്. ഒരു കാര്യം പ്രത്യേകം പറയുന്നുണ്ട്, തോട്ടങ്ങളിൽ ഇതിന്റെ ഫലമായി ടൂറിസം കെട്ടിടം ഉണ്ടാക്കാമെന്ന ഈ ഗവൺമെന്റിന്റെ കാര്യം നടക്കില്ല എന്ന ആശ്വാസമുണ്ട്. തോട്ടങ്ങളിൽ 5% ഭൂമി, കെട്ടിടം നിർമ്മിക്കാം എന്ന് നിയമമുണ്ടാക്കിയ നാടാണ് നമ്മുടെ നാട്. അത്തരം പദ്ധതികളൊന്നും ഇതിന്റെ ഫലമായി നടത്താൻ കഴിയില്ല. അത് സ്വാഗതാർഹമാണ്. പൊതുഭൂമി സ്വകാര്യമേഖലയ്ക്ക് കൊടുക്കാൻ പാടില്ല എന്ന നിർദ്ദേശവും അംഗീകരിക്കത്തക്ക നിർദ്ദേശങ്ങളാണ്.

ശ്രീ. ജോസഫ് വാഴക്കൻ: സർ, പശ്ചിമഘട്ടത്തിന്റെ പരിസ്ഥിതിയെക്കുറിച്ച് പഠിക്കാനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി നിയോഗിച്ച മാധവ് ഗാഡ്ഗിൽ കമ്മിറ്റി ഫലത്തിൽ കേരളത്തിന്റെ കാർഷിക അടിത്തറ തകർക്കാനും കർഷകനെ അവന്റെ ഭൂമിയിൽ നിന്നും ആട്ടിയിറക്കുന്ന അവസ്ഥയിലേക്കുമാണ് കാര്യങ്ങൾ എത്തിച്ചിരിക്കുന്നത്. ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ കാര്യങ്ങളോട് ഒരു പരിധിവരെ ഞാനും യോജിക്കുകയാണ്. ഇക്കാര്യത്തിൽ നിയമസഭ ഒന്നിച്ചുചേർന്ന് ഒരു അഭിപ്രായ സമന്വയത്തിൽ എത്താൻ സാധിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെ ചില ആളുകൾ പറഞ്ഞതുപോലെ ഇത് റിപ്പോർട്ട് മാത്രമല്ല, ഇതിന്റെ ഇംപാക്ടുകൾ ആയിക്കഴിഞ്ഞു. അതായത് ലോക പൈതൃകമേഖലയായി പശ്ചിമഘട്ടത്തിലെ 39 കേന്ദ്രങ്ങൾ ഇതിനോടകം പ്രഖ്യാപിച്ചു. ആ മേഖലകളെ സംബന്ധിച്ച് നമുക്ക് അഭിപ്രായ

വ്യത്യാസമില്ല. അവയെല്ലാം പാരിസ്ഥിതിക ദുർബ്ബല പ്രദേശങ്ങൾ തന്നെയാണ്. പക്ഷേ അതിന് പിൻബലമായിരുന്നത് ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ടാണ്. ഈ പറയുന്ന 39 കേന്ദ്രങ്ങളിൽ 19 എണ്ണം കേരളത്തിലുള്ളതാണ്. ഈ പ്രദേശങ്ങളുടെ ബഫർ സോണായി ഗാഡ്ഗിൽ റിപ്പോർട്ടിൽ പറയുന്ന പ്രദേശങ്ങളെല്ലാം ജനനിബിഢമായ കാർഷിക മേഖലയാണെന്നുള്ളതാണ് പ്രശ്നം. ഈ റിപ്പോർട്ട് കേന്ദ്രസർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഇത് കേന്ദ്രസർക്കാർ പൂഴ്ത്തിവെച്ചു എന്ന് ഇവിടെ പറയുകയുണ്ടായി. കേന്ദ്ര സർക്കാർ തന്നെ ഈ റിപ്പോർട്ട് കണ്ട് ഞെട്ടിപ്പോയി. ഈ റിപ്പോർട്ട് പുറത്തിറക്കാൻ കഴിയാത്തതാണെന്ന് ബോധ്യമുള്ളതുകൊണ്ടാണ് വെളിയിൽ കൊണ്ടുപോകാത്തത്. കേരളത്തിൽ നിന്നുള്ള പരിസ്ഥിതി വാദിയാണ് ഇതിനെതിരെ ഇൻഫൊർമേഷൻ കമ്മീഷന്റെ മുമ്പിൽ പോയത്. ഇൻഫൊർമേഷൻ കമ്മീഷൻ ഈ റിപ്പോർട്ട് പുറത്തുവിടണമെന്ന് പറഞ്ഞപ്പോൾ ഇതിനെതിരായി കേന്ദ്രഗവൺമെന്റ് ഡെൽഹി ഹൈക്കോടതിയിൽ പോയി. ഡെൽഹി ഹൈക്കോടതി ഈ റിപ്പോർട്ട് പുറത്തുവിടാൻ പറഞ്ഞു. അങ്ങനെയാണ് ഇത് പുറത്തുവന്നത്. ഈ റിപ്പോർട്ട് പുറത്തുവന്നപ്പോൾ കേരളം മുതൽ ഗുജറാത്ത് വരെയുള്ള ആറ് സ്റ്റേറ്റുകളിൽ അതിശക്തമായ എതിർപ്പ് ഉയർന്നു. അതാണ് ഇതിനകത്തുണ്ടായ ഒരു പ്രധാനപ്പെട്ട വിഷയം. സർക്കാർതന്നെ ഈ റിപ്പോർട്ടിന് എതിരായിരുന്നു എന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. ഇതിനെത്തുടർന്നാണ് ഡോ. കസ്തൂരി രംഗൻ ചെയർമാനായുള്ള ഒരു റിപ്പോർട്ട് അവലോകത്തിനുവേണ്ടി ഇപ്പോൾ വെച്ചിരിക്കുന്നത്. അദ്ദേഹം ഇവിടെ വന്നിട്ടുണ്ടോ എന്നതിനെക്കുറിച്ച് ഇതുവരെ ആർക്കും നിശ്ചയമില്ല. മുഖ്യമന്ത്രി പറഞ്ഞത് മാത്രമേ നമുക്കും അറിയാവൂ.

ഏതായാലും അദ്ദേഹം ഇവിടെ എത്തിയിട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മാധവ് ഗാഡ്ഗിൽ തന്നെ കേരളത്തിൽ അധികം വന്നിട്ടില്ല. അദ്ദേഹം ഈ പറയുന്ന പ്രദേശങ്ങളിൽ പോയതായി ആർക്കും അറിവില്ല. 2012 ജൂലൈ 1-ാം തീയതി ഇതേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പൈതൃക മേഖലകളുടെ പ്രഖ്യാപനം വന്നത്. ജനങ്ങൾ വലിയ ആശങ്കയിലാണെന്നുള്ളതാണ് ഇവിടത്തെ ഏറ്റവും വലിയ പ്രശ്നം. എല്ലാം ഉപേക്ഷിച്ച് പോകേണ്ടി വരുമോ എന്നുള്ള കടുത്ത ഭീതിയിലാണ് ജനങ്ങൾ. വന സംരക്ഷണ നിയമവും ഇ.എഫ്.എൽ. ആക്ടും ഇടുക്കിയിലെ ഒരു വിഭാഗം കർഷരെ പ്രയാസത്തിലാക്കിയിരിക്കുകയാണ്. സി.എച്ച്.ആർ. മേഖല എന്നുപറയുന്നത് 23 പഞ്ചായത്തുകൾ ചേർന്നതാണ്. ഉടുമ്പൻചോല, പീരുമേട് താലൂക്കുകളിലുള്ള 23 പഞ്ചായത്തുകളിലെ കർഷകരെല്ലാം ആശങ്കയിലാണ്. അവിടത്തെ പ്രശ്നമെന്താണെന്നുവച്ചാൽ കർഷകന് പട്ടയം ലഭിക്കുന്നില്ല. വീട് പണിയാനോ ബാങ്ക് വായ്പ എടുക്കാനോ ഭൂമികൈമാറ്റം നടത്താനോ സ്വന്തമായി വച്ചുപിടിപ്പിച്ച മരങ്ങൾ പോലും മുറിക്കാനോ സാധിക്കാത്ത അവസ്ഥയാണുള്ളത്. ഇവിടെ ഈ നിയമങ്ങളൊക്കെ ആദ്യം വന്നത് ആട്ടിൻകുട്ടികൾ പോലെ വളരെ സൗമ്യമായിട്ടാണ്. ആളുകൾക്കാർക്കും ഇതിനെക്കുറിച്ച് വലിയ അറിവില്ല. ഇ.എഫ്.എൽ.-നെക്കുറിച്ച് ആളുകൾക്ക് ഒരു സംശയവും തോന്നിയില്ല. സി.എച്ച്.ആർ മേഖലയിൽ പാരിസ്ഥിതിക സംരക്ഷണം വരണമെന്നുള്ള നിലയിൽ അവർ നിന്നു. ഇതിനകത്ത് ഗൂഢലക്ഷ്യങ്ങളുള്ള ആളുകൾകൂടി ഉൾപ്പെട്ടു. അവസാനം സംഭവിച്ചതെന്താണെന്നുചോദിച്ചാൽ ഒരു ഘട്ടം കഴിഞ്ഞപ്പോൾ ഇത് അതിന്റെ വിശ്വരൂപം പ്രാപിച്ചു. ആട്ടിൻ കുട്ടിയുടെ രൂപമായിരുന്നത്

ചെന്നായയുടെ രൂപത്തിൽ വന്ന് കർഷകന്റെ പിടലിക്ക് പിടിച്ചു. ഇപ്പോൾ ഇതിൽനിന്നും രക്ഷപ്പെടാൻ സാധിക്കാത്ത അവസ്ഥയാണ്. വയനാട്-മൈസൂർ റോഡിൽ രാത്രികാല ഗതാഗതം നിയന്ത്രിച്ചിരിക്കുകയാണ്. ഇത്തരത്തിൽ ഗതാഗതം നിയന്ത്രിക്കാൻ കാരണമെന്താണ്; രണ്ട് മാൻ ചത്തുപോയി എന്നുപറഞ്ഞുകൊണ്ട് ജില്ലാകളക്ടർ ഒരു ഓർഡർ ഇറക്കിയതാണ്. പിന്നീട് ആ ഓർഡർ സർക്കാരിന്റെ നിർദ്ദേശപ്രകാരം പിൻവലിച്ചു. ഓർഡർ പിൻവലിച്ചപ്പോൾ കോടതി അത് എതിർത്തു. ഇന്നുവരെ ആ റൂട്ടിൽ വണ്ടി ഓടാൻ തുടങ്ങിയില്ല. മലബാർ മേഖലയെ ബാധിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണിത്. വളരെ ചെറുതായി വരുന്ന ഇത്തരം കാര്യങ്ങൾ നമ്മൾ ശ്രദ്ധിച്ചില്ലെങ്കിൽ അവസാനം ഇത് നമ്മളേയുംകൊണ്ടു പോകും എന്നുള്ളതാണ് ഇതുവരെയുള്ള അനുഭവം. അതുകൊണ്ടാണ് ഇടുക്കിയിലും മലയോരങ്ങളിലുമുള്ള പാവപ്പെട്ട കർഷകർ പാനിക് ആകുന്നത്. അല്ലാതെ കർഷകനെ ആരും പാനിക് ആക്കുന്നതല്ല. അതിന് അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. കേന്ദ്രസർക്കാരും കേരള സർക്കാരും സംസ്ഥാന ഭരണകൂടങ്ങളും ജനപ്രതിനിധികളും രാഷ്ട്രീയ കക്ഷികളുമെല്ലാം ആശ്വാസ വാക്കുകൾ പറയുന്നുണ്ട്. നാളിതുവരെയുള്ള അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ കർഷ ജനത ഇത് വിശ്വസിക്കുകയില്ലായെന്നുള്ളതാണ് സത്യം. നിലനിൽക്കുന്ന നിയമം കൊണ്ടുതന്നെ ജീവിതം വഴിമുട്ടി നിൽക്കുന്ന ഇവർക്ക് ആത്മഹത്യല്ലാതെ മറ്റ് മാർഗ്ഗങ്ങളില്ലാത്ത അവസ്ഥയിലേക്കാണ് കാര്യങ്ങൾ എത്തിച്ചേർന്നിരിക്കുന്നത്. ആറ് സംസ്ഥാനങ്ങളിലെ കോടിക്കണക്കിന് ആളുകളുടെ നിലനിൽപ്പിനും അതിജീവനത്തിനുമുള്ള ഈ പോരാട്ടം വലിയ പ്രക്ഷോഭത്തിലേക്കും ഭരണകൂടങ്ങളുമായിട്ടുള്ള ഏറ്റുമുട്ടലിലേക്കും നീങ്ങാൻ സാധ്യതയുണ്ടെന്നുള്ളത് തള്ളിക്കളയാൻ സാധിക്കാത്ത

കാര്യമാണ്. പഞ്ചായത്ത് മുതൽ പാർലമെന്റ് വരെയുള്ള ഇതുമായി ബന്ധപ്പെട്ട മേഖലയിലെ ജനപ്രതിനിധികളും പൊതുജനങ്ങളും കർഷക സംഘടനകളുമായി ചർച്ച ചെയ്തുകൊണ്ടുവേണം റിപ്പോർട്ട് സമർപ്പിക്കാനെന്നാണ് ഗാഡ്ഗിൽ കമ്മിറ്റിയുടെ നിയമ ഉത്തരവിൽ പറയുന്നത്. എന്നാൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇവർ ആരോടും സംസാരിച്ചിട്ടില്ല, ഇവരെ ആരും കണ്ടതായും അറിയില്ല. ഒരു കാര്യം വളരെ ഉത്തരവാദിത്വത്തോടുകൂടി ഞാൻ പറയുകയാണ്. നമ്മുടെ പരിസ്ഥിതി സംഘടനകളിൽ പലതും കടലാസ് സംഘടനകളാണ്. പല സംഘടനകളും വിദേശ ഫണ്ട് സംഘടിപ്പിക്കാനായി രൂപം കൊടുത്തതാണ്. പരിസ്ഥിതി തീവ്രവാദികളും മൗലിക വാദികളുമായിട്ടുള്ള ഇവർ നല്ല വ്യവഹാര പ്രിയരാണ്. പണത്തിന്റെ കുത്തൊഴുക്കുകൂടി വരുമ്പോൾ ഇവരോട് പിടിച്ചുനിൽക്കാൻ പാവപ്പെട്ട മലയോര കർഷകന് എങ്ങനെയാണ് സാധിക്കുക; ഇവരോട് പിടിച്ചുനിൽക്കാൻ ഒരു കാരണവശാലും കഴിയുക യില്ല. ഇവരുടെ പ്രവർത്തനങ്ങളിൽ ദുരൂഹതയുണ്ട്. അതിനെക്കുറിച്ച് അന്വേഷിക്കാൻ സർക്കാർ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനു ള്ളത്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, ഗാഡ്ഗിൽ റിപ്പോർട്ടിന്റേ പേരിൽ കേരളത്തിലെ പരിസ്ഥിതി പ്രവർത്തകരെയും പരിസ്ഥിതി സംഘടനകളെയും ഇങ്ങനെ അടച്ചാക്ഷേപിക്കുന്ന് മര്യാദയല്ല.

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: സർ, എല്ലാ സംഘടനകളേയുമല്ല, ചില സംഘടനകളെയാണ് ഞാൻ സൂചിപ്പിച്ചത്. ചില സംഘടനകൾ വെറും കടലാസ് സംഘടനകളാണ്. ശ്രീ. ശ്രീരാമകൃഷ്ണൻ ഇതുസംബന്ധിച്ച് ശ്രീ.

എ.കെ. ബാലനോട് ചോദിച്ചാൽ അദ്ദേഹം പറഞ്ഞുതരും. അദ്ദേഹം ധാരാളം അനുഭവിച്ച ഒരു വ്യക്തിയാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: അങ്ങ് ഇവിടെ സൂചിപ്പിച്ച പ്രധാനപ്പെട്ടൊരുകാര്യം മൈസൂരിലേക്കുള്ള യാത്ര മുടങ്ങിയതുപോലെ ഇപ്പോൾ വയനാട്ടിലേക്കും കടക്കാൻ കഴിയാത്തൊരവസ്ഥയാണ്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് പ്രകാരം സോൺ ഒന്നായി പ്രഖ്യാപിക്കുന്ന പ്രദേശങ്ങളിലേക്ക് ആനകളും കാട്ടുമൃഗങ്ങളും വരാതിരിക്കാൻ എങ്ങനെ കിടങ്ങുകീറിയും മതിൽകെട്ടിയും സംരക്ഷിക്കണമെന്ന് ഇന്നലെ നിയമസഭയിൽ പറഞ്ഞു. അതുപോലെതന്നെ സോൺ ഒന്നായി പ്രഖ്യാപിച്ച സ്ഥലത്തേക്ക് മനുഷ്യർക്ക് കടക്കാൻ പറ്റാത്തൊരു സാഹചര്യംകൂടി സൃഷ്ടിച്ചാൽ ആ പ്രദേശത്തേക്കുള്ള ഗതാഗത മാർഗ്ഗങ്ങൾ തന്നെ തടസ്സപ്പെടുന്ന വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രീ. ജോസഫ് വാഴക്കൻ: അതൊക്കെ സത്യമാണ്. ആരെയും പാനിക് ആകാൻ വേണ്ടി പറയുന്നതല്ല. ഇതൊക്കെ നമ്മുടെ മുമ്പിലുള്ള അനുഭവങ്ങളാണ്, ഇതൊക്കെയാണ് സാധാരണയായി നടന്നുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: ബയോഡൈവേഴ്സിറ്റി ബോർഡിനെപ്പറ്റിയാണ് അങ്ങ് ഇവിടെ പറഞ്ഞത്. യഥാർത്ഥത്തിൽ ഇപ്പോൾ ബയോഡൈവേഴ്സിറ്റി ബോർഡ് യാതൊരുവിധ നിയന്ത്രണവുമില്ലാതെ തോന്നിയതുപോലെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന്റെ ഭാഗമായി ബയോഡൈവേർസിറ്റി ബോർഡ് നൽകിയിരിക്കുന്ന റിപ്പോർട്ടിൽ ശാന്തൻപാറ പഞ്ചായത്തിൽ ഏലം കൃഷി ചെയ്യാൻ പാടില്ലെന്ന നിർദ്ദേശമാണ് നൽകിയിരിക്കുന്നത്. കുമിളി മുതൽ പത്തുകിലോമീറ്റർ വീതിയിൽ മതികെട്ടാൻ വരെയുള്ള പ്രദേശത്തെ എല്ലാ ജനങ്ങളേയും

ഒഴിവാക്കി ആനയുടെ സഞ്ചാര പാത നിർമ്മിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഈ നിലയിലുള്ള നിർദ്ദേശങ്ങളാണ് അവർ മുന്നോട്ടുവച്ചിരിക്കുന്നതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രീ. ജോസഫ് വാഴക്കൻ: തീർച്ചയായും, ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെ തെറ്റിദ്ധരിപ്പിച്ചതിനുപിന്നിൽ പ്രവർത്തിച്ച ശക്തികളിലൊന്ന് ഈ ബയോഡൈവേർസിറ്റി ബോർഡാണ്.

ശ്രീ. ഹൈബി ഈഡൻ: ഫോറസ്റ്റ് കൺസർവേഷൻ ആക്ട്, വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട്, ഇ.എഫ്.എൽ. ആക്ട് ഇതെല്ലാം റെസ്ട്രിക്റ്റഡായിട്ടുള്ള നിയമങ്ങളാണ്. പക്ഷേ, എൺവയോൺമെന്റ് പ്രൊട്ടക്ഷൻ ആക്ടിന്റെ കീഴിലാണ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് വരുന്നത്. അതുകൊണ്ട് ഇത് കർശനമായ റെസ്ട്രിക്ടീവ് നിയമങ്ങളുടെ കീഴിലല്ലെന്നും ഇതൊരു റെഗുലേറ്ററി ആക്ട് മാത്രമാണെന്നുമുള്ള കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രീ. ജോസഫ് വാഴക്കൻ: ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇതെല്ലാം ആട്ടിൻകുഞ്ഞുങ്ങളെപ്പോലെ സൗമ്യമായി വരികയും ഒരു ഘട്ടം കഴിയുമ്പോഴേക്കും അവരുടെ വിശ്വരൂപം പ്രാപിച്ച് ചെന്നായ ആയി മാറുന്ന സ്ഥിതിയുമാണുള്ളത്. പിന്നീട് ഇവിടത്തെ ഉദ്യോഗസ്ഥന്മാർ ഇതെല്ലാം ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ സോൺ ഒന്നിൽപ്പെട്ട പഞ്ചായത്തുകളോ താലൂക്കുകളോ ആയതുകൊണ്ട് അവിടെ യാതൊന്നും ചെയ്യാൻ പറ്റില്ലെന്നു പറയുന്ന സ്ഥിതിയിലേക്ക് മാറും. ഈ ഭാഗത്തെ ഒരു ഉദ്യോഗസ്ഥൻ പോലും പിന്നീട് അനങ്ങുകയില്ല.

ശ്രീ. സി. മോയിൻകുട്ടി: എനിക്ക് വളരെ നന്നായി അറിയാവുന്ന ഒരു മണ്ഡലമാണ് തിരുവമ്പാടി. കറുത്ത മണ്ണ് തേടി ആയിരക്കണക്കിന് കുടുംബ

ങ്ങളാണ് അവിടെ താമസിക്കുന്നത്. മൂന്നും നാലും പഞ്ചായത്തുകളിലെ ജന ജീവിതം തന്നെ നഷ്ടപ്പെടുന്ന രൂപത്തിൽ പലായനം ചെയ്യേണ്ടൊരു ഗതികേടിലേക്കാണ് ആ നാട് പോകുന്നത്. അതോടൊപ്പം തന്നെ വയനാട്ടിലെ പല പഞ്ചായത്തുകളും. ആയിരക്കണക്കിന് നാളികേര-അടയ്ക്ക കൃഷിക്കാരുടെ ഏക്കർകണക്കിന് സ്ഥലം നഷ്ടപ്പെട്ടിട്ടുണ്ടെന്നുമാത്രമല്ല, ഉരുൾപൊട്ടലിന്റെ ദുരന്തം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു മണ്ഡലം കൂടി യാണ് അതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജോസഫ് വാഴക്കൻ: തീർച്ചയായും ഇതേപോലെ തന്നെ നമ്മുടെ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ കിടക്കുകയാണിത്. ഈ ഭാഗ ങ്ങളിലെല്ലാം മലയോരങ്ങളിൽ ഇതേ പ്രശ്നമാണുള്ളത്. ഒരുകാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പതിറ്റാണ്ടുകളായി ഉണ്ടായിരുന്നതെല്ലാം വിറ്റുപെറുക്കി നാടിന്റെ നാനാഭാഗങ്ങളിൽ നിന്നും കേരളത്തിന്റെ ഹൈറേഞ്ച് മേഖലകളിലേക്ക് കുടിയേറ്റം നടത്തിയവരും ആ മണ്ണിൽ ജനിച്ചുവളർന്നവരു മായ കർഷകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ഒരുജനത സർവ്വതും ആ മണ്ണിൽ സമർപ്പിച്ച് മണ്ണിനോടും വ്യാധികളോടും മല്ലടിച്ച് പ്രകൃതിയിൽ ഉണ്ടാകാവുന്ന എല്ലാ വെല്ലുവിളികളെയും അതിജീവിച്ചും അതിന് കീഴിട ങ്ങിയും ജീവിതം കരുപ്പിടിപ്പിക്കാൻ ശ്രമിച്ചവരാണ് കർഷകർ. ആ കർഷകർക്ക് കാരുണ്യവും നീതിയും ജീവിക്കാനുള്ള അവകാശവും നിഷേധി ക്കുന്ന ഒരു നിലപാട് ആരെടുത്താലും അത് അംഗീകരിക്കാനാവില്ല. അത് അംഗീകരിക്കാൻ ഞങ്ങൾ തയ്യാറുമല്ല. ഒരുവലിയ ജനവിഭാഗത്തിന്റെ നില നിൽപ്പിനെയും അതിജീവനത്തേയും ബാധിക്കുന്ന ഈ വിഷയത്തിൽ ഈ സഭ ഒന്നായി ഒറ്റകെട്ടായി ചെറുക്കണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. ഇതെല്ലാം അനന്തരതലമുറയ്ക്കു വേണ്ടിയാണെന്നാണ് ചിലർ

പറയുന്നത് എല്ലാം അനന്തരതലമുറയ്ക്കാണ്, സത്യമാണ്. ഇവിടെ എല്ലാവരും ജീവിക്കുന്നത് അനന്തരതലമുറയ്ക്കുവേണ്ടിയാണ്. പക്ഷേ, ഈ തലമുറ ജീവനോടെ അവശേഷിച്ചാൽ മാത്രമല്ലേ അടുത്ത തലമുറയ്ക്ക് നമ്മൾ ജന്മം കൊടുക്കാൻ കഴിയൂ. ഇതെല്ലാം അടുത്ത സഹസ്രാബ്ദത്തി ലേക്കുള്ള കരുതലാണെന്നാണ് മറ്റുചിലർ പറയുന്നത്. ശരിയാണ്. ഈ നൂറ്റാണ്ടിൽ ജീവിക്കുന്നവർക്ക് തലചായ്ക്കാൻ ഇടം നൽകാതെ എങ്ങനെ നമുക്ക് സഹസ്രാബ്ദങ്ങളെക്കുറിച്ചുള്ള സ്വപ്നം കാണാൻ കഴിയും? എല്ലാ ജീവജാലങ്ങൾക്കും പക്ഷിമൃഗാദികൾക്കും വൃക്ഷലതാദികൾക്കും ഈ മണ്ണിൽ യഥേഷ്ടം വളരാനുള്ള അവകാശമുണ്ട്. 100 ശതമാനവും അതിനെ ഞാൻ അംഗീകരിക്കുന്നു. പക്ഷേ, ആ കൂട്ടത്തിൽ പാവപ്പെട്ട കർഷകർക്കു കൂടി എവിടെയെങ്കിലും ചുരുണ്ടുകൂടി കിടക്കാനുള്ള, ജീവിക്കാനുള്ള അനുവാദം നൽകണം. പുഴയും മലകളും അവിടെയുള്ള ജൈവവൈവിദ്ധ്യ ങ്ങളും കാത്തുസൂക്ഷിക്കാൻ കഴിയണം. തീർച്ചയായും ഒരുകാര്യം മറക്കരുത്. ഈ പ്രകൃതിയേയും ജൈവവൈവിധ്യങ്ങളേയും ഇത്രയും കാലം ഈ ഭൂമി യിൽ പരിരക്ഷിച്ചതും കാത്തുസൂക്ഷിച്ചതും ഈ പാവപ്പെട്ട കർഷകൻ തന്നെ യാണ്. അവനെ കയ്യേറ്റക്കാരനും തട്ടിപ്പുകാരനും പ്രകൃതിവിരുദ്ധനുമാക്കി ചിത്രീകരിക്കുന്നത് ക്രൂരമാണ്. ജനങ്ങളുടെമേൽ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിച്ചല്ല പ്രകൃതിയെ സംരക്ഷിക്കേണ്ടത്. അതിനായി ജനങ്ങളെ വിശ്വാസത്തിലെടുത്തും അവകാശങ്ങൾ സംരക്ഷിച്ചും സഹകരണം തേടിയും മനോഭാവങ്ങളിൽ മാറ്റം വരുത്തുവാനുള്ള സഹായമാണ് നൽകേ ണ്ടത്. കേരള സർക്കാർ ഈ കാര്യത്തിൽ എടുത്ത നിലപാട് വളരെ സ്വാഗതാർഹമാണ്. കേരള മുഖ്യമന്ത്രിയേയും സർക്കാരിനേയും അക്കാര്യ

ത്തിൽ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കേരള സർക്കാർ കേന്ദ്രത്തിനയച്ച കത്തിൽ പലകാര്യങ്ങളിലും വ്യക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. പശ്ചിമഘട്ടത്തെ പാരിസ്ഥിതിക കാഴ്ചപ്പാടിൽ മാത്രം സോണുകളായി തിരിക്കുന്നത് അംഗീകരിക്കാനാവില്ലെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കാണാതെയുള്ള ഈ വേർതിരിവുകൾ അശാസ്ത്രീയമാണെന്ന നിലപാടും സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിനായി നിരവധി നിയമങ്ങൾ ഇപ്പോൾതന്നെ സംസ്ഥാനത്തുണ്ട്. ഈ സാഹചര്യത്തിൽ ഇനിയൊരു അതോറിറ്റി കൂടി പരിസ്ഥിതി സംരക്ഷിക്കാൻ ആവശ്യമില്ലെന്നുള്ളതാണ് സംസ്ഥാന സർക്കാർ അയച്ച കത്തിൽ നിന്നും എനിക്ക് മനസ്സിലായത്. അതിനോട് നൂറുശതമാനം ഞാൻ യോജിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: ബഹുമാനപ്പെട്ട ശ്രീ. ജോസഫ് വാഴക്കൻ വന്യജീവി സംരക്ഷണനിയമത്തെക്കുറിച്ചും വനസംരക്ഷണ നിയമത്തെക്കുറിച്ചും പറഞ്ഞു. 1973-ലും 1980 ലും ശ്രീമതി ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലാണ് ലോകത്തിലെ തന്നെ ഏറ്റവും കർക്കശമായ ഈ രണ്ട് നിയമങ്ങൾ പാർലമെന്റ് പാസ്സാക്കിയത്. ബഹുമാനപ്പെട്ട ജോസഫ് വാഴക്കനോട് എനിക്ക് ചോദിക്കാനുള്ളത് ഈ രണ്ട് നിയമങ്ങൾ നമ്മുടെ രാജ്യത്തില്ലായിരുന്നുവെങ്കിൽ എല്ലാ മൃഗങ്ങളും വേട്ടയാടപ്പെടലിന് വിധേയമാകുമായിരുന്നു. നമ്മുടെ മരങ്ങൾ മുഴുവൻ വെട്ടിവെളിപ്പിക്കുമായിരുന്നു. നമ്മുടെ നദികളിൽ ഒരുതുള്ളിവെള്ളം പോലും ഉണ്ടാകുമായിരുന്നില്ല. അപ്പോൾ വരാനിരിക്കുന്ന തലമുറയ്ക്കുവേണ്ടി മാത്രമല്ല, ഈ തലമുറയ്ക്കുപോലും ജീവിക്കാൻ

കഴിയാത്ത സാഹചര്യം ഈ രണ്ട് പ്രധാനപ്പെട്ട നിയമങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഉണ്ടാകുമായിരുന്നില്ലേ; വെള്ളം കുടിക്കാതെ കഷ്ടപ്പെടുമായിരുന്നില്ലേ, കർഷകർ എവിടെ കൃഷി ചെയ്യുമായിരുന്നു. ഈ നദികളിൽ എവിടെ വെള്ളമുണ്ടാകുമായിരുന്നു. ഈ പശ്ചിമഘട്ടം മലനിരകൾ മുഴുവൻ തകർന്നു പോയിരുന്നെങ്കിൽ അവിടെനിന്ന് ഒഴുകിയിരുന്ന 41 നദികളുമില്ലാതായി എവിടെ കർഷകർ കൃഷിചെയ്യുമായിരുന്നു. കർഷകൻ മണ്ണിന്റെ മകനാണ് മണ്ണിനോട് അഭേദ്യമായ ബന്ധമുള്ളവനാണ്. പ്രകൃതിയുടെ ഭാഗമാണ് കർഷകൻ. കർഷകനെ ഈ നിയമത്തിൽ നിന്ന് മാറ്റി നിർത്താൻ കഴിയില്ല. ഇത് കർഷകനുകൂടി വേണ്ടി ഉണ്ടാക്കപ്പെട്ടിട്ടുള്ള നിയമമല്ലേ?

ശ്രീ. ജോസഫ് വാഴക്കൻ: 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ടിനെ ഇപ്പോഴും അംഗീകരിക്കുന്നുവെങ്കിൽപോലും ആ ആക്ടിന്റെ മറവിൽ പലഭാഗത്തും കർഷകനോട് ഗുണ്ടായിസം കാണിക്കുന്നവെന്ന അഭിപ്രായക്കാരനാണ്. പല സ്ഥലങ്ങളിലും കർഷകനോട് മര്യാദ കാണിക്കുന്നില്ല. ജണ്ട കെട്ടുന്നതിനുപുറത്തുള്ള കർഷകന്റെ ഭൂമിക്ക് പല സ്ഥലങ്ങളിലും സംരക്ഷണം കൊടുക്കുന്നില്ല. ഇപ്പോൾ വനഭൂമിയുമായി അടുത്തു കിടക്കുന്ന പ്രദേശങ്ങളിൽ കേരളത്തിന്റെ .............

ശ്രീ. സി. പി. മുഹമ്മദ്: വരാനിരിക്കുന്ന തലമുറയെയല്ല, ജീവിച്ചിരിക്കുന്നവരെയാണ് നോക്കേണ്ടതെന്ന് അങ്ങ് ഇവിടെ പറഞ്ഞു. പക്ഷേ നമ്മുടെ പൂർവ്വികന്മാർ അങ്ങനെ വിചാരിച്ചിരുന്നുവെങ്കിൽ ഇന്ന് ഇങ്ങനെ പറയാൻ അവസരമുണ്ടാകുമായിരുന്നോ എന്നുകൂടി ചിന്തിക്കേണ്ടതല്ലേ;. അതുകൊണ്ട് ബഹുമാനപ്പെട്ട അങ്ങും ശ്രീ. കോടിയേരി ബാലകൃഷ്ണനും ഇവിടെ പറഞ്ഞതുപോലെ കൃഷിക്കാരുടെ ദുരിതവും പ്രയാസങ്ങളും പരിഹരിക്കുന്ന

തിനോടൊപ്പം രാജ്യത്തെ നിയമങ്ങൾ ആരെങ്കിലും ദുരുപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ നിയങ്ങളേ വേണ്ട, പരിസ്ഥിതി സംരക്ഷണമേ വേണ്ട എന്ന അർത്ഥത്തിലേക്ക് ഇത് പോകാൻ പാടുണ്ടോ?

ശ്രീ. ജോസഫ് വാഴക്കൻ: വരാനിരിക്കുന്ന തലമുറയ്ക്കുവേണ്ടി ജീവിക്കണ്ടാ എന്നല്ല ഞാൻ പറഞ്ഞത്. വരാൻ പോകുന്ന തലമുറയ്ക്കുവേണ്ടി തന്നെയാണ് ഞാൻ സംസാരിക്കുന്നത്. പക്ഷേ ഈ തലമുറ ജീവിച്ചിരുന്നാലല്ലേ വരുംതലമുറ ഉണ്ടാവുകയുള്ളൂ. അതിനുമുമ്പ് ഈ തലമുറയെ മരിക്കാൻ അനുവദിക്കണമോയെന്നാണ് ഞാൻ ചോദിക്കുന്നത്. കേരളത്തിന്റെ ആകെ ഭൂവിസ്തൃതിയിൽ 56 ശതമാനം പശ്ചിമഘട്ടമാണ്. 38,863 സ്ക്വയർ കിലോമീറ്റർ. 14 ശതമാനം ഭൂമി മറ്റുപലതരത്തിലും എടുത്തിട്ടുള്ള ഭൂമിയാണ്. ഫലത്തിൽ ജനവാസത്തിനും കൃഷിക്കും വികസനത്തിനുമായി മിച്ചം കിട്ടുന്നത് വെറും 30 ശതമാനം ഭൂമി മാത്രമാണ്. ഈ പശ്ചിമഘട്ട പരിസ്ഥിതി അതോറിറ്റി രൂപീകരിച്ചതിലൂടെ പുതിയൊരു അധികാരകേന്ദ്രമായി ഇത് മാറിയിരിക്കുകയാണ്. ഗാഡ്ഗിൽ റിപ്പോർട്ട് പ്രകാരം പ്രത്യേക അധികാരമുള്ള ഈ അതോറിറ്റി സംസ്ഥാന സർക്കാരുകളും തമ്മിൽ അഭിപ്രായ വ്യത്യാസത്തിന് വഴിവയ്ക്കും.

ശ്രീ. പി. സി. ജോർജ്: സർ, 1980-ലെ വന നിയമം കൊണ്ടാണ് ഈ രാജ്യം രക്ഷപ്പെട്ടതെന്ന് ബഹുമാനപ്പെട്ട ജോസഫ് വാഴക്കൻ പറയുന്നു. അല്ല, അത് വസ്തുതാവിരുദ്ധമാണ്. കേരളത്തിലെ ജനങ്ങൾക്ക് വന സംരക്ഷണം വേണമെന്നുപറഞ്ഞ് 01-01-1977-ന് ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ കേരളത്തിലെ മുഴുവൻ രാഷ്ട്രീയ കക്ഷികളും തീരുമാനമെടുത്തു. അതോടുകൂടി വനം കയ്യേറ്റം അവസാനിച്ചു. ഇതാണ് സത്യം. അങ്ങ്

മനസ്സിലാക്കണം. ഈ വനനിയമം വന്നുകഴിഞ്ഞ് സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പട്ടയം കൊടുക്കാൻ പറഞ്ഞ പ്രദേശത്ത് നിന്നുകൂടി ജനം ഇറങ്ങിപ്പോകണമെന്നാണ് ഗാഡ്ഗിൽ....

മി. ചെയർമാൻ: അങ്ങ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുക. ഏത് റൂളാണെന്നുള്ളത്. അങ്ങേയ്ക്ക് സംസാരിക്കാനുള്ള സമയമല്ല. ജോസഫ് വാഴക്കൻ സംസാരിക്കുക.

ശ്രീ. പി. സി. ജോർജ്: ......റിപ്പോർട്ട്. ഇത് ശരിയാണെന്ന വസ്തുത അങ്ങേയ്ക്ക് അറിയാമോ? ഇതാണ് എന്റെ പോയിന്റ്.

ശ്രീ. ജോസഫ് വാഴക്കൻ: ഇക്കളോജിക്കലി സെൻസിറ്റീവ് സോണുകൾ, ആ സോണുകളെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. അത് നേരത്തെ ഇവിടെ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതാണ്. ആ സോണുകളിൽ ഒന്നാമത്തെ സോണിൽ വരുന്ന സ്ഥലങ്ങളിൽ

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിയുകയാണ്.

ശ്രീ. ജോസഫ് വാഴക്കൻ: ജനവാസം ശ്രീ. ഗാഡ്ഗിൽ പ്രതീക്ഷിക്കുന്നുവെന്നാണ്.

മി. ചെയർമാൻ: മൈക്ക് ഓഫ് ചെയ്യേണ്ടി വരും അങ്ങയുടെ സമയം കഴിഞ്ഞു. അവസാനിപ്പിക്കണം. 8 മിനിറ്റ് കഴിഞ്ഞിരിക്കുകയാണ്. ഇനിയും അനുവദിക്കാൻ സാധിക്കില്ല. പ്രമേയ അവതാരകന് കൊടുത്തിരിക്കുന്നതു പോലെ സമയം തരാൻ സാദ്ധ്യമല്ല. അങ്ങേയ്ക്ക് തന്നിരിക്കുന്ന 10 മിനിറ്റ് കഴിഞ്ഞ് 8 മിനിറ്റ് കൂടി കഴിഞ്ഞിരിക്കുകയാണ്. ഇനി അനുവദിക്കാൻ സാധിക്കില്ല. അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. ജോസഫ് വാഴക്കൻ: 20-ാം നൂറ്റാണ്ടിന്റെ മധ്യദശകങ്ങളിൽ ലോകത്താകമാനമുണ്ടായ സാമ്പത്തിക മാന്ദ്യത്തെയും ഭക്ഷ്യക്ഷാമത്തെയും നേരിടണം ...

മി. ചെയർമാൻ: അനുവദിച്ചതിനേക്കാൾ കൂടുതൽ സമയം അനുവദിക്കാൻ സാധ്യമല്ല.

ശ്രീ. ജോസഫ് വാഴക്കൻ: ഒരു മിനിറ്റേയുള്ളൂ.

മി. ചെയർമാൻ: അങ്ങ് ഈ പോയിന്റ് പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. ജോസഫ് വാഴക്കൻ: മലയോര മേഖലയിലേക്ക് വ്യാപകമായ കുടിയേറ്റമുണ്ടായത്. ഗ്രോ മോർ ഫുഡ് തുടങ്ങിയ കാലത്ത് സർക്കാരുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായിട്ടാണ് ഇൻസെന്റീവ് പോലും കൊടുത്ത് സൗജന്യ സ്ഥലം നൽകി കർഷകനെ ഇങ്ങോട്ട് അയച്ചത്. തനിക്കുള്ളതെല്ലാം ഈ മണ്ണിൽ സമർപ്പിച്ച് അവന് തിരിച്ചുപോകാൻ ഇനി ഒരിടമില്ല. നിരാലംബരായ, നിരാശ്രയരായ ഈ കർഷക ജനതയോടൊപ്പം.....

മി. ചെയർമാൻ: അങ്ങ് കൺക്ലൂഡ് ചെയ്യണം. ഞാൻ അടുത്ത ആളെ വിളിക്കാൻ പോകുകയാണ്.

ശ്രീ. ജോസഫ് വാഴക്കൻ: ഈ പ്രതിസന്ധിയിൽ താങ്ങായി നിൽക്കാൻ ഈ സഭയ്ക്ക് ബാദ്ധ്യതയുണ്ടെന്ന് ഞാൻ വിശ്വസിക്കുകയാണ്. ഇക്കളോജിക്കലി സെൻസിറ്റീവ് സോണിൽപ്പെടുത്തി ഗാഡ്ഗിൽ കണ്ടെത്തിയ പ്രദേശങ്ങളിലെ നിർമ്മാണപ്രവർത്തനങ്ങൾ ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്നും ഗ്രീൻ ട്രൈബ്യൂണൽ ഇടക്കാല ഉത്തരവ് നൽകിക്കഴിഞ്ഞു, എന്നുവച്ചാൽ ആക്ഷനിലേക്ക് വന്നുകഴിഞ്ഞു.

മി. ചെയർമാൻ: ഞാൻ അടുത്ത ആളെ വിളിക്കാൻ പോകുകയാണ്. അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. ജോസഫ് വാഴക്കൻ: അതുകൊണ്ട് ഈ സർക്കാർ ഇതിനെതിരായി അപ്പീൽ നൽകി

മി. ചെയർമാൻ: യെസ്.....ശ്രീ. മുല്ലക്കര രത്നാകരൻ ..അങ്ങ് പ്രസംഗിക്കേണ്ടതാണ്.

ശ്രീ. ജോസഫ് വാഴക്കൻ: ഈ കർഷക ജനതയെ രക്ഷിക്കണമെന്നാണ് എനിക്ക് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്. ഈ റിപ്പോർട്ട് കഴിയുമെങ്കിൽ........(മൈക്ക് ഓഫ്)..........

മി. ചെയർമാൻ: ശ്രീ. മുല്ലക്കര രത്നാകരൻ അങ്ങേയ്ക്ക് 6 മിനിറ്റ്... അംഗങ്ങൾ പലരും തന്നതിനേക്കാൾ വളരെയധികം സമയം സംസാരിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാവരും ക്രമീകരിച്ച് സംസാരിക്കുന്നതാണ് ഉചിതം.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഈ സന്ധ്യാസമയത്ത് ഈ സഭയൊന്നാകെ ചർച്ച ചെയ്യപ്പെടുന്നത്. ഈ റിപ്പോട്ടിനെക്കുറിച്ച് ഞാൻ കാണുന്ന ഒരു പ്രത്യേകത, ഒരു പരിസ്ഥിതി സ്നേഹിയുടെ ഈ കാലത്തെ ലോകത്തെ പ്രത്യേകതകളിൽ നിന്ന് ആലോചിക്കുമ്പോൾ ഈ റിപ്പോർട്ട് സമ്പൂർണ്ണമായി ശരിയാണ്. എന്നാൽ നമ്മുടെ സമൂഹം എന്നുപറയുന്നത് പരിസ്ഥിതി മാത്രമല്ല, ജീവിതവുമായിക്കൂടി ബന്ധപ്പെട്ടതാണ്. ജീവിതവും വികസനവുമായി ബന്ധപ്പെട്ട് പശ്ചിമഘട്ടമെന്നുപറയുന്നത് പ്രത്യേകിച്ച്, അതിന്റെ കേരളത്തിലെ മേഖല ജനനിബിഡമായ കൃഷിയും മറ്റ് ഒരുപാട് കാര്യങ്ങളുമുള്ള ഒരു മേഖലയാണ്. സത്യത്തിൽ സാമൂഹ്യമായ ആ ഉത്തരവാദിത്വം കൂടി. അത് ഏറ്റവും കൂടുതലുള്ളത് ഗാഡ്ഗിൽ അല്ലെങ്കിൽ അത് രൂപീകരിച്ച ശാസ്ത്ര സമൂഹത്തേക്കാൾ കൂടുതൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്കാണ്. അതിൽ

ഏറ്റവും കൂടുതൽ ഉത്തരവാദിത്വം കേരളത്തിന് തരുന്നതെന്താണെന്നുവച്ചാൽ കേരളത്തിന്റെ പശ്ചിമഘട്ടത്തിലാണ് തമിഴ്നാടിനേക്കാൾ, കർണ്ണാടകത്തേക്കാൾ, ഗോവയേക്കാൾ, മഹാരാഷ്ട്രയേക്കാൾ, ഗുജറാത്തിനേക്കാൾ ജനവാസമുള്ളത്, കൃഷിയുള്ളത്. അതുകൊണ്ടുതന്നെ മറ്റേതുഗവൺമെന്റ് എടുക്കുന്ന ജനപക്ഷ സ്റ്റെപ്പിനേക്കാൾ കൂടുതൽ.......... ഇതിൽ പ്രത്യേകിച്ച് അത് നിയമസഭ മാത്രമല്ല, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ മാത്രമല്ല, കേരളത്തിന്റെ പൊതുസമൂഹത്തിന്റെ മുമ്പിൽ ഈ റിപ്പോർട്ട് ഇതിനുമുമ്പുതന്നെ ചർച്ചയ്ക്ക് വയ്ക്കേണ്ടതായിരുന്നു. അഭ്യൂഹങ്ങളുടെ പുറത്ത് ധാരാളം പ്രക്ഷോഭങ്ങളും അതിനാധാരമായ കാര്യങ്ങളും കേരളത്തിൽ നടക്കുകയാണ്. കേരളത്തിന്റെ അക്കാഡമിക് സമൂഹത്തിന്റെ മുമ്പിലും പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ മുമ്പിലും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ മുമ്പിലും ഈ പ്രദേശത്തുള്ള ഏറ്റവും പ്രധാനമായി ചർച്ചയ്ക്ക് വയ്ക്കേണ്ടത് പഞ്ചായത്തുകൾക്ക് മുമ്പിലാണ്. അവസാനമായി തീരുമാനം ഏത് ബയോഡൈവേഴ്സിറ്റി ഹോട്ട്സ്പോട്ടിനെക്കുറിച്ചും അവർ പറയുന്നത് എടുക്കേണ്ടത് അത് സെൻസിറ്റീവ് മേഖലയായി ഒന്നാമതാണെങ്കിലും രണ്ടാമതാണെങ്കിലും മൂന്നാമതാണെങ്കിലും അവിടെ ജീവിക്കുന്ന മനുഷ്യരും ആ ജീവിക്കുന്ന മനുഷ്യരോട് തൊട്ടുനിൽക്കുന്ന പഞ്ചായത്ത് സംവിധാനവും ആ പഞ്ചായത്ത് ഭരണാധികാരികളുമാണ്. അതിൽ മുനിസിപ്പാലിറ്റികളും ഉൾപ്പെടുന്നുണ്ടെങ്കിൽ അവരുമെടുക്കണം, പ്രാദേശിക സംവിധാനം.- അവർ എടുക്കുമ്പോൾ, ഞാൻ മനസ്സിലാക്കുന്നത് 500-ലധികം പേജുള്ള ഈ റിപ്പോർട്ടിൽ ഇരുപത്തെട്ടോ ഇരുപത്തൊൻപതോ പേജിലാണ് ഈ കൃഷിയും അതുമായി ബന്ധപ്പെട്ട വികസനവും വരുന്നത്. അതായത് വിയോജിപ്പിന്റെ മേഖല ഈ 500-ലധികം പേജുകളിൽ ഇരുപത്തെട്ടോ ഇരുപത്തൊൻപതോ പേജിലാണ്.

ബാക്കി പേജുകളിലെല്ലാം പശ്ചിമഘട്ടം നിലനിൽക്കേണ്ടത് നാളെ പശ്ചിമഘട്ടത്തിൽ മാത്രമല്ല, താഴെത്തട്ടിൽക്കൂടി ജീവിതം നിലനിൽക്കുന്നതിനാവശ്യമെന്ന് പറഞ്ഞിട്ടുണ്ട്. അത് ഇന്നത്തെ ലോകസാഹചര്യമനുസരിച്ച് ശരിയാണ്. ഇന്ന് ലോകത്ത് യുദ്ധം നടക്കുന്നതും നടക്കാൻ പോകുന്നതും പ്രകൃതിയും മനുഷ്യനും തമ്മിലാണ്. മനുഷ്യനും മനുഷ്യനും തമ്മിലുള്ള യുദ്ധവും മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള യുദ്ധവുമെല്ലാം ലോകത്ത് അവസാനിക്കുകയാണ്. ലോകത്ത് ഇനിയുള്ള യുദ്ധം മനുഷ്യനും മലയും മനുഷ്യനും പ്രകൃതിയും മനുഷ്യനും കാറ്റും മനുഷ്യനും സുനാമിയും മനുഷ്യനും മറ്റുള്ളവരും തമ്മിലായിരിക്കും. അങ്ങനെ മനുഷ്യനും പ്രകൃതിയും തമ്മിൽ യുദ്ധം നടക്കുന്ന ഒരു കാലത്ത് ആ യുദ്ധത്തെ ഇല്ലാതാക്കിക്കൊണ്ട് മാത്രമേ മനുഷ്യനും ജീവസമൂഹത്തിനും അവന്റെ ജീവിതവുമായി മുമ്പോട്ടുപോകാൻ സാധിക്കൂ. അമേരിക്കൻ പ്രസിഡന്റായിരുന്ന കെന്നഡിയുടെ പിൻഗാമി ജൂനിയർ കെന്നഡി പറഞ്ഞതെന്താണെന്നു വച്ചാൽ ലോകത്ത് ഇപ്പോൾ വെള്ളം ഒഴുകുന്നത് താഴോട്ടല്ല, ലോകത്ത് വെള്ളമൊഴുകുന്നത് പണത്തിന്റെ നേർക്കാണ്. നാളെ താഴോട്ട് വെള്ളമൊഴുകാൻ പശ്ചിമഘട്ടം തകരാറിലായാൽ ഉണ്ടാകില്ല പണമുണ്ടെങ്കിലും പണത്തിലേക്കും വെള്ളമൊഴുകാൻ കേരളത്തിലുണ്ടാകില്ല. കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യം, നമ്മൾക്ക് അഭിമാനകരമായതും, നമ്മൾ എല്ലാത്തിലും അന്യാശ്രയം കൊള്ളുമ്പോഴും നമ്മൾക്ക് അന്യാശ്രയമില്ലാതിരുന്ന കേരളത്തിന്റെ ഒരേ ഒരു കാര്യം ശുദ്ധമായ ജലമായിരുന്നു. എന്നാൽ കേരളം നാലഞ്ച് വർഷത്തിനകം ഈ തിരുവനന്തപുരം നഗരം ഉൾപ്പെടെ കുടിവെള്ളം കിട്ടാത്ത, പണമുണ്ടെങ്കിലും നല്ല വെള്ളം കിട്ടാത്ത മനുഷ്യർ താമസിക്കുന്ന ഇടമായി മാറി. ഇങ്ങനെ ഒരവസ്ഥയിൽ തീർച്ചയായും പീരുമേട്ടിലേയും

വയനാട്ടിലേയും തൊടുപുഴയിലേയും റാന്നിയിലേയും ജീവിതം നില നിൽക്കണം. ആ ജീവിതം നിലനിൽക്കുന്നതിനാധാരമായ സംഗതി കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ ഈ റിപ്പോർട്ട് അംഗീകരിച്ചത് റദ്ദാക്കേണ്ടത് അവരാണ്. ഉന്നയിക്കേണ്ട കാര്യം തീർച്ചയായും ഉന്നയിക്കപ്പെടണം. ഇവിടെ കേരള ഗവൺമെന്റ് മറുപടി അയച്ചതിന്റെ ആദ്യ ഭാഗം കേളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പറഞ്ഞു. അതിൽ സാമാന്യമായി വിവരിച്ചിട്ടുണ്ട്. എന്നാൽ അതിൽ ധാരാളം കാര്യങ്ങളിൽ വ്യക്തത വരുത്തേ ണ്ടതുണ്ട്. ഇപ്പോൾ ഈ മേഖലയിൽ പ്ലാസ്റ്റിക് 3 വർഷം കൊണ്ട് നിരോധിക്ക ണമെന്ന് പറഞ്ഞിട്ടുണ്ട്. അത് പശ്ചിമഘട്ടത്തിന്റെ പ്രകൃതിക്ക് ആവശ്യമാ ണെന്ന് പറഞ്ഞിട്ടുണ്ട്. ഞാൻ പറയുന്നത് അതിനൊരു യജ്ഞം നമുക്ക് എടുത്തുകൂടേ? കേരളത്തിൽ മൊത്തം പ്ലാസ്റ്റിക്രഹിതമായ കേരളമെന്നുള്ളത് നമ്മുടെ മുദ്രാവാക്യമാണ്. അങ്ങനെയാണെങ്കിൽ ഈ സെൻസിറ്റീവ് പ്രദേശത്ത് പ്ലാസ്റ്റിക്രഹിതമായ ഒരു പശ്ചിമഘട്ടം, പ്ലാസ്റ്റിക് രഹിതമായ പശ്ചിമഘട്ടമെന്ന് പറയുന്നത് നമ്മൾ മാത്രമല്ല, നമ്മുടെ പശ്ചിമ ഘട്ടത്തിന്റെ വിശുദ്ധി നിലനിർത്തിയാൽ പ്രാഥമികാവസ്ഥയിൽ ഓരോ വർഷവും 3000 കോടി രൂപയുടെ എങ്കിലും ആയുർവ്വേദ മരുന്നിന്റെ അസം സ്കൃത വസ്തു ആരും ഉൽപ്പാദിപ്പിക്കാതെ കാട് ഉൽപ്പാദിപ്പിച്ച് തരുമെന്ന് 2005-ൽ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് കേരള ത്തിൽ സ്വാമിനാഥൻ സമർപ്പിച്ച കേരളത്തിന്റെ കാർഷികോൽപ്പാദന റിപ്പോർട്ടിലുണ്ട്. നമ്മുടെ സാദ്ധ്യതകൾ നിലനിർത്തുമ്പോൾ തീർച്ചയായും അവിടെ നമുക്ക് റോഡ് വേണം, വീട് വേണം, പട്ടയം വേണം. അവർക്ക് കൃഷി ചെയ്യാനുള്ള സൗകര്യം വേണം. എന്നാൽ കൃഷി ചെയ്യാനുള്ള സൗക ര്യത്തിൽ ഈ മാധവ് ഗാഡ്ഗിൽ റിപ്പോർട്ടിൽ പറയുന്നത് ഇടുക്കിയും

വയനാട് മേഖലയിലുമെങ്കിലും അത് ജൈവ കൃഷിയിലേക്ക് പോകണമെന്നാണ്. ആന്ധ്രാപ്രദേശിൽ ജൈവ കൃഷിയിലേക്ക് സഞ്ചരിച്ചത് 32 ലക്ഷം ഹെക്ടറാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ജൈവ കൃഷി ഇന്ന് ചെയ്യുന്നത് ആന്ധ്രയിലാണ്. 32 ലക്ഷം ഹെക്ടർ ഇന്ന് ആന്ധ്രയിൽ ജൈവ കൃഷി ചെയ്യുകയാണ്. അവിടെ മാത്രമാണ് കർഷകർ ആത്മഹത്യ ചെയ്യാത്തത്. അതിന് നേതൃത്വം കൊടുക്കുന്നത് അര മലയാളിയായ വിജയകുമാർ എന്നു പറയുന്ന ഒരു ഐ. എ. എസ്. ഉദ്യോഗസ്ഥനാണ്. ഇടുക്കി ജില്ലയിലെ മലകൾ കൺസർവ് ചെയ്യുന്നതിനും കുടുവെള്ളം കൺസർവ് ചെയ്യുന്നതിനുമായി ഒരു പ്രത്യേക ഫണ്ട് അത് ചെയ്യുന്ന കർഷകന് കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിനോട് നമുക്ക് അത് ആവശ്യപ്പെട്ടുകൂടേ? നമുക്ക് വയനാട് ജില്ലയും ഇടുക്കി ജില്ലയും ജൈവ കൃഷി ചെയ്യുന്ന ജില്ലയാക്കി ഭക്ഷ്യോത്പാദന മേഖലയിലെങ്കിലും മാറ്റിയാൽ അത് കേരളത്തിന്റെ അഭിമാനമല്ലേ? ഞാൻ പറയുന്നത് ഇതിൽ ഏതൊക്കെയാണ് നമുക്ക് സ്വീകരിക്കാവുന്നത്; ഏതൊക്കെയാണ് നമുക്ക് പ്രയാസമാകുന്നത്; അവർ പറയുന്നത് 3 വർഷം കൊണ്ട് ജൈവ കൃഷിയാക്കണമെന്നാണ് അല്ല 5 വർഷം കൊണ്ട് ആക്കണമെന്ന്.. ഞാൻ പറയുന്നു, കാലം നമുക്ക് കുറച്ചുകൂടെ വേണമെന്നുവച്ചോ കേരളത്തിലെ .......

ശ്രീ. വി. ടി. ബൽറാം: സർ, കർഷകർക്ക് ഗുണം കിട്ടുന്ന ധാരാളം കാര്യങ്ങൾ ഈ മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലുണ്ടെന്നും ജൈവ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്പെഷ്യൽ ഇൻസെന്റീവ് കർഷകർക്ക് കൊടുക്കണമെന്നും അതുപോലെതന്നെ കാലി വളർത്തൽ അടക്കമുള്ള കാര്യങ്ങൾക്ക് പ്രത്യേകമായ പ്രോത്സാഹനം നൽകണ

മെന്നുമുള്ള കാര്യങ്ങൾ ഈ റിപ്പോർട്ടിലുണ്ടെന്നുള്ള കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. മുല്ലക്കര രത്നാകരൻ : ശ്രീ. വി.ടി. ബലറാം, ഞാൻ പറയുന്നതെന്താണെന്നുവച്ചാൽ ഇതിൽ അപ്പുറം ഭരകക്ഷിയോ പ്രതിപക്ഷമോ എന്നല്ല. ഇതിൽ ഹരിതമോ ഹരിതമല്ലാത്തവരോയെന്നല്ല. പൊതുവായി കേരളം എന്താണെന്ന് തിരിച്ചറിയേണ്ടതുണ്ട്. എന്തുകൊണ്ടാണ് കേരളം ദൈവത്തിന്റെ സ്വന്തം നാടായി നിൽക്കേണ്ടതെന്നുണ്ട്. എന്തുകൊണ്ടാണ് കേരളത്തിൽ ചൂട് ഇത്തരത്തിൽ നിൽക്കുന്നതെന്നുണ്ട്. ഇപ്പോൾ അവസാനം റിപ്പോർട്ട് വന്നിട്ടുണ്ട്. കേരളത്തിൽ പണ്ട് ചൂടിന്റെ മാക്സിമം വേരിയേഷൻ 15 സെൽഷ്യസായിരുന്നു. ഇന്ന് 33 ആണ്. ഏറ്റവും താഴ്ന്ന ഡിഗ്രിയും ഏറ്റവും മുകളിലത്തെ ഡിഗ്രിയും. മാത്രമല്ല പത്ത് വർഷം മുമ്പ് കേരളത്തിൽ എള്ള് കൃഷി പോലുള്ള കൃഷി ചെയ്യാൻ അന്തരീക്ഷത്തിലെ ഈർപ്പം മാത്രം മതിയായിരുന്നു. ഇപ്പോൾ അന്തരീക്ഷത്തിൽ ഏറ്റവും കുറവ് ഈർപ്പമുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. നമ്മുടെ ഡാം ഇത്രയധികം പെട്ടെന്ന് വറ്റിപ്പോകുന്നത് ബാഷ്പീകരണം കൊണ്ടാണ്. പണ്ട് മലമ്പുഴയും ഇടുക്കിയും ഉൾപ്പെടെ ഇന്ത്യയിൽ തന്നെ ഏറ്റവും ബാഷ്പീകരണം കുറഞ്ഞ ഡാം ഉണ്ടായിരുന്നത് കേരളത്തിലായിരുന്നു. ഇപ്പോൾ ബാഷ്പീകരണം ഏറ്റവും കൂടുതലാണ്. മഴ പെയ്തു കഴിഞ്ഞാൽ നാലാമത്തെ ദിവസം അന്തരീക്ഷവും മണ്ണും വരണ്ടുണങ്ങുന്ന നാടാണ് കേരളം. ഹിന്ദു ദിനപത്രത്തിൽ ഒരു ആരോഗ്യത്തിന്റെ റിപ്പോർട്ട് വന്നു. ഈ വർഷം കാലാവസ്ഥ ഇങ്ങനെ പോകുകയാണെങ്കിൽ മൂന്നുനാല് മാസം കഴിയുമ്പോൾ കേരളം രോഗം കൊണ്ട് പൊള്ളുമെന്നാണ്. ഞാൻ പറയുന്നു ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ ഈ കേരളത്തിന്റെ

പൊതുവായ സ്ഥിതിയിൽ ഈ ഗാഡ്ഗിൽ റിപ്പോർട്ട് കേരളത്തിന് ഭേദമായ തരത്തിൽ നമ്മുടെ ഭാവിക്ക് ദോഷമാകാത്ത തരത്തിൽ നമ്മുടെ വെള്ളം നില നിറുത്താവുന്ന തരത്തിൽ ....... ഡാമുകൾ ഡീ-കമ്മീഷൻ ചെയ്യണമെന്നൊക്കെ അവർ പറയുന്നത് നമുക്ക് അംഗീകരിക്കാൻ പറ്റില്ല. അതൊക്കെ മാറ്റണം. പക്ഷേ നമുക്ക് നമ്മുടെ ജലത്തെയും മണ്ണിലെ ഈർപ്പത്തെയും അന്തരീക്ഷത്തിലെ ഈർപ്പത്തെയും കൃഷിയെയും അതിന്റെ നന്മയെയും ഭാവിജീവിതത്തെയും സംരക്ഷിക്കാവുന്ന തരത്തിൽ ഈ റിപ്പോർട്ട് എങ്ങനെ നടപ്പാക്കാമെന്ന് ആലോചിക്കണ്ടേ? അത് ആലോചിച്ചില്ലെങ്കിൽ ഈ പ്രബുദ്ധ സാക്ഷര കേരളത്തെക്കുറിച്ച് ലോകത്തിനും മറ്റുള്ളവർക്കും പരമ പുച്ഛമായിരിക്കും.

ശ്രീ. വി. ഡി. സതീശൻ : ബഹുമാനപ്പെട്ട മുൻ കൃഷി വകുപ്പുമന്ത്രി കൂടിയായ അങ്ങ് പറഞ്ഞതിനോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. കേരളത്തെ ഒരു ജൈവ സംസ്ഥാനമാക്കി മാറ്റുകയെന്നുള്ളത് കഴിഞ്ഞ ഗവൺമെന്റിന്റെയും ഈ ഗവൺമെന്റിന്റെയും നയമാണ്. രണ്ടാമത് ജനിതക മാറ്റം വരുത്തിയ അന്ധകവിത്തുകൾ കേരളത്തിലൊരിടത്തും കൃഷി ചെയ്യാൻ പാടില്ലായെന്നത് കഴിഞ്ഞ ഗവൺമെന്റിന്റെയും ഈ ഗവൺമെന്റിന്റെയും തീരുമാനമാണ്. പശ്ചിമഘട്ടം മലനിരകളിൽ കാർഷികവൃത്തി ചെയ്യുന്ന, അനുബന്ധ വൃത്തികൾ ചെയ്യുന്ന, ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ഉൾപ്പെടെ ചെയ്യുന്ന ആളുകൾക്ക് ഇൻസന്റീവ് കൊടുക്കണം. അവർക്ക് സർവ്വീസ് ചാർജ്ജ് കൊടുക്കണം. ഈ മൂന്ന് തീരുമാനങ്ങളുമുള്ള ഈ റിപ്പോർട്ട് കർഷക വിരുദ്ധ റിപ്പോർട്ടാണെന്ന് നമുക്ക് പറയാൻ കഴിയുമോ?

ശ്രീ. മുല്ലക്കര രത്നാകരൻ : അതിലെ ഒരുപാട് നിർദ്ദേശങ്ങളിൽ ചിലത് അല്പസ്വൽപം ഭേദഗതി വരുത്തേണ്ടതുണ്ട്. ഞാൻ പറയുന്നത് മഹാത്മാഗാ

സിയുടെ ഒരു വാചകത്തെയാണ്. മഹാത്മാഗാന്ധി പറയുന്നത് പ്രകൃതിയുമായി ബന്ധപ്പെട്ട് നിൽക്കുന്ന ലളിതമായ ജീവിതം കൊണ്ട് കിട്ടുന്ന സംതൃപ്തിയെക്കാൾ വലിയൊരു ജീവിത ഐശ്വര്യം മനുഷ്യന് വരാനില്ല. അദ്ദേഹം പറഞ്ഞത് നമുക്ക് ആർത്തിക്കുള്ളതൊന്നും ഭൂമിയിലില്ല. ഞാൻ മനസ്സിലാക്കുന്നത് ചിലരുടെ ആർത്തിയെല്ലാം ഇതിന് പിന്നിലുണ്ടെന്നാണ്. ശരിയായ മനുഷ്യന്റെ, ഏറ്റവും നന്മയായ മനുഷ്യന്റെ ജീവിതത്തിൽ എവിടെയെങ്കിലും പരിക്കുപറ്റാനുള്ള എന്തെങ്കിലുമുണ്ടെങ്കിൽ അതെല്ലാം തിരുത്തണം. പക്ഷേ ഒരാളിന്റെയും ആർത്തിക്കുമുമ്പിൽ ഈ റിപ്പോർട്ടിനെ നമ്മൾ കൊണ്ടുപോകരുത്. ആർത്തിക്ക് വഴങ്ങുകയല്ല അവന്റെ ജീവിതവൃത്തിക്ക് ഈ റിപ്പോർട്ടുവച്ച് വഴങ്ങണം. അതിനെന്ത് മാറ്റം വേണമോ വരുത്താം.

ശ്രീ. പി. സി. ജോർജ് : മതികെട്ടാൻ മല കൈയ്യേറിയ കാലത്ത് കേരളീയ ജനസമൂഹം ഒറ്റക്കെട്ടായി ആ കൈയ്യേറ്റക്കാരെ അടിച്ചിറക്കാൻ വേണ്ടി ഒരുമിച്ചുനിന്നു. ഇടുക്കിയിലെ കർഷകർ ഒരുമിച്ചുനിന്നു. അവിടെ മുഴുവൻ രക്ഷിക്കാൻ കഴിഞ്ഞു. ഇവിടെ അദ്ദേഹം പറഞ്ഞത് മലമ്പ്രദേശങ്ങൾ മാത്രം സംരക്ഷിച്ചാൽ മതിയെന്നാണ്.

മി. ചെയർമാൻ : അദ്ദേഹത്തിന്റെ സമയം കഴിഞ്ഞിരിക്കുകയാണ്.

ശ്രീ. പി. സി. ജോർജ് : അങ്ങനെ അങ്ങും കൂടി സൈഡ് ചെയ്യരുത്.

മി. ചെയർമാൻ : അങ്ങനെയല്ല. സമയം കഴിഞ്ഞിരിക്കുകയാണ്. സമയം കൂടുതലെടുത്താൽ പിന്നെ നിയന്ത്രിക്കണ്ടേ?

ശ്രീ. പി. സി. ജോർജ് : അങ്ങനെയാണെങ്കിൽ സമയം കഴിഞ്ഞപ്പോൾ അങ്ങ് നിറുത്തിക്കണമായിരുന്നു.

മി. ചെയർമാൻ : നിറുത്തിക്കാൻ പോകുകയാണ്.

ശ്രീ. പി. സി. ജോർജ് : നെൽവയൽ-നീർത്തടങ്ങളെ മുഴുവൻ മണ്ണിട്ടുനികത്തി രമ്യഹർമ്യങ്ങൾ നിർമ്മിച്ചത് പരിസ്ഥിതിക്ക് അപകടമെന്നും ഉണ്ടാക്കിയിട്ടില്ലെന്നാണോ അങ്ങയുടെ അഭിപ്രായം എന്നാണ് എന്റെ സംശയം. നദി മുഴുവൻ മണൽവാരി നശിപ്പിച്ചത് പരിസ്ഥിതിയെ തകർത്തിട്ടില്ലെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ? അതിനെപ്പറ്റി അങ്ങ് പറയുന്നില്ലല്ലോ. ഈ ചൂട് കൂടിയതിന്റെ പ്രധാന കാര്യങ്ങൾ അതൊക്കെയല്ലേ? അതുംകൂടി അങ്ങ് ഒന്ന് പറയണം എന്തിനാണ് ഒളിച്ചുവയ്ക്കുന്നത്?

മി. ചെയർമാൻ : അങ്ങ് ഈ പോയിന്റ് പറഞ്ഞ് അവസാനിപ്പിക്കണം. അല്ലെങ്കിൽ അടുത്ത ആളിനെ വിളിക്കും. ഏഴ് മിനിട്ട് ആകാൻ പോകുകയാണ്. ...............ശ്രീ. പാലോട് രവി, അങ്ങ് വേഗം ചോദിക്കണം. ഇത് ഒരു പ്രധാനപ്പെട്ട ഇഷ്യു ആയതിനാലാണ് സമയം കൂടുതൽ അനുവദിക്കുന്നത്.

ശ്രീ. പാലോട് രവി : അങ്ങ് ഒരു സെക്കന്റ് മിണ്ടാതിരുന്നാൽ മതി. വേഗം ചോദിക്കാം. വളരെ ഗുരുതരമായി കേരളത്തെ ബാധിക്കുന്ന പ്രശ്നമാണ് ചർച്ചചെയ്യുന്നത്. ഇപ്പോഴെങ്കിലും അതിരുകൾ കൽപ്പാക്കാത്ത വികസനം കേരളത്തിൽ വേണമോ?. അതിരുകൾ കൽപ്പിക്കാത്ത വികസനം കേരളത്തിൽ ഇനി നടത്താൻ പറ്റില്ല. പശ്ചിമഘട്ടത്തെ സംരക്ഷിക്കേണ്ട മേഖലയിൽ പശ്ചിമഘട്ടത്തെ സംരക്ഷിച്ചേ മതിയാകുകയുള്ളു. അത് കേരളം പറയുന്നതല്ല. വിവരമുള്ളവർ മുഴുവനും പറയുന്നതാണ്. അതിരുകൾ കൽപ്പിക്കുന്ന വികസനം കേരളത്തിൽ നടപ്പിലാക്കാൻ ഈ ചർച്ച സഹായകരമായി മാറും.

മി. ചെയർമാൻ : അങ്ങ് അവസാനിപ്പിക്കുന്നുണ്ടോ?. ഞാൻ അടുത്ത ആളിനെ വിളിക്കാൻ പോകുകയാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ : ഒരു സെന്റൻസും കൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. കേരളത്തിന്റെ വികസനത്തിന് ഗാഡ്ഗിൽ റിപ്പോർട്ടിൽ

പ്രതിപാദിക്കുന്ന കേരളത്തിലെ പ്രകൃതിക്കിണങ്ങുന്ന വീട്, റോഡ്, പശ്ചിമഘട്ടത്തിൽ പ്രത്യേകിച്ച് കടൽതീരത്തെക്കുറിച്ചൊക്കെ പറഞ്ഞിരിക്കുന്നത് കേരളം പാഠമാക്കണം. ഞാൻ പറയുന്നത് ഒരു നിയമസഭാ സമിതി തന്നെ ബന്ധപ്പെട്ട എക്സ്പേർട്ട്സുമായി ചർച്ച ചെയ്ത് കേരളത്തിന്റെ ആശങ്കകളും അഭിപ്രായങ്ങളും അറിയിക്കുന്നതിനുള്ള ഒരു സമയംനിശ്ചയിച്ച് സംവിധാനമുണ്ടാക്കി കസ്തുരിരംഗൻ കമ്മിറ്റിക്കുമുമ്പിൽ അവതരിപ്പിച്ച് കൺവീൻസ് ചെയ്യിപ്പിക്കുക എന്നതാണ് കേരളത്തിന്റെ ആവശ്യം.

<u>ശ്രീ. ടി. എ. അഹ്മദ് കബീർ</u> : സർ, ആദ്യമായി ഇങ്ങനെയൊരു ചർച്ചയ്ക്ക് അവസരമൊരുക്കിയ ശ്രീ. കോടിയേരി ബാലകൃഷ്ണനെ അഭിനന്ദിക്കുകയാണ്. അതിന് അവസരം കൊടുത്ത ബഹുമാനപ്പെട്ട സ്പീക്കറെയും അഭിനന്ദിക്കുന്നു. കേരളീയ സമൂഹത്തെ സംബന്ധിച്ചിടത്തോളം വളരെ ശ്രദ്ധേയമായ ഒരു വിഷയത്തെ സംബന്ധിച്ചുള്ള ചർച്ചയാണ് നടക്കുന്നത്. ഇവിടെ മൗലീകമായ ചില വിഷയങ്ങളുണ്ട്. കേന്ദ്രവും കേരളവും ആവിഷ്ക്കരിച്ച നിരവധി നിയമങ്ങളുണ്ട്. ഈ നിയമങ്ങൾ നടപ്പിലാക്കുന്നിടത്ത് വന്ന പാളിച്ചകൾ രണ്ട് വിരുദ്ധ വികാരങ്ങളുണ്ടാക്കി. പല നിയമങ്ങളും ലംഘിക്കപ്പെടുമ്പോൾ നമ്മൾ കൂട്ടുനിൽക്കാറുണ്ട്. പല നിയമങ്ങളും ജനങ്ങൾക്കെതിരായി വരുമ്പോൾ നമ്മൾ നിശബ്ദത പാലിക്കാറുണ്ട്. അതാണ് ഒരു ഭാഗത്ത്. ഈ റിപ്പോർട്ട് പുറത്തുവന്നപ്പോൾ വമ്പിച്ച എതിർപ്പുകൾ ഉണ്ടാകാൻ കാരണമതാണ്. നമ്മുടെ സമൂഹത്തിൽ ഈ സംശയങ്ങൾ നിലനിൽക്കുന്നു. ഇവിടെ കേരളത്തിന്റെ ഭൂപ്രകൃതിയെക്കുറിച്ച് നമുക്ക് അറിയാം. കേരളത്തിന് വീതി കുറവാണ്. നീളമുള്ള ഒരു സംസ്ഥാനമാണിത്. അതുകൊണ്ടുതന്നെ

വനപ്രദേശവും തണ്ണീർത്തട പ്രദേശങ്ങളും കഴിച്ചാൽ ബാക്കിയുള്ളത് 30% സ്ഥലമാണ്. ആ സ്ഥലത്താണ് ജനങ്ങൾ അവരുടെ ജീവിതവുമായി മുന്നോട്ടു പോകുന്നത്. അതുകൊണ്ട് ജനങ്ങളുടെ ആശങ്ക അകറ്റിക്കൊണ്ടല്ലാതെ ഒരിഞ്ച് മുന്നോട്ടുപോകാൻ നമുക്ക് സാധ്യമല്ല. പ്രത്യേകിച്ച് മലയോര കർഷകർ പ്രകൃതിയോട് എതിരിട്ട് ഈ നാടിന്റെ സമ്പത്ത് വർദ്ധിപ്പിക്കുന്നവരും നമ്മുടെ ഭക്ഷ്യസുരക്ഷയിൽ ഗണ്യമായി ഇടപെടുന്നവരുമാണ്. അവരുടെ വികാരങ്ങൾക്കൊപ്പമേ നമുക്ക് നിൽക്കാൻ കഴിയൂ. പട്ടം താണുപിള്ളയെ ഞാൻ ഇപ്പോൾ ഓർക്കുകയാണ്. നെടുംകണ്ടം പ്രദേശം ഇടുക്കിയുടെ ഭാഗമായി നിലനിറുത്താൻ, നമുക്ക് നഷ്ടപ്പെടാതിരിക്കാൻ പ്രത്യേകം കോളനിയുണ്ടാക്കിയ പട്ടം താണുപിള്ളയെ ഈ സന്ദർഭത്തിൽ ഓരോ മലയാളിയും അനുസ്മരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ ഒരു കാര്യം നമ്മൾ ചർച്ചയ്ക്കെടുക്കണം. അതായത് ഈ നിയമസഭയിൽ പല വിഷയങ്ങളെക്കുറിച്ചും ആധികാരികമായി സംസാരിക്കാൻ കഴിയുന്ന പണ്ഡിതരായ ധാരാളം അംഗങ്ങളുണ്ട്. നമ്മുടെ ഉദ്യോഗസ്ഥന്മാരിലും അങ്ങനെയുള്ളവർ ധാരാളമാണ്. പക്ഷേ ഇന്നത്തെ ആഗോള താപനത്തിന്റെ ഒരു ഘട്ടത്തിൽ പരിസ്ഥിതിയുടെ രംഗത്ത് ലോകമാകെ അന്താളിച്ച് നിൽക്കുമ്പോൾ, വികസ്വര രാഷ്ട്രങ്ങൾ ഒരു തിരിച്ചുവരവിന് ഒരുങ്ങുമ്പോൾ ഇന്ത്യയ്ക്ക് മാറിനിൽക്കാൻ കഴിയില്ലായെന്ന് നമ്മളെല്ലാവരും മനസ്സിലാക്കണം. അതിന്റെ അടിസ്ഥാനത്തിലാണ് എൻവയൺമെന്റ് പ്രൊട്ടക്ഷൻ ആക്ട് നമ്മുടെ ഗവൺമെന്റ് കൊണ്ടുവരുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് എൻവയോൺമെന്റ് പ്രൊട്ടക്ഷൻ ആക്ട് ഗവൺമെന്റ് കൊണ്ടുവരുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കേ

ണ്ടത് എന്ന് പഠിക്കാൻ കമ്മിറ്റിയെ നിയമിച്ചത്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് വന്ന ഉടനെ ഉത്തരവാദിത്ത ബോധമുള്ള കേന്ദ്ര ഗവൺമെന്റ് ഈ റിപ്പോർട്ട് എങ്ങനെ ഇംപ്ലിമെന്റ് ചെയ്യാൻ കഴിയുമെന്ന് പഠിക്കാൻ മറ്റൊരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുന്ന ഘട്ടത്തിൽ അനാവശ്യമായ പരിഭ്രാന്തി പരത്തുന്നതിന് പകരം ആ കമ്മിറ്റിയുമായി സഹകരിച്ച് മലയോര കർഷകർക്കും മുഴുവൻ കേരളീയർക്കും അപടകരമാകാത്തവിധത്തിൽ പുതിയ റിപ്പോർട്ട് എങ്ങനെ മാനേജ് ചെയ്യാൻ കഴിയുമെന്ന് നമ്മൾ ആലോചിക്കണം. ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ സ്വിറ്റ്സർലാന്റിലെ വാച്ച് കമ്പനികൾ എന്താണ് സൂചിപ്പിക്കുന്നത്. സ്വിറ്റ്സർലാന്റിൽ അവിടെത്തെ പ്രകൃതിക്ക് അനുസൃതമായ വൻകിട വ്യവസായങ്ങൾ വരാൻ കഴിയാതിരിക്കെ വാച്ച് ഫാക്ടറികൾ സ്ഥാപിച്ചുകൊണ്ട് അവർ അതിജീവനത്തിന്റെ മാർഗ്ഗം സ്വീകരിച്ചതുപോലെ, കേരളത്തിന്റെ ഈയൊരു അവസ്ഥ, കടലിനും മലയ്ക്കുമിടയിൽ ഒരു ചെറിയ ഭൂപ്രദേശം മാത്രമുള്ള മലയാളിയുടെ മനസ്സിൽ ഉണ്ടാകേണ്ട ആശയം, പ്രകൃതിക്ക് തകർച്ച പറ്റാതെ, ഇക്കോളജിക്കൽ സിസ്റ്റം തകരാതെ സംസ്ഥാനത്തെ രക്ഷപ്പെടുത്തുന്നതിനാവശ്യമായ കരുതലോടുകൂടി മുന്നോട്ടുപോകാൻ തയ്യാറാകണമെന്നാണ്. ഞാനും നിങ്ങളും അതിന് ബാധ്യസ്ഥരാണ്. ഇവിടെ വരുന്ന ഒരു പ്രശ്നം, ഇവിടെ ഇരുപത്തിമൂന്നോളം പ്രൊട്ടക്ടഡ് ഏരിയ ഉണ്ട്. അതിനു ചുറ്റുമുള്ള 10 കിലോമീറ്റർ ബഫർ സോൺ ആയി പ്രഖ്യാപിക്കുകയാണ്. ഇത് എങ്ങനെ മറികടക്കാൻ കഴിയുമെന്ന് ബയോഡൈവേഴ്സിറ്റിയുമായി ബന്ധപ്പെട്ട വിദഗ്ദ്ധരായ ഉദ്യോഗസ്ഥൻമാരുമായി ചർച്ച നടത്തിക്കൊണ്ട് ഇപ്പോൾ കേരള ഗവൺമെന്റ് പുറത്തുകൊണ്ടുവന്ന രേഖ അപ്ഡേറ്റ് ചെയ്ത് ഈ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമമുണ്ടാകണം. കോടതി പിരിഞ്ഞിട്ട് ബുദ്ധിയുണ്ടായിട്ട് കാര്യമില്ല, അതുകൊണ്ട്

കസ്തൂരിരംഗൻ കമ്മിറ്റിയുടെ മുമ്പിൽ നമ്മുടെ കേസ് ഫലപ്രദമായി വാദിക്കാൻ കഴിയണം. മലയോരകർഷകരെ സംരക്ഷിക്കാൻ സഹായകരമാകും വിധമുള്ള സമീപനം സ്വീകരിക്കണം. പശ്ചിമഘട്ടത്തിലെ മലനിരയുടെ സൗന്ദര്യം മാത്രമല്ല അതിന്റെ കരുത്തും വളർച്ചയുടെ മുഴുവൻ സാധ്യതകളും ഒരിഞ്ച്പോലും നഷ്ടപ്പെടുത്താതെ സൂക്ഷിക്കാൻ സാക്ഷരതയിൽ കേമം നടിക്കുന്ന നമ്മൾ ശ്രമിക്കേണ്ടതാണ്. ഞാൻ ഇംഗ്ലീഷ് റിപ്പോർട്ടിലെ പ്രസക്തമായ മൂന്ന് വരികൾ ഇവിടെ വായിക്കാം. പ്രബുദ്ധമായ ഈ സദസ്സ് അത് വായിച്ചിട്ടുണ്ടാകും. എന്നാലും, ... recommends that no new dams based on large scale storage is permitted in ecologically sensitive zone No. 1, ഒന്ന് ആലോചിച്ച് നോക്കൂ, ഈ റിപ്പോർട്ടിന്റെ ആദ്യ പേജിലെ സമ്മറിയിൽ പറയുന്നത് ഇങ്ങനെയാണ്. രണ്ടാമത്തെ പോയിന്റ് – Strict regulation with an effective system of social audit is needed. കാര്യം വ്യക്തമാണ്. വളരെ ശ്രദ്ധിക്കേണ്ടത് മൂന്നാമത്തെ പോയിന്റാണ്. We can revisit any conclusion arrived by the Committee, by a competent multi disciplinary team - എന്താണ് മൾട്ടി ഡിസിപ്ലിനറി ടീം എന്നു പറയുന്നത്? വളരെ വ്യക്തമാണ്, കണ്ണടച്ച് ഇരുട്ടാക്കരുത്. ഇത് കേരളത്തെ മാത്രമല്ല, ലോകത്തെ മുഴുവൻ ബാധിക്കുന്ന ഒരു വലിയ പ്രശ്നമാണ്. അതിൽ മലയോര കർഷകർക്കൊപ്പം നിന്നുകൊണ്ട് നാളത്തേക്കുവേണ്ടി കേരളത്തെ നിലനിറുത്താനുള്ള ഉത്തരവാദിത്തം മലയാളികൾക്കുണ്ട്. അതിന്റെ സെക്കന്റ് പാർട്ട് കൂടി കേൾക്കണം, – working along with peoples institutions, the Parliament, the Assembly, the District Panchayats, Block Panchayats, Grama Panchayats every institution run by our constitution. ഇനി ഒരു പോയിന്റ് കൂടിയുണ്ട്. എഴുതാപ്പുറം വായിക്കരുതല്ലോ, ആ ടീം സ്വയം പറയു

കയാണ്, We attempted to defy the Western Ghats from an environmental view point. അവർ അത്രയേ ക്ലെയിം ചെയ്തിട്ടുള്ളൂ. ബാക്കി ചെയ്യേണ്ടത് കേന്ദ്ര ഗവൺമെന്റാണ്, കേരള ഗവൺമെന്റാണ്, കസ്തൂരിരംഗൻ കമ്മിറ്റിയാണ്. അതുകൊണ്ട് കോടതിയിൽ കേസ് പാളിപ്പോകാതെ, കസ്തൂരിരംഗന്റെ മുമ്പിൽ കേസ് അവതരിപ്പിക്കുന്ന സമയത്ത്, വളരെ ഉത്തരവാദിത്തമുള്ള നിയമസഭയിൽ ഇക്കാര്യങ്ങൾ പറയുമ്പോൾ കുറെക്കൂടി ശ്രദ്ധിക്കണം.. രണ്ടു പ്രശ്നങ്ങൾ ബാക്കിയുണ്ട്. ഇക്കോളജിക്കലി സെൻസിറ്റീവ് സോണിൽ പബ്ലിക് ലാന്റ് ധാരാളമുണ്ട്, പൊതുഭൂമി/സർക്കാർ ഭൂമി സ്വകാര്യ വ്യക്തി കൾക്ക് കൊടുക്കരുത് എന്ന് പറയുന്നുണ്ട്. അവിടെയുള്ള പ്രശ്നമെന്താണ്? കേരള ലാന്റ് അസൈൻമെന്റ് ആക്ട് നിലവിലുണ്ട്. അതനുസരിച്ച് ആളു കൾക്ക് ലാന്റ് കൊടുക്കേണ്ടിവരും. മറ്റൊന്ന് സീറോ ലാന്റ്ലെസ് കേരള എന്ന എല്ലാവർക്കും മൂന്ന് സെന്റ് ഭൂമിയെങ്കിലും കൊടുക്കണമെന്നുള്ള വലിയൊരു കാമ്പെയിൻ നമുക്കുണ്ട്. അതാണ് ഇന്ന് നിയമസഭയിൽ പറഞ്ഞത്. അതു കൊണ്ട് പബ്ലിക് ലാന്റിന്റെ കാര്യത്തിൽ എവിടെ വരെ പോകാം എന്നുള്ളതി നെക്കുറിച്ച് ആലോചിക്കണം. ആ കേസ് ബിൽഡ് ചെയ്യാനാണ് ശ്രമിക്കേ ണ്ടത്, അല്ലാതെ ഭീതി പരത്താനല്ല. കേരള ലാന്റ് അസൈൻമെന്റ് ആക്ട് അനുസരിച്ച് ആവശ്യക്കാരായ അർഹരായ ആളുകൾക്ക് ഭൂമി ലഭിക്കാൻ, മൂന്ന് സെന്റ് ഭൂമിയിലെങ്കിലും ഒരു വീട് വച്ച് താമസിക്കാൻ കഴിയുംവിധം ഈ റിപ്പോർട്ടിനെ എങ്ങനെ ഉപയോഗിക്കാൻ കഴിയുമെന്നാലോചിക്കണം. മറ്റൊരു കാര്യം, ഒരു റെഗുലേറ്ററി അതോറിറ്റിയെക്കുറിച്ച് പറയുമ്പോൾ അതോറിറ്റിയുടെ കോൺസ്റ്റിറ്റ്യൂഷൻ നമ്മൾ ശ്രദ്ധിക്കണം. കമ്മിറ്റി റിപ്പോർട്ടു ണ്ടാക്കാൻ വിദഗ്ദ്ധൻമാർ മതി. പക്ഷേ റിപ്പോർട്ട് നടപ്പിലാക്കാൻ

വിദഗ്ദ്ധൻമാർ മാത്രം പോരാ. എന്റെ അഭിപ്രായത്തിൽ ഈ ആറു സംസ്ഥാന ങ്ങളിലെയും മുഖ്യമന്ത്രിമാരടങ്ങുന്ന ഒരു റെഗുലേറ്ററി അതോറിറ്റിയാണ് വരു ന്നതെങ്കിൽ ഈ കാണുന്ന ആശങ്കകൾക്ക് വലിയ ഒരളവ് വരെ പരിഹാരമു ണ്ടാക്കാൻ കഴിയും. ഇത് അത്ര വലിയ ഗൗരവമുള്ള പ്രശ്നമാണ്. അതു കൊണ്ട് അത് സാധ്യമാണോ എന്ന് പരിശോധിക്കണം. പശ്ചിമഘട്ടത്തിലെ മല നിരകൾ സംരക്ഷിച്ചേ മതിയാകൂ, എന്നാൽ  അതോടൊപ്പം മലയോര കർഷക രുടെ താല്പര്യങ്ങളും സംരക്ഷിക്കണം. ഇന്ന് അവരുടെ പൊസഷനിലുള്ള ലാന്റിൽ ഒരു ഇടപെടലും ഉണ്ടാകാൻ പാടില്ല. അവർ പൊസസ് ചെയ്യുന്ന ഭൂമി, പ്രത്യേകിച്ച് 1977 വരെയുള്ളവയ്ക്ക് പട്ടയം കൊടുക്കുന്ന കാര്യമുണ്ട്, അത് കൊടുക്കാൻ കഴിയണം. ഇന്ന് അവർ പൊസസ് ചെയ്തിരിക്കുന്ന ഭൂമി യിൽ സർക്കാരിന്റെ ഒരു ഇടപെടലും പാടില്ല. എക്സ്റ്റൻഷനും എക്സ്പാൻഷനും വേണ്ടിവരും, അതിലൊന്നും ഇടപെടാൻ പാടില്ല.  മല യോര പ്രദേശത്തെ ജനങ്ങൾ ഇന്ന് പൊസസ് ചെയ്യുന്ന ഭൂമിയിൽ ഒരു ഇടപെ ടലും ഉണ്ടാകാത്ത രീതിയിൽ എങ്ങനെ......

<u>ശ്രീ. സി. മമ്മൂട്ടി:</u>  സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറയുന്നത് നല്ല കാര്യമാണ്. പക്ഷേ കേരളത്തിലെ ജനങ്ങൾക്കുള്ള ഏറ്റവും വലിയ ഭയപ്പാട് ഈ നിയമസഭ പാസ്സാക്കിയ ഇക്കോളജിക്കൽ ഫ്രെജൈൽ ലാന്റ് നിയമത്തിൽ കുരുമുളക്, കാപ്പി, ഏലം, തെങ്ങ്, റബ്ബർ എന്നിവ കൃഷി ചെയ്യുന്നതും ചുറ്റും വനഭൂമി ഇല്ലാത്തതുമായ ഭൂമി ഏറ്റെടുക്കാൻ പാടില്ല എന്ന് വ്യക്തമായിപറയു ന്നുണ്ട്. എന്നാൽ കേരളത്തിലെ ആയിരക്കണക്കിന് ഏക്കർ കൃഷി ചെയ്യുന്ന ഭൂമി ഒരു നിയമവും പാലിക്കാതെ ഏറ്റെടുത്തതുകൊണ്ട് കർഷകർ പെരുവഴി യിലാണ്. ഒരു നയാപൈസ നഷ്ടപരിഹാരം പോലും കിട്ടാതെ വയനാട്ടിലും

ഇടുക്കിയിലുമുള്ള കർഷകർ നട്ടം തിരിയുകയാണ്. അതാണ് ഏറ്റവും വലിയ വിഷയം.

ഡോ. എൻ. ജയരാജ് : സർ, ബഹുമാനപ്പെട്ട മെമ്പർ റീവിസിറ്റ് ചെയ്യുന്ന കാര്യം ഇവിടെ സൂചിപ്പിച്ചു. പക്ഷേ ചെറിയ പ്രശ്നമുള്ളത് 2012 ആഗസ്റ്റ് 17-ാം തീയതിയാണ് കസ്തൂരിരംഗന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയെ നിയോഗിക്കുന്നത്. അതിന്റെ ടേംസ് ഓഫ് റഫറൻസിൽ The committee will submit an action plan to implement the WGEEP(Western Ghat Ecology Expert Panel) Report in the most effective and holistic manner within a period of two months from the date of issue of this order എന്നു പറഞ്ഞിട്ടുണ്ട്. ആഗസ്റ്റ് 17-ാം തീയതിയാണ് ഈ ഓർഡർ പുറത്തുവരുന്നത്. അതിന് രണ്ടുമാസത്തിനുശേഷം ആക്ഷൻ പ്ലാനിലേയ്ക്ക് പോകാനാണ് ടേംസ് ഓഫ് റഫറൻസിൽ പറഞ്ഞിരിക്കുന്നത്. ഈ പറയുന്നതുപോലെയുള്ള ഭയപ്പാട് ആവശ്യമില്ലെന്ന് അങ്ങ് ഇവിടെ സൂചിപ്പിക്കുമ്പോഴും ഒരേ സമയത്ത് ഇതിന്റെ നടപടിക്രമങ്ങളിലേയ്ക്ക് പോകുന്നു എന്നുള്ള ആശങ്ക സ്വഭാവികമായി ആളുകളുടെ ഇടയിൽ ഉണ്ടാകുന്നുണ്ട്. അതാണ് ഇവിടെത്തെ പ്രശ്നം.

ശ്രീ. രാജു എബ്രഹാം : സർ, ആമുഖത്തിൽ അങ്ങ് വിശദീകരിച്ച ഒരു കാര്യമനുസരിച്ച്, ഈ റിപ്പോർട്ടിൽ പറയുന്നത് ചെറുകിട ജലവൈദ്യുത പദ്ധതികളെ പ്രോത്സാഹിപ്പിക്കുക എന്നാണ്. മുപ്പത് മുതൽ അമ്പത് വർഷം വരെയുള്ളത് ഡീകമ്മീഷൻ ചെയ്യണമെന്ന് നേരത്തെ പറയുന്നുണ്ട്. പത്ത് മെഗാവാട്ട് അല്ലെങ്കിൽ അതിനു താഴെ എന്നുവച്ചാൽ 600 മെഗാവാട്ടുള്ള ഇടുക്കി ഡീ-കമ്മീഷൻ ചെയ്യുക, 350 മെഗാവാട്ടുള്ള ശബരിഗിരി ഡീ-കമ്മീഷൻ

ചെയ്യുക. അതിനു പകരം പത്തും പത്തും ഇരുപത് മെഗാവാട്ടുള്ള പദ്ധതിയുണ്ടാക്കുക, അത് ഒരു കാര്യം. രണ്ടാമത്തെ കാര്യം, റീ-വിസിറ്റ് ചെയ്യുക എന്നുള്ള ഓപ്ഷൻ, അതിന് എന്ത് പ്രസക്തിയാണുള്ളത്. കാരണം ഗ്രീൻ ട്രൈബ്യൂണൽ ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു വിധി പുറപ്പെടുവിച്ചു കഴിഞ്ഞു. ഇനിയെന്ത് റീവിസിറ്റിന്റെ പ്രശ്നമാണ് ഇവിടെയുള്ളത്?

ശ്രീ. അഹ്മദ് കബീർ: സർ, ഒന്നാമതായി, ശ്രീ. സി. മമ്മൂട്ടി സൂചിപ്പിച്ച വിഷയത്തിൽ നിയമങ്ങൾ ദുരുപയോഗം ചെയ്യുന്ന കാര്യം ഈ ചർച്ച തുടങ്ങിക്കൊണ്ട് ഞാൻ പറഞ്ഞതാണ്. ഡോ. എൻ. ജയരാജ് സൂചിപ്പിച്ച കാര്യം, ഈ വിഷയം വളരെ ഗൗരവതരമാണെന്നാണ് ഞാൻ പറഞ്ഞത്. ഇത് കേരളീയ സമൂഹത്തെയും പശ്ചിമഘട്ട മലനിരകളിലെ ജനങ്ങളെയും ബാധിക്കുന്ന അതീവ ഗുരുതരമായ പ്രശ്നമാണെന്നും അത്തരം വലിയൊരു പ്രശ്നം ചർച്ച ചെയ്യാൻ അവസരമുണ്ടാക്കിയ ബഹുമാന്യരായ മുഖ്യമന്ത്രിയേയും സ്പീക്കറെയും ശ്രീ. കോടിയേരി ബാലകൃഷ്ണനെയും അഭിനന്ദിച്ചുകൊണ്ടാണ് ഞാൻ ചർച്ച തുടങ്ങിയത്. ശ്രീ. രാജു എബ്രഹാം പറഞ്ഞ ഡീ-കമ്മീഷനിംഗിന്റെ കാര്യം, ഞാൻ പരിശോധിച്ചു. What is decommissioning? Is it dismantling? Demolishing? ഇതൊന്നുമല്ല. ഡീകമ്മീഷനിംഗ് എന്നു പറഞ്ഞാൽ വാട്ടർ ലെവൽ മാറ്റാം, വാട്ടർ ഫ്ളോയുടെ സൈഡ് മാറാം. ഗാഡ്ഗിൽ റിപ്പോർട്ടിനുവേണ്ടി വാദിക്കുന്ന ഒരു വക്കീലായി ദയവ് ചെയ്ത് എന്നെ മാറ്റരുത്, എനിക്ക് അതിൽ താല്പര്യമില്ല. ഞാൻ മലയോര കർഷകരുടെയും ജനങ്ങളുടെയും കൂടെയാണ് നിൽക്കുന്നത്. പക്ഷേ മലയോര കർഷകർക്കൊപ്പം നിൽക്കുമ്പോഴും എന്റെ നാടിന്റെ പരിസ്ഥിതി, എന്റെ ജീവനേക്കാൾ പ്രധാനമാണ് എന്ന് വിശ്വസിക്കുന്നതുകൊണ്ടാണ്

രണ്ടുംകൂടി കൂട്ടിച്ചേർത്ത് പറയാനാഗ്രഹിക്കുന്നത്. അതോറിയുടെ കാര്യം പറഞ്ഞിട്ട് നിറുത്തിയതിനുകാരണം ഇവിടെ എ.ഐ.സി.ടി.യുണ്ട്, എൻ.സി.ടി. യുണ്ട്, എ.ഐ.എം.സി.യുണ്ട ഇതെല്ലാം ഇവിടെ ഉണ്ടാക്കിയ കുഴപ്പങ്ങൾ എന്താണ് എന്ന് നമുക്കറിയാം. ആ ഘട്ടത്തിലേയ്ക്ക് റെഗുലേറ്ററി അതോറിറ്റി പോകാതിരിക്കാൻ, ആ റെഗുലേറ്ററി അതോറിറ്റി എങ്ങനെ വേണമെന്ന് വാദിക്കുന്നതിന് നമ്മളൊരു കേസ്സുണ്ടാക്കണം. നേരത്തെ ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞതുപോലെ, ജനിതകമാറ്റം നടത്തിയ വിളകളുടെ കാര്യത്തിൽ ഈ റിപ്പോർട്ടും നമ്മളും തമ്മിൽ വല്ല വിയോജിപ്പുമുണ്ടോ? ജൈവകൃഷി വ്യാപിപ്പിക്കണം എന്ന കാര്യത്തിൽ ഈ റിപ്പോർട്ടും നമ്മളും തമ്മിൽ വല്ല വിരോധവുമുണ്ടോ? എന്നാൽ ഇതിനകത്ത് വേറൊരു പ്രശ്നമുണ്ടെന്നത് നമ്മളാരും മറന്നു പോകരുത്. റെയിൽവേ ലൈനിന്റെ കാര്യം പറയുന്നുണ്ട്. ശബരിമലയിലേയ്ക്ക് റെയിലുണ്ടായേ മതിയാകൂ. നിലമ്പൂർ റെയിൽ ഏതെങ്കിലുമൊരു കാലത്ത് ഇരട്ടിപ്പിച്ച് മൈസൂരിലേയ്ക്ക് കൊണ്ടുപോയേ മതിയാകൂ. അവിടെ റെയിൽവേ ലൈനുണ്ടാക്കാൻ അനുവദിക്കില്ല എന്ന് ഈ റിപ്പോർട്ടിൽ ഒരു ഭാഗത്ത് പറയുന്നുണ്ട്. റെയിൽവേയുടെ കാര്യത്തിൽ അങ്ങനെയൊരു വശമുണ്ട്.

മി. ചെയർമാൻ: അങ്ങ് അധികമായി 7 മിനിട്ട് എടുത്തുകഴിഞ്ഞു ചെയർ കുറച്ച് ലിബറലായി എന്നു കരുതി അധികം മുന്നോട്ടുപോകരുത്. സമയം പാലിക്കണം. പ്രധാനപ്പെട്ട പോയിന്റ് പറഞ്ഞിട്ടില്ലെങ്കിൽ അതു കൂടി പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. അഹ്മദ് കബീർ: സർ, ലോകപൈതൃക പദവി ലഭിച്ച നമ്മുടെ പശ്ചിമഘട്ട മലനിരകൾ നമ്മുടെ അഭിമാനമാണ്. പ്രകൃതിയോട് ഇണങ്ങിയ

വികസനമാണ് മലയാളക്കരയുടെ മുദ്രാവാക്യം. കരുതലോടെയുള്ള ആ മുദ്രാവാക്യം നടപ്പിലാക്കാൻ നിരവധി നിയമങ്ങൾ ലക്ഷ്യബോധത്തോടുകൂടി ആവിഷ്ക്കരിച്ച പരിസ്ഥിതി അവബോധമുള്ള ഒരു ജനതയുടെ മനസ്സിൽ ആ പശ്ചിമഘട്ട മലനിരകളുടെ സംരക്ഷണവും മലയോര കർഷകരുടെ സംരക്ഷണവും ഒരുപോലെ കൊണ്ടുപോകാൻ കഴിയുന്ന സുചിന്തിതമായ, സമചിത്തതയോടുകൂടിയ നിർദ്ദേശങ്ങൾ കസ്തൂരിരംഗന്റെ മുമ്പിലും ആവശ്യമെങ്കിൽ കോടതിയുടെ മുമ്പിലും കേന്ദ്രഗവൺമെന്റിലും കൊണ്ടുവരുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് ഈ സഭയുടെ വിശാലമായ മനസ്സ് സഹായകമാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ജോസ് തെറ്റയിൽ: സർ, ലോകാവസാനം നാളെയാണെന്ന് വ്യക്തമാക്കപ്പെട്ടാലും ഇന്ന് ഒരു മരം നടാൻ മടിക്കരുതെന്നാണ് മഹാനായ മുഹമ്മദ് നബി നമ്മോട് പറഞ്ഞിട്ടുള്ളത്. പരിസ്ഥിതിയുടെ നിയമങ്ങളും തത്വങ്ങളും ധർമ്മങ്ങളും ആദരിക്കുന്ന സമ്പദ് വ്യവസ്ഥയേ സുസ്ഥിരമാകുകയുള്ളൂ. ഇന്നത്തെ ആവശ്യങ്ങൾ മുഴുവൻ നിറവേറ്റുകയും ഭാവിതലമുറകളുടെയും എല്ലാ ജീവജാലങ്ങളുടെയും നിലനിൽപ്പ് അപകടത്തിലാകാതെ സൂക്ഷിക്കുകയും സുരക്ഷിതമാക്കുകയും ചെയ്യുന്ന വ്യവസ്ഥിതിയുടെ സൃഷ്ടിയായിരിക്കണം ജനപ്രതിനിധികളുടെയും ഭരണകൂടത്തിന്റെ അടിസ്ഥാനപരമായ ചുമതലയും പ്രതിബദ്ധതയും. ഇന്നത്തെ നമ്മുടെ പ്രശ്നമെന്താണ്? കുറയുന്ന ആവാസഭൂമി, വളരുന്ന ജനസംഖ്യ, തകരുന്ന കൃഷി, ഉയരുന്ന കടൽനിരപ്പ്, താഴുന്ന ഭൂഗർഭജലവിതാനം, അന്യം നിൽക്കുന്ന ജീവജാലങ്ങളൊക്കെത്തന്നെ നമ്മുടെ പ്രശ്നങ്ങളായി അവശേഷിക്കുകയാണ്. മരങ്ങളും കാടു

കളും സംരക്ഷിക്കുക, വനപ്രദേശങ്ങൾ വിസ്തൃതമാക്കുക അതുവഴി ആഗോള പാരിസ്ഥിതിക സംതുലനവും കാലാവസ്ഥ സുസ്ഥിരതയും ഉറപ്പാക്കുക എന്നുള്ളത് നമ്മുടെ കടമയാണ്. ഭൂമിയുടെ നൈസർഗ്ഗിക വ്യവസ്ഥകളുമായി സംഘർഷത്തിലാണ് മനുഷ്യന്റെ സമ്പദ് വ്യവസ്ഥ. സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള ശാസ്ത്രീയമായ കാര്യങ്ങളും വീക്ഷണവും അതുതന്നെയാണ്. പരിസ്ഥിതിനാശം കാരണമുള്ള സാമ്പത്തിക തകർച്ച മറ്റെല്ലാ തകർച്ചകളേക്കാളും ഭീമവും അനിയന്ത്രിതവുമാണ്. ഈ പ്രവണതയെ തടയാൻ നമുക്ക് ഇന്നായില്ലെങ്കിൽ ആത്യന്തികമായ സാമ്പത്തിക തകർച്ചയിലേയ്ക്കും നിതാന്തമായ ദാരിദ്ര്യത്തിലേയ്ക്കുമാകും ലോകം നീങ്ങുന്നത്. ഗാഡ്ഗിൽ കമ്മിറ്റിയുടെ നിയോഗം ഈ സന്ദർഭത്തിലാണ്. ഇത്തരത്തിൽ നിയോഗം സ്വീകാര്യമായിരുന്നുവെങ്കിലും നിഗമനത്തിലേയ്ക്ക് എത്തിച്ചേരുന്നതിന് സ്വീകരിച്ച രീതികളും അന്തിമറിപ്പോർട്ടും ശുഭകരമായില്ല എന്നാണ് പറയാനുള്ളത്. പ്രായോഗികത വിസ്മരിക്കുന്ന നിർദ്ദേശങ്ങൾ ഇതിൽ നിരവധിയാണ്. മലയോര പ്രദേശങ്ങളിലും കാറ്റഗറൈസ് ചെയ്യപ്പെട്ട സോൺ ശരിയായ രീതിയിലല്ല നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്. നല്ല രീതിയിലുള്ള നിർദ്ദേശങ്ങൾക്കൊപ്പം അക്കാദമിക്കായ അനാലിസിസുകളും ബുക്കിഷ് ആയിട്ടുള്ള നിഗമനങ്ങളുമാണ് പലതിലും എടുത്തിട്ടുള്ളത്. ഇത് അതിന്റെ ശോഭയെ ഇല്ലാതാക്കുന്നതിൽ ഒരു പങ്ക് വഹിച്ചിട്ടുണ്ട്. വിദ്യാലയങ്ങൾ, ആശുപത്രികൾ, റോഡുകൾ എന്നിവ ഇനി നിർമ്മിക്കാൻ കഴിയില്ല എന്നു പറഞ്ഞാൽ അത് കേരളത്തിലെ ജനങ്ങൾക്ക് ചിന്തിക്കാൻ കഴിയാത്തതാണ്. ഈ റിപ്പോർട്ട് സാധാരണഗതിയിൽ നാട്ടിൽ പറയാറുള്ളതുപോലെ ഒന്നുകിൽ ആശാന്റെ നെഞ്ചത്ത് അല്ലെങ്കിൽ കളരിക്ക് പുറത്ത് എന്ന രീതിയിൽ നിൽക്കുകയാണ്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മഹാരാഷ്ട്ര, കാനറ പ്രദേശങ്ങളിൽ

പ്രവർത്തനങ്ങൾ തുടങ്ങിയതാണ് കേരളത്തിലെ ജനങ്ങളെ ആശങ്കാകുലരാക്കിയിരിക്കുന്നത്. ഇപ്പോഴത്തെ ജനവാസ കേന്ദ്രങ്ങളെ അവഗണിച്ചുകൊണ്ടുള്ള നിയന്ത്രണങ്ങൾ അഭികാമ്യമല്ല എന്നാണ് എന്റെ അഭിപ്രായം. വർഷങ്ങളായി താമസിക്കുന്നവരുടെ ജീവിതശൈലി പെട്ടെന്ന് ഒരു സന്ദർഭത്തിൽ ഗാഡ്ഗിൽ കമ്മിറ്റി വന്ന് മാറ്റൂ എന്ന് പറഞ്ഞാൽ നടപ്പാകുന്ന കാര്യമല്ല. അത് നിർബന്ധിക്കരുത്. ജനിതകമാറ്റം നടത്തിയ വിളകളുടെ കാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിക്കാൻ നമുക്ക് കൂട്ടായ ശ്രമം വേണം. പാരിസ്ഥിതിക പ്രശ്നം, സംരക്ഷണം എന്നിവ ഉദ്യോഗസ്ഥർമാത്രം ചെയ്യേണ്ട കാര്യങ്ങളല്ല. ജനകീയമായ പങ്കാളിത്തമില്ലാത്ത ഒരു പദ്ധതിയും വിജയിക്കാൻ പോകുന്നില്ല. ഇതിനെക്കുറിച്ചുള്ള നിഗമനങ്ങൾ നടത്തിക്കഴിഞ്ഞപ്പോൾ, പാരിസ്ഥിതികമായ ദുർബ്ബല പ്രദേശം അല്ലെങ്കിൽ ഇക്കോളജിക്കൽ ഫ്രൈജൽ ലാന്റ് എന്ന് കാറ്റഗറൈസ് ചെയ്യപ്പെട്ട സ്ഥലങ്ങളുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ, അവിടെ നടത്തിയ അന്വേഷണങ്ങളും പരീക്ഷണങ്ങളുമെല്ലാംതന്നെ ജനപ്രതിനിധികളോട് ചർച്ച ചെയ്തു എന്നു പറയുന്ന പ്രസ്താവന ശരിയല്ല. അവിടെ അത്തരത്തിലുള്ള ചർച്ചകൾ ഇതുമായി ബന്ധപ്പെട്ട് നടന്നിട്ടില്ല. ആകെക്കൂടി നടന്നത് അതിരപ്പള്ളി പ്രദേശത്തുള്ള പദ്ധതി നടപ്പിലാക്കണമോ വേണ്ടയോ എന്നുള്ളതിനെക്കുറിച്ചുള്ള പൊതു ചർച്ചയും, മറ്റ് പാരിസ്ഥിതിക സമിതികൾ നടത്തിയ ചർച്ചയുമല്ലാതെ ഇത്തരത്തിലുള്ള ചർച്ച നടത്തിയിട്ടില്ല. ഒരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത്, കാടു കാണുന്നവർ മരം കാണുന്നില്ല. മരം കാണുന്നവർ മനുഷ്യനെ കാണുന്നില്ല, മനുഷ്യനെയും മരങ്ങളെയും അതാതിന്റെ ജീവനത്തിനും അതിജീവനത്തിനുമായി വിടുന്നതായിരിക്കണം യഥാർത്ഥ പാരിസ്ഥിതിക സംരക്ഷണം. അതിനായിരിക്കണം നമ്മുടെ യത്നവും യജ്ഞവും. ഈ റിപ്പോർട്ട് അതിനുപകരിക്കാൻ പറ്റുമോ എന്ന്

നമുക്ക് കൂട്ടായി ആലോചിക്കണം. കടുത്ത നിലപാടുകളെടുക്കാതെ സമചിത്തതയോടുകൂടിയ ഒരു സമവായമായ ചിന്ത നമ്മെ ഭരിക്കണം. അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമ്പോൾ കേരളത്തിലെ കർഷകരുൾപ്പെടെയുള്ള ആളുകൾക്ക് ഇത് നിലനിറുത്തി എങ്ങനെ അതിജീവനം സാധ്യമാകും എന്നുള്ളതിനെക്കുറിച്ചുകൂടി ചിന്തിപ്പിക്കാൻ ഇടയാകണം. ഭരണഘടനയിലെ ആർട്ടിക്കിൾ 48(എ) 1977-ൽ ഇൻകോർപ്പറേറ്റ് ചെയ്തതാണ്. പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുവാനും രാജ്യത്തിലെ വനങ്ങളെയും വന്യജീവികളെയും പരിരക്ഷിക്കുവാനും രാഷ്ട്രം യത്നിക്കേണ്ടതാണ് എന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന 48-ാം ആർട്ടിക്കിൾ സൂചിപ്പിച്ചുകൊണ്ട് ഞാൻ നിറുത്തുകയാണ്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, പശ്ചിമഘട്ട മലനിരകളുമായി ബന്ധപ്പെട്ട് പരിസ്ഥിതിലോല പ്രദേശങ്ങൾ കണ്ടെത്തി അതിർത്തി നിർണ്ണയിക്കുന്നതിനും സംരക്ഷിക്കുന്നതിനുമാവശ്യമായ നിർദ്ദേശങ്ങൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിലേയ്ക്ക് സമർപ്പിക്കുന്നതിന് നിയോഗിച്ച മാധവ് ഗാഡ്ഗിൽ കമ്മിറ്റിയുടെ പഠന റിപ്പോർട്ട് കേരളം മുഴുവനും പ്രത്യേകിച്ച് ഇടുക്കിയിൽ ആശങ്കാജനകമായ സ്ഥിതിവിശേഷം സൃഷ്ടിച്ചിരിക്കുകയാണ്. ജനമനസ്സുകളിൽ ഒരശനിപാതംപോലെ വന്നുഭവിച്ച റിപ്പോർട്ട് നിമയസഭയിൽ ചർച്ച ചെയ്യുന്നതിൽ വളരെയേറെ സന്തോഷമുണ്ട്. ജനങ്ങളുടെ ആശങ്ക ഒരു സബ്മിഷനിലൂടെ ഇവിടെ ഞാൻ അവതരിപ്പിച്ചപ്പോൾ ജനമനസ്സ് തൊട്ടറിഞ്ഞ മുഖ്യമന്ത്രി പ്രതിപക്ഷനേതാവിന്റെയും പ്രതിപക്ഷ ഉപനേതാവിന്റെയും നിയമസഭയുടേയുമൊക്കെ ഇടപെലുകൾകൊണ്ട് ഒരു ചർച്ചയ്ക്ക് അനുമതി നൽകിയത് ജനകീയമായ ഒരു കാഴ്ചപ്പാടിന്റെ ഏറ്റവും ഉദാത്തമായ മാതൃക

തന്നെയാണ്. ഇന്ന് ഈ ചർച്ച നടക്കുന്ന സന്ദർഭത്തിൽ, കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും പ്രത്യേകിച്ച് ഇടുക്കി ജില്ലയിലെ ജനങ്ങൾ പാളയം രക്തസാക്ഷി മണ്ഡപത്തിൽ എല്ലാ രാഷ്ട്രീയ കക്ഷികളും അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരും ഉപവാസം അനുഷ്ടിക്കുന്ന ഈ ദിവസത്തിൽ തന്നെയാണ് ഈ വിഷയം ഇവിടെ ചർച്ചയ്ക്കെടുത്തിട്ടുള്ളത്. ആ ഉപവാസ സമരവുമായി ബന്ധപ്പെട്ട് ഈ നിയമസഭയിൽ നിന്ന് ഒട്ടേറെ എം.എൽ.എ-മാരും മന്ത്രിമാരായ ശ്രീ. കെ.എം.മാണി, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. പി.ജെ. ജോസഫ്, ചീഫ് വിപ്പ് ശ്രീ. പി.സി. ജോർജ്ജ് ഉൾപ്പെടെയുള്ള ആളുകൾ ഉപവാസ സ്ഥലത്ത് വരികയുണ്ടായി. ഈ വിഷയം സഭ ഒരു പൊതുവികാരത്തോടുകൂടി ചർച്ച ചെയ്യപ്പെടുകയാണ്. ഈ റിപ്പോർട്ട് ആർക്കുവേണ്ടിയാണ് എന്ന കാര്യം മനസ്സിലാക്കാൻ കഴിയുന്നില്ല. ഇതിന്റെ ബുദ്ധിമുട്ടനുഭവപ്പെടുന്ന പ്രദേശത്തുനിന്ന് വരുന്ന ഒരു ജനപ്രതിനിധി എന്ന നിലയിൽ ഇതിനെക്കുറിച്ച് മനസ്സിലാക്കി സംസാരിക്കുമ്പോൾ ദുഃഖവും വേദനയുമുണ്ട്. ശ്രീമതി ബിജിമോൾ, ശ്രീ. ചിറ്റയം ഗോപകുമാർ, ശ്രീ. എസ്. രാജേന്ദ്രൻ ഉൾപ്പെടെ ഞങ്ങളെല്ലാവരും കഴിഞ്ഞ വർഷം ഇതേ സമയം മുല്ലപ്പെരിയാർ വിഷയവുമായി ബന്ധപ്പെട്ട് നിരാഹാരം അനുഷ്ഠിച്ചിരുന്നു. നമ്മുടെ നിയമസഭ മുല്ലപ്പെരിയാർ വിഷയം ഒരേ വികാരത്തിലെടുത്ത് ചർച്ച ചെയ്ത് പ്രമേയം പാസ്സാക്കി അയയ്ക്കുകയുണ്ടായി. ദുരന്തത്തിന്മേൽ വീണ്ടും ദുരന്തം വന്നുവീഴുന്ന ഒരു ജില്ലയായി ഇടുക്കി മാറിയിരിക്കുന്നു. ശ്രീ. സി. മമ്മൂട്ടി സംസാരിച്ച ഇ.എഫ്.എൽ വിഷയം വളരെ പ്രസക്തമാണ്. ഇ.എഫ്.എൽ നിയമ പരിരക്ഷ കിട്ടത്തക്കവിധം കേരള നിയമസഭയിൽ ഗവൺമെന്റ്നയം പ്രഖ്യാപിക്കുന്ന സന്ദർഭത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ട് അത് മാറ്റിവച്ചതിന്റെ പേരിൽ ഏറെ ബുദ്ധിമുട്ടനുഭവിച്ച ഒരു ജനമുണ്ട് കേര

ളത്തിൽ . സി.എച്ച്.ആർ-മായി ബന്ധപ്പെട്ട് കോടതിവിധികൾ മാറ്റിവയ്ക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ഈ വിഷയത്തെ സംബന്ധിച്ച് ജനങ്ങൾക്കുള്ള ആശങ്ക അകറ്റാൻ ഏറെ ഉത്തരവാദിത്വമുള്ള ഒരു ജനകീയ സമിതിയാണ് കേരള നിയമസഭ. ഇത് ചർച്ച ചെയ്യുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. ഇവിടെ പരിസ്ഥിതി സ്നേഹികളെ സംരക്ഷിക്കുന്നതിനുവേണ്ടി എന്തിനാണ് സംസാരിക്കുന്നത്? യഥാർത്ഥ പരിസ്ഥിതിവാദികളെ സംരക്ഷിക്കണം. പക്ഷേ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനുവേണ്ടി നടക്കുന്ന എല്ലാവരേയും സംര ക്ഷിക്കേണ്ട ആവശ്യമില്ല. ഒട്ടേറെ ബുദ്ധിമുട്ടുകൾ അക്കാര്യത്തിലുണ്ട്. ധാരാളം ഉദാഹരണങ്ങൾ പറയാനുണ്ട് ആർക്കുവേണ്ടിയാണ് ഇവർ നില കൊള്ളുന്നത്. ഹൈക്കോടതിയിലും സുപ്രീംകോടതിയിലും ലക്ഷങ്ങൾ മുടക്കി കേസ്സിനുപോകാൻ പാവപ്പെട്ട പരിസ്ഥിതി വാദികൾക്ക് എവിടെ നിന്ന് കാശ് കിട്ടി? അവരെ ആര് സംരക്ഷിച്ചു എന്നുള്ളത് പറയണ്ടേ? അതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന പരിസ്ഥിതി തീവ്രവാദ സംഘടനക ളുമായി നടത്തിയ ഗൂഢാലോചനയുടെ ഫലം തന്നെയാണ് മാധവ് ഗാഡ്ഗിൽ റിപ്പോർട്ടിലെ സോൺ നിശ്ചയിച്ചതിലുള്ളതെന്ന് ഞങ്ങൾ കരുതുന്നു. അതു കൊണ്ട് സോൺ ഒന്നിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രദേശങ്ങൾ ...................

ഡോ. കെ. ടി. ജലീൽ: സർ, അത്യാവശ്യവും ആവശ്യവും കടന്ന് അത്യാർത്തിപൂണ്ട് കർഷകരുൾപ്പെടെ നമ്മളെല്ലാവരും പശ്ചിമഘട്ടം തകർക്കുംവിധം നിയമങ്ങൾ ലംഘിച്ചതുകൊണ്ടല്ലേ ഇത്തരമൊരു റിപ്പോർട്ട് വന്നത്? അല്ലെങ്കിൽ ഇങ്ങനെയൊരു പ്രശ്നം ഉണ്ടാകുമായിരുന്നില്ലല്ലോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കേരളത്തിൽ പശ്ചിമഘട്ട മലനിരകളെ ആര് തകർത്തു? ഇതുമായി ബന്ധപ്പെട്ട് എന്ത് പഠനം ഇവിടെ നടത്തി? മാധവ് ഗാഡ്ഗിൽ കമ്മിറ്റി ഇവിടെ വന്ന് ആരോടാണ് പഠനം നടത്തിയത്?

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, കേരളത്തിൽ മാധവ് ഗാഡ്ഗിൽ കമ്മിറ്റിയുടെ റിപ്പോർട്ട് ഏറ്റവും പ്രതികൂലമായി ബാധിക്കുന്ന ജില്ലകൾ വയനാടും ഇടുക്കിയുമാണ്. അതിൽ ഇടുക്കി ജില്ലയിലാണ് ഏറ്റവും കൂടുതൽ ജനവാസമുള്ളത്. അവിടെ പശ്ചിമഘട്ടത്തെ ആരും നശിപ്പിച്ചിട്ടില്ല. ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടി താമസിക്കുന്ന ജനങ്ങൾ മാത്രമേയുള്ളൂ. അവിടത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഒന്നുകിൽ ജീവിക്കുക അല്ലെങ്കിൽ മരിക്കുക എന്ന പ്രശ്നം മാത്രമേയുള്ളൂ എന്ന കാര്യത്തിൽ എന്തെങ്കിലും തർക്കമുണ്ടോ? അത് ഈ സഭ ഉൾക്കൊള്ളണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. സി. മോയിൻകുട്ടി: സർ, പരിസ്ഥിതി സംബന്ധിച്ച് അമിതാവേശം കാണിക്കുന്ന എന്റെ സുഹൃത്തുക്കളോട് എനിക്ക് വിനയപൂർവ്വം ചോദിക്കാനുള്ളത് കേരളത്തിൽ നിന്നും കർണ്ണാടകത്തിൽനിന്നും ഒരു ദിവസം പതിനായിരം വാഹനങ്ങൾ താമരശ്ശേരി ചുരം വഴി പോകുന്നതായാണ് ഗവൺമെന്റിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. രാത്രികാല ഉപരോധം പരിസ്ഥിതി പ്രശ്നങ്ങൾ പരിഗണിച്ചുകൊണ്ടാണെങ്കിൽ രണ്ടോ മൂന്നോ മാൻ കൊലചെയ്യപ്പെട്ടതിന്റെ പേരിൽ ലക്ഷക്കണക്കിന് ആളുകളാണ് അവിടെ കഷ്ടപ്പെടുന്നത്. രാത്രികാല ഉപരോധം നീക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കർണ്ണാടക മുഖ്യമന്ത്രിയും ഒന്നിച്ച് ശ്രമിച്ചിട്ടുപോലും ഇന്നുവരെ പരിഹരിക്കപ്പെട്ടിട്ടില്ല. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. റോഷി അഗസ്റ്റ്യൻ: സർ, ഇവിടെ ഉന്നയിക്കപ്പെട്ട വിഷയങ്ങളൊക്കെ ഏറെ ശ്രദ്ധേയമായ വിഷയങ്ങളാണ്. ഇടുക്കിയെ സംബന്ധിച്ചിടത്തോളം പശ്ചിമഘട്ടത്തിൽ ആരാണ് കടന്നുകയറിയത്? ആരാണ് തകർത്ത

ത്? 1950-കളിൽ ഗ്രോ മോർ ഫുഡ് ബേസിൽ ഈ നിയമസഭ തന്നെയല്ലേ ജനങ്ങളെ അവിടെ കുടിയേറിപ്പാർപ്പിച്ചത്? നമ്മുടെ അംഗീകാരത്തോടുകൂടിയല്ലേ ജനങ്ങൾ അവിടെ ചെന്നെത്തിയത്. ജീവിക്കാൻ വേണ്ടി പാടുപെട്ട് മണ്ണിൽ പണിയെടുത്ത പാവപ്പെട്ട കർഷകന്റെ കണ്ണീരാണ് ഞങ്ങൾ കാണുന്നത്. അവരവിടെ വിയർപ്പൊഴുക്കി പണിയെടുക്കുകയാണ്. ആറേഴു തലമുറകൾ കടന്നുപോയി. പാവപ്പെട്ട ആളുകൾ ജീവിക്കാൻവേണ്ടി, ഏതാണ്ട് നിവർന്നു നിൽക്കാൻ പാകത്തിലായി എന്ന ധാരണ വന്ന സമയത്ത് കൊണ്ടുവന്ന നട്ടെല്ലൊടിക്കുന്ന ഈ തീരുമാനം എങ്ങനെ അംഗീകരിക്കാൻ കഴിയും? അതുകൊണ്ട് ഇത്തരം കാര്യങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ ദുഃഖവും വേദനയും തോന്നുന്നു. അവർ അവിടെ ഭക്ഷ്യോത്പാദനത്തിനുവേണ്ടി പോയതാണ്. കേരളത്തെ രക്ഷിക്കാൻവേണ്ടി പ്രയാസമനുഭവിച്ചവരാണ്. അവിടെപോയി രോഗങ്ങൾ വന്ന് മരണമടഞ്ഞവരുടെ മക്കളെ ഓർത്തുകൊണ്ടാണ് ഞങ്ങൾ സംസാരിക്കുന്നത്. പരിസ്ഥി സംരക്ഷണത്തെക്കുറിച്ച് പറയുന്ന കാര്യങ്ങളിലൊന്നും ഒരു തർക്കവുമില്ല. ഇവിടെത്തെ നിയമ വിഷയങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ഗാഡ്ഗിൽ റിപ്പോർട്ട് ആദ്യം മുതൽ അവസാനം വരെ വായിച്ചാൽ അംഗീകരിക്കാൻ കഴിയുന്നതും കഴിയാത്തതുമായ ശുപാർശകൾ കാണും. പക്ഷേ ഞങ്ങൾക്ക് ഒരു കാര്യമേ ഉള്ളൂ............

ശ്രീ. എസ്. രാജേന്ദ്രൻ: സർ, പരിസ്ഥിതിവാദികളുടെ പ്രശ്നമാണല്ലോ പറഞ്ഞുവരുന്നത്. പട്ടണ പ്രദേശങ്ങളിൽ ഇരുപതും ഇരുപത്തഞ്ചും നിലകളുള്ളതും കായലിനകത്ത് വലിയ കെട്ടിടങ്ങൾ പണിതുവരുന്നതുമായി ബന്ധ

പ്പെട്ട് പരിസ്ഥിതിവാദികൾക്ക് യാതൊരു പ്രശ്നവുമില്ല എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, പരിസ്ഥിയെ സംരക്ഷിക്കുന്നത് ആരാണ്? യഥാർത്ഥത്തിൽ കർഷക സുഹൃത്തുക്കൾ തന്നെയാണ്. മരം വച്ചുപിടിപ്പിക്കുന്നതും നട്ടുവളർത്തുന്നതും കൃഷി ചെയ്ത് ഉപജീവനം കഴിക്കുന്ന കർഷകരാണ്. മെട്രോപൊളിറ്റൻ സിറ്റിയിൽ താമസിക്കുന്നവർ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട് ആ മേഖലയിൽ ജീവിക്കുന്നവർ എവിടെയാണ് മരം വയ്ക്കുന്നത്.? ഒരു മരം വെട്ടിമാറ്റിയാൽ പകരം മറ്റൊരു മരം നട്ടുപിടിപ്പിച്ച് പൈതൃകം കാത്തുസൂക്ഷിക്കുന്ന കർഷകന്റെ നെഞ്ചത്ത് വീഴുന്ന ഇടിത്തീയാണ് ഈ റിപ്പോർട്ട്. യഥാർത്ഥ പരിസ്ഥിതിസ്നേഹികളെ തിരിച്ചറിയാം. ആട്ടിൻതോലിട്ട ചെന്നായ്ക്കളുടെ രൂപത്തിൽ പരിസ്ഥിതിവാദികൾ കടന്നുവന്നാൽ അവരുടെ സ്ഥാനം എവിടെയെന്ന് നിശ്ചയിക്കാൻ പാവപ്പെട്ട മലയോര കർഷകന്റെ കരങ്ങളുടെ ശക്തി പരീക്ഷിക്കേണ്ടിവരും എന്ന് ഞങ്ങൾക്ക് പറയാൻ കഴിയും.

മി. ചെയർമാൻ: അനുവദിച്ച സമയം കഴിഞ്ഞു. അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. സി. ദിവാകരൻ: സർ, അങ്ങയുടെ ആ വികാരത്തോട് ഞങ്ങൾ പൂർണ്ണമായി യോജിക്കുന്നു. പക്ഷേ ഇതിന്റെ ശിൽപ്പി ഞങ്ങളല്ല. എപ്പോഴും അങ്ങ് ഈ വികാരത്തിൽ ഉറച്ചുനിൽക്കണം.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, സഖാവ് സി. ദിവാകരന്റെ അഭിപ്രായത്തോട് യോജിക്കുന്നു. എന്നാൽ ശ്രീ. മുല്ലക്കര രത്നാകരനെകൂടി അങ്ങയോടൊപ്പം നിർത്തണം. ഒരു കാരണവശാലും ഞങ്ങൾ ഈ വികാരത്തിൽനിന്ന് പിറകോട്ട് മാറിയിട്ടില്ല. എന്താണ് ശ്രീ. സി. ദിവാകരൻ ഉദ്ദേശിച്ചതെന്നറി

യില്ല. പാർട്ടിയാണ് ഉദ്ദേശിച്ചതെങ്കിൽ പാർട്ടിപരമായി ഇത്തരം തീരുമാനങ്ങളിൽ അടിയുറച്ച നിലപാട് സ്വീകരിച്ചിട്ടുള്ള നേതൃത്വം, ശ്രീ. കെ.എം. മാണിയുടെ നേതൃത്വത്തിലുള്ള കേരള കോൺഗ്രസ് പാർട്ടിക്കുണ്ട്. ഞങ്ങൾ ഒരിക്കലും പിറകോട്ടില്ല.

മി. ചെയർമാൻ: അങ്ങ് പ്രസംഗം അവസാനിപ്പിക്കണം. അങ്ങേയ്ക്ക് അനുവദിച്ചതിനെക്കാൾ കൂടുതൽ സമയം നൽകി.

ശ്രീ. റോഷി അഗസ്റ്റിൻ: ഇടുക്കിയുമായി ബന്ധപ്പെട്ട വിഷയമല്ലേ? ഇവിടെ സംസാരിച്ച മെമ്പർമാർ എത്രയോ സമയം എടുത്തിരിക്കുന്നു. മാധവ് ഗാഡ്ഗിൽ നൽകിയിട്ടുള്ള റിപ്പോർട്ട് കേരളത്തിന് ചർച്ച ചെയ്യാൻ കിട്ടിയ അവസരമെന്ന നിലയിൽ ഈ റിപ്പോർട്ട് ചർച്ചയ്ക്കെടുത്ത് കേരളത്തിന്റെ തീരുമാനം കേന്ദ്രത്തിൽ സമർപ്പിക്കാനൊരുങ്ങുമ്പോൾ, പരിഗണനയ്ക്കിരിക്കുന്നതേയുള്ളൂ ഭയപ്പെടേണ്ടതില്ല എന്ന് ചിലർ പറഞ്ഞു. പക്ഷേ ഭയപ്പെടാതിരിക്കാൻ കഴിയുമോ? ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമേ അതീവ പരിസ്ഥി മേഖലയായ സോൺ 1-ലെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളൂവെന്ന് നാഷണൽ ഗ്രീൻ ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവ് വന്നിരിക്കുന്നതിനാൽ ഇടുക്കി ജില്ലയിലെ 14 താലൂക്കുകളിലെ പ്രധാന പദ്ധതികൾ നിർത്തിവയ്ക്കേണ്ട അവസ്ഥ കേരളത്തിൽ സംജാതമായിക്കഴിഞ്ഞിരിക്കുന്നു. ഇതിന് ആര് മറുപടി പറയും. ആ പോയിന്റിൽ നിന്നുകൊണ്ടുതന്നെ തീവ്രമായ ഈ വിഷയം നിയമസഭ ഗൗരവമായെടുത്ത് ചർച്ച ചെയ്യുന്നതിൽ ഏറെ താത്പര്യമുണ്ട്. അതുകൊണ്ട് മാധവ് ഗാഡ്ഗിൽ റിപ്പോർട്ടിൽ അംഗീകരിക്കാൻ കഴിയുന്ന

ശുപാർശകളുണ്ടെങ്കിൽ അംഗീകരിക്കാം പക്ഷേ പാവപ്പെട്ട മലയോര കർഷകനുമായി ബന്ധപ്പെട്ടു നിൽക്കുന്ന ............. (മൈക്ക് ഓഫ്)...................

(അദ്ധ്യവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. എ.കെ. ബാലൻ: സർ, ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് 2011 ജൂണിലാണ് സംസ്ഥാന ഗവൺമെന്റിന് ലഭിക്കുന്നത്. സംസ്ഥാന ഗവൺമെന്റിന്റെ പരിസ്ഥിതി വകുപ്പ് ഇതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞ് 31-01-2012-നാണ് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനെ അഭിപ്രായം അറിയിച്ചത്. അതിൽ ആറ് കാര്യങ്ങളാണ് സംസ്ഥാന ഗവൺമെന്റ് പറഞ്ഞത്. ഒന്ന്, പശ്ചിമഘട്ട അതിർത്തി നിർണ്ണയത്തിലെ അശാസ്ത്രീയത അംഗീകരിക്കാൻ കഴിയില്ല. രണ്ട്, അശാസ്ത്രീയമായ സോണിംഗ് നിർണ്ണയം അംഗീകരിക്കാൻ കഴിയില്ല. മൂന്ന്, ഈ സോണിംഗിലെ ചില പ്രവൃത്തികൾ നിരോധിക്കുന്നതുമൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ കമ്മിറ്റി മനസ്സിലാക്കിയിട്ടില്ല. നാല്, ചെറിയ സമയത്തിനുള്ളിൽ കാർഷിക രീതി രാസവളത്തിൽ നിന്ന് ജൈവവളത്തിലേയ്ക്കുള്ള മാറ്റം ഇപ്പോൾ പ്രായോഗികമല്ല. അഞ്ച്, നിയന്ത്രിത പ്രദേശത്ത് ഡാം പണിയുന്നതിനുള്ള നിരോധനം അംഗീകരിക്കാൻ കഴിയില്ല. ആറ്, 35 മുതൽ 50 വർഷം വരെയുള്ള ഡാമുകൾ ഡീ-കമ്മീഷൻ അംഗീകരിക്കാൻ കഴിയില്ല. ഇതാണ് സംസ്ഥാന ഗവൺമെന്റ് ഇതുമായി ബന്ധപ്പെട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചത്. സംസ്ഥാന ഗവൺമെന്റ് എന്ന് പറയുമ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ പരിസ്ഥിതി വകുപ്പാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കീഴിലുള്ള വകുപ്പ് അറിയിച്ചത്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഈ പ്രശ്നം 11-06-2012-ൽ (അതായത്

കഴിഞ്ഞ നിയമസഭയിൽ) ഞാനായിരുന്നു കാളിംഗ് അറ്റൻഷൻ അവതരിപ്പിച്ച ത്. അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള മറുപടിയിൽ ബഹുമാനപ്പെട്ട മുഖ്യ മന്ത്രി അന്ന് പറഞ്ഞത്, മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ സംസ്ഥാനത്തിന് ഒരു വിധത്തിലും സ്വീകാര്യമല്ലെന്ന കാര്യം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട് എന്നാണ്. കേരളത്തിൽ നിലവിലുള്ള നിയമ ങ്ങൾ കൊണ്ട് പശ്ചിമഘട്ട പരിസ്ഥിതിയെ സംരക്ഷിക്കാൻ സാധിക്കുമെന്നുള ളതുകൊണ്ട് മറ്റു നിയമങ്ങളുടെ ആവശ്യമുണ്ടെന്ന് സർക്കാർ കരുതുന്നില്ല. ഒരു എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിച്ച് പഠനം നടത്തിയതിനുശേഷം ആ അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നതാണ്. അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ഒരു എക്സ്പെർട്ട് കമ്മി റ്റിയെ ഗവൺമെന്റ് നിയമിച്ചു. ആ എക്സ്പെർട്ട് കമ്മിറ്റിയുടെ ചെയർമാൻ പരിസ്ഥിതി വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയാണ്. 10 അംഗങ്ങളാണ് ആ കമ്മിറ്റിയിൽ ഉണ്ടായിരുന്നത്. കെ.എസ്.ഇ.ബി., ഇറിഗേഷൻ, ഐ.സി.എഫ്. ആർ.ഐ., ടി.ബി.ജി.ആർ.ഐ, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ബയോ ഡൈവേഴ്സിറ്റി എന്നീ വകുപ്പുകൾ അടങ്ങുന്ന ഒരു കമ്മിറ്റിയുടെ റിപ്പോർട്ട് സമഗ്രമായി അവർ പരിശോധിച്ചു. ഈ റിപ്പോർട്ട് കസ്തൂരിരംഗൻ കമ്മിറ്റിക്ക് ഇപ്പോൾ അയച്ചുകൊടുത്തു. ഈ കമ്മിറ്റി കേരളത്തിൽ ഇനി വരാൻ പോകു കയാണ്. ആ സാഹചര്യത്തിലാണ് ഈ വിഷയം ഇവിടെ ചർച്ച ചെയ്യുന്നത്. ഇതാണ് ഇതിന്റെ പശ്ചാത്തലം. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു കാര്യം ഞാൻ പറയാം. പ്രൊഫ. മാധവ് ഗാഡ്ഗിൽ റിപ്പോർട്ടിലെ ശാസ്ത്രീയവും പ്രായോഗികവും കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതുമായ എല്ലാ നിർദ്ദേശങ്ങളേയും ഞങ്ങൾ അംഗീകരിക്കും. അല്ലാത്തവയെ അംഗീകരി

ക്കാൻ കഴിയില്ല. പരിസ്ഥിതി സംരക്ഷണത്തെ സംബന്ധിച്ച് നേരത്തെ ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഏംഗൽസിന്റെ ഒരു കൊട്ടേഷൻ ഇവിടെ സൂചിപ്പിച്ചു. മൂലധനത്തിന്റെ ഒന്നാം വാല്യത്തിൽ മഹാനായ കാറൽ മാർക്സ് പറഞ്ഞ കാര്യം ഞാൻ പറയാം. മുതലാളിത്ത ഉൽപ്പാദന സമ്പ്രദായം എല്ലാ സമ്പത്തിന്റെയും മൂലസ്രോതസ്സുകളായ മണ്ണിനെയും മനുഷ്യനെയും ചൂഷണം ചെയ്ത് ഊറ്റിക്കളയും. ചൂഷണരഹിതമായ ഒരു സമൂഹത്തിൽ മാത്രമേ പ്രകൃതിയും മനുഷ്യനും സംരക്ഷിക്കപ്പെടുകയുള്ളു. അതുകൊണ്ട് പരിസ്ഥിതിയെ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള സമരത്തെ വർഗ്ഗസമരത്തിന്റെ ഭാഗമായാണ് കമ്മ്യൂണിസ്റ്റുകാർ കാണുന്നത്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ചില കാര്യങ്ങൾ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. ഈ റിപ്പോർട്ട് പരിശോധിക്കുമ്പോൾ ഇതിന്റെ പശ്ചാത്തലവും കൂടി പരിശോധിക്കേണ്ടതായിട്ടുണ്ട്. ഇത് ഒരു നല്ല വിശ്വാസത്തിൽ രൂപം കൊണ്ട റിപ്പോർട്ടാണെന്ന അഭിപ്രായം എനിക്കില്ല. വൈദ്യുതി വകുപ്പ് മന്ത്രിയായിരിക്കുന്ന സമയത്ത് ഞാൻ തന്നെ ഇതിനെതിരായ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയതാണ്. അതിനുശേഷം നിയമസഭയിലും ഈ കാര്യത്തെ സംബന്ധിച്ച് സൂചിപ്പിച്ചതാണ്. ഇതിന്റെ തുടക്കമെന്ന് പറയുന്നത് അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്കുള്ള വനം-പരിസ്ഥിതി വകുപ്പിന്റെ അനുമതി ഏകപക്ഷീയമായി റദ്ദ് ചെയ്യുന്നതിന് അന്നത്തെ വനം-പരിസ്ഥിതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ജയറാം രമേശിന്റെ തീരുമാനത്തിന്റെ തുടർച്ചയായിട്ടാണ് ഗാഡ്ഗിൽ കമ്മിറ്റി രൂപം കൊള്ളുന്നത്. അതുകൊണ്ടാണ് ഗാഡ്ഗിൽ റിപ്പോർട്ടിൽ വലിയൊരു ഭാഗം അതിരപ്പിള്ളി പദ്ധതിക്ക് വേണ്ടി നീക്കി വച്ചിട്ടുള്ളത്. മാത്രമല്ല, ഈ കമ്മിറ്റി സന്ദർശിച്ചിട്ടുള്ള കേരളത്തിലെ ഏകപദ്ധതി പ്രദേശം അതിരപ്പിള്ളി

മാത്രമാണ്. അത് പ്രത്യേകം ശ്രദ്ധിക്കണം. എന്നാൽ പദ്ധതിയെ മാത്രമല്ല കേരളത്തിൽ ഇന്ന് നിലവിലുള്ള ജലവൈദ്യുത പദ്ധതികളെ മുഴുവനും ഇനി രൂപം കൊടുക്കാനിരിക്കുന്ന പദ്ധതികളെയും താപപദ്ധതികളെയും കാറ്റാടി അടക്കമുള്ള അക്ഷയ ഊർജ്ജ പദ്ധതികളെയും തുടങ്ങി മുഴുവൻ ഊർജ്ജ സാധ്യതകളെയും ഈ റിപ്പോർട്ട് ദോഷകരമായി ബാധിക്കും. ഇത് അംഗീകരിച്ചാൽ ഇത്തരം പദ്ധതികളൊന്നും നമുക്ക് നടപ്പിലാക്കാൻ സാധിക്കാത്ത സ്ഥിതി സംജാതമാകും. ഇപ്പോൾത്തന്നെ ഗവൺമെന്റിന്റെ മുന്നിൽ 10-30 പദ്ധതികളുണ്ട്. ഞങ്ങളുടെ കാലഘട്ടത്തിൽ രൂപം കൊടുത്ത 3000 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള പദ്ധതികളൊന്നും തന്നെ നടപ്പിലാക്കാൻ കഴിയില്ലന്നുള്ളതാണ് യാഥാർത്ഥ്യം. ഞാൻ ആ ഭാഗത്തെ മാത്രമാണ് ഈ റിപ്പോർട്ടിന്റെ ഭാഗമായി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. മൂന്ന് പ്രാവശ്യം കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റ അനുമതി ലഭിച്ച പദ്ധതിയാണ് അതിരപ്പിള്ളി പദ്ധതി. വളരെ സൂക്ഷമമായ പരിശോധനയ്ക്കുശേഷമാണ് 1998-ലും 2005-ലും 2007 -ലുമായി 3 തവണ മുഴുവൻ നടപടി ക്രമങ്ങളും പൂർത്തീകരിച്ച് കേന്ദ്ര സർക്കാർ ക്ലിയറൻസ് തന്നത്. ഇങ്ങനെ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി റീ-ടെണ്ടറുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു കേസ് നിലനിൽക്കുന്ന സമയത്താണ് ഒരു പരിസ്ഥിതി പ്രവർത്തകൻ കൊടുത്ത പരാതിയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട അന്നത്തെ വനം-പരിസ്ഥിതി വകുപ്പുമന്ത്രി ശ്രീ. ജയറാം രമേശ് ഏകപക്ഷീയമായി റദ്ദ് ചെയ്യുന്നത്. പരാതിയുടെ മുകളിലാണ് ഏകപക്ഷീയമായി പദ്ധതിയുടെ ക്ലിയറൻസ് റദ്ദ് ചെയ്യുന്നത് തികച്ചും നിയമവരുദ്ധമായ ഈ നടപടിയോട് അദ്ദേഹത്തിന്റെ വകുപ്പിനുപോലും യോജിപ്പ് ഉണ്ടായിരുന്നില്ല. പരിസ്ഥിതി

പ്രവർത്തകരിൽ നിന്ന് മന്ത്രി ഒരു പരാതി വാങ്ങുകയാണ്. **ജാർബിലാദരി** എന്ന് പറയുന്ന ഒരു സംഘടന കൊടുത്ത ഒരു പരാതിയുടെ മുകളിൽ ബഹുമാനപ്പെട്ട ജയറാം രമേശ്, അന്നത്തെ മന്ത്രി ഫയലിൽ എഴുതുകയാണ്. “I have been to Thrissur on the invitation of the Kerala Government on the 7th December 2009. On the 8th,I happened to visit the Chalakkudy River”. എന്നിട്ട് ഇങ്ങനെ പറഞ്ഞുവരികയാണ്. ഈ പദ്ധതി നടപ്പിലാക്കാൻ പറ്റുന്നതല്ലായെന്ന് എനിക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നു. ചുവട്ടിൽ എഴുതുകയാണ്, “Many people have spoken to me regarding these projects and its deleterious consequences”. അതിനുശേഷം വേറൊരു വാചകം പറഞ്ഞു. ഞാൻ മന്ത്രിയായിരിക്കുന്ന സമയത്ത് പറയാതിരുന്നതാണ്. “Sri. T.K.A. Nair is one of them”. രണ്ടാമത് പറയുകയാണ്, “I would like the clearance revoked since I am very much familiar with the project site”. ഒന്നാമത് ഈ ഫയൽ ശ്രീ. ടി.കെ.എ. നായരുടെ പേര് പറയേണ്ടതില്ല. ഞാൻ ഒരു സൈറ്റുമായി വളരെ ഫെമിലിയറാണ്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് മൂന്ന് പ്രാവശ്യം കൊടുത്ത പരിസ്ഥിതി ക്ലിയറൻസ് ഞാൻ റിവോക്ക് ചെയ്യുന്നുവെന്ന് പറയാൻ ഒരു മന്ത്രിക്ക് എന്താണ് അവകാശം? ഇതിന്റെ മുകളിൽ നിന്നാണ് ഇത് തുടങ്ങുന്നത്. ഇത് മനസ്സിലാക്കിയ മന്ത്രി നിയമവിരുദ്ധ പ്രവർത്തനമാണെന്ന് അദ്ദേഹത്തിന്റെ വകുപ്പുതന്നെ ഉപദേശം കൊടുത്തതിനുശേഷം ഇത് സാധൂകരിക്കാൻ വേണ്ടി അതിരപ്പിള്ളി പ്രശ്നം വീണ്ടും ഒരു എംപവേർഡ് എക്സ്പെർട്ട് പാനലിനു വിട്ടു. അദ്ദേഹത്തിന്റെ കീഴിലുള്ള ഒരു ശാസ്ത്ര സാങ്കേതിക വിദഗ്ദ്ധ സംഘത്തിനുവിട്ടു. വിദഗ്ദ്ധ പാനൽ വീണ്ടും

തെളിവെടുപ്പ് നടത്തി. തെളിവെടുപ്പിന്റെ ഭാഗമായി അതിരപ്പിള്ളി പദ്ധതി ഇക്കളോജിക്കലായി ഒരു പ്രശ്നവുമില്ലാത്ത പദ്ധതിയാണ്. മുമ്പ് മൂന്ന് പ്രാവശ്യം ഇത് ക്ലീയറൻസ് കൊടുത്തതാണ്. അതുകൊണ്ട് അത് റിവോക്ക് ചെയ്യേണ്ട പ്രശ്നമില്ലായെന്ന് പറഞ്ഞു. അന്നത്തെ മന്ത്രി ചെയ്തത് അതിരപ്പിള്ളി ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കാൻ വേണ്ടി Western Ghat Ecological Expert Panel -ന് ഉടനെ രൂപം കൊടുത്തു. അതിൽ നിരവധി കാര്യങ്ങൾ പറഞ്ഞ കൂട്ടത്തിൽ പ്രത്യേകിച്ച് അതിരപ്പിള്ളി പദ്ധതിയെയും എടുത്തു പറഞ്ഞു. 2012 ഫെബ്രുവരി 10-നാണ് നീലഗിരി മലനിരകളിലെ കോതഗിരിയിൽ നടന്ന ഒരു പൊതുയോഗത്തിൽ ഈ കമ്മിറ്റിയെ സംബന്ധിച്ച് അദ്ദേഹം പ്രഖ്യാപിക്കുന്നത്. പ്രൊഫ. മാധവ് ഗാഡ്ഗിൽ ചെയർമാനായ 14 അംഗ കമ്മിറ്റിയിൽ കേരളത്തിൽ നിന്ന് ജൈവ വൈവിധ്യ ബോർഡിന്റെ മുൻചെയർമാനായ ഡോ. വിജയനെയാണ് മെമ്പറായി നിശ്ചയിച്ചത്. ഈ കമ്മിറ്റിയിൽ ക്ഷണിതാവായി ചാലക്കുടിപ്പുഴ സംരക്ഷണ സമിതി പ്രവർത്തകയായ ഡോ. ലതയേയും നിശ്ചയിച്ചു. അതിരപ്പള്ളി പദ്ധതി സംബന്ധിച്ച പഠനത്തിനുള്ള പ്രത്യേക ചുമതല ഡോ. ലതയ്ക്ക് നൽകി. ഇതാണ് ഈ കമ്മിറ്റി രൂപീകരണവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഉത്തരവിൽ പറയുന്നത്. ഡോ. വിജയനും ഡോ. ലതയും ആരംഭം മുതൽ അതിരപ്പള്ളി പദ്ധതിയെ എതിർത്തവരാണ്. ഇവരടങ്ങുന്ന ഒരു കമ്മിറ്റിയുടെ നിഗമനം സ്വാഭാവികമായും കേരളത്തിന്റെ താൽപ്പര്യത്തിന് എതിരാകുമെന്ന് ബഹുമാനപ്പെട്ട മന്ത്രിയെ ധരിപ്പിച്ചു. അതുകൊണ്ട് കേരളത്തിൽനിന്ന് ഇവരുടെ അഭിപ്രായത്തെ അംഗീകരിക്കാത്ത ആരെയെങ്കിലും കമ്മിറ്റിയിൽ ഉൾക്കൊള്ളിക്കണമെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട ജയറാം രമേശ് അതിന് തയ്യാറായില്ല. കാരണം അദ്ദേഹം

ആഗ്രഹിച്ച ഒരു റിപ്പോർട്ട് കിട്ടണം, അതിന് ഇവരെത്തന്നെ വച്ചാലേ പറ്റൂ. അതുകൊണ്ട് അതിരപ്പിള്ളി പദ്ധതിയെ ആരംഭം മുതൽ എതിർത്ത രണ്ടു പേരെ അതിൽ വച്ചു. ഇതാകട്ടെ കേരളത്തിൽ ഒരു ജലവൈദ്യുത പദ്ധതിയും തുടങ്ങാനാകാത്ത സ്ഥിതിയിലെത്തിച്ചു. ജലവൈദ്യുതി പദ്ധതി മാത്രമല്ല, നേരത്തേ സൂചിപ്പിച്ചതുപോലെ ഒരു കാറ്റാടിപോലും സ്ഥാപിക്കാനാകാത്ത സ്ഥിതി നമ്മൾ ക്ഷണിച്ചുവരുത്തി. ഒരു മന്ത്രി എനിക്ക് ഇത് ഇഷ്ടമില്ല, എനിക്ക് ബോധ്യപ്പെട്ടിരിക്കുന്നു, എന്നോട് ചിലർ പറഞ്ഞിരിക്കുന്നു എന്നുപറഞ്ഞു കൊണ്ട് മൂന്നുപ്രാവശ്യം കേന്ദ്ര ഗവൺമെന്റിന്റെ, അതും പരിസ്ഥിതി വകുപ്പിന്റെ കീഴിലുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു എക്സ്പേർട്ട് കമ്മിറ്റിയുടെ റിപ്പോർട്ടിനെ റിവോക്ക് ചെയ്യുകയാണ്. ഇവിടെ അവാർഡ് ചെയ്ത പദ്ധതിയാണിത്. അതുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച സമീപനം ഒരു രൂപത്തിലും അംഗീകരിക്കാൻ കഴിയുകയില്ല എന്നുള്ളതുകൊണ്ടു തന്നെ അദ്ദേഹം പിന്നീട് രൂപംകൊടുത്ത ഈ ഗാഡ്ഗിൽ കമ്മിറ്റിയുടെ ഉദ്ദേശത്തെ സംബന്ധിച്ച് സ്വാഭാവികമായും ചില സംശയങ്ങൾ വരികയാണ്. അതിരപ്പിള്ളി പദ്ധതിക്കെതിരെ ഈ റിപ്പോർട്ടിൽ ഉന്നയിക്കുന്ന പ്രധാനപ്പെട്ട പ്രശ്നം ചാലക്കുടിപ്പുഴയിലെ മത്സ്യങ്ങൾക്ക് വംശനാശം സംഭവിക്കുമെന്നതാണ്. ആദ്യം പറഞ്ഞത് ആദിവാസികളുടെ പ്രശ്നമായിരുന്നു. പിന്നീട് ആ പ്രശ്നം പോയി. വെള്ളച്ചാട്ടം ഇല്ലാതാകുമെന്നുള്ളതാണ് പിന്നീട് പറഞ്ഞത്. 1957-നുമുമ്പ് അവിടെ വെള്ളച്ചാട്ടമുണ്ടായിരുന്നില്ല. പൊരിങ്ങൽക്കുത്ത് പദ്ധതിയിൽ നിന്നും എമർജ് ചെയ്യുന്ന വെള്ളമാണ് അതിരപ്പിള്ളി വെള്ളച്ചാട്ടമായി രൂപാന്തരപ്പെടുന്നത്. പിന്നീട് അവർ അത് കാര്യമായി എടുത്തില്ല. ആ രണ്ട് പ്രശ്നങ്ങളും പിന്നീട് ഒഴിവാക്കി. പിന്നെ മത്സ്യ

ത്തെയാണ് പിടിച്ചത്. മത്സ്യവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ചർച്ചയാണ് പിന്നീട് നടന്നത്. ഡോ. വിജയനും ഞാനും ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു സംവാദത്തിൽ ഏർപ്പെട്ടിട്ടുണ്ട്. 31 തരം മത്സ്യങ്ങൾക്ക് വംശനാശം വരുമെന്നാണ് ഗാഡ്ഗിൽ റിപ്പോർട്ടിൽ എടുത്തുപറഞ്ഞിട്ടുള്ളത്. ഈ 31 മത്സ്യങ്ങളിൽ ഒരു മത്സ്യത്തിന്റെ പേര് പറയാൻ ഞാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. മത്സ്യത്തിന്റെ പേര് അദ്ദേഹം പറഞ്ഞില്ല. വംശനാശം സംഭവിക്കുന്ന ഏതെങ്കിലുമൊരു മത്സ്യം, അതും ചാലക്കുടിപ്പുഴയിൽ മാത്രം കാണുന്ന ഒരു മത്സ്യത്തിന്റെ പേര് പറയാൻ പറ്റുമോയെന്ന് ചോദിച്ചു. ഇന്നേവരെ അദ്ദേഹം മറുപടി പറഞ്ഞിട്ടില്ല. ഇത് ശാസ്ത്രീയമായിരുന്നുവെങ്കിൽ ക്രിട്ടിക്കലായിട്ടുള്ള, എൻഡെയഞ്ചേർഡായിട്ടുള്ള, വൾണറബിളലായിട്ടുള്ള, വംശനാശം സംഭവിക്കുന്ന മത്സ്യങ്ങൾ, ചാലക്കുടിപ്പുഴയിൽ മാത്രമുള്ള മത്സ്യങ്ങൾ എഴുതി വച്ചുകൂടായിരുന്നോ ഈ റിപ്പോർട്ടിൽ. ഈ റിപ്പോർട്ടിൽ എവിടെയെങ്കിലും ഈ മത്സ്യത്തിന്റെ പേര് പറയുന്നുണ്ടോ? ലോകത്തിൽ ജൈവ വൈവിധ്യ സംരക്ഷണ പഠനങ്ങൾക്ക് നേതൃത്വം നൽകുന്നത് IUCN (International Union for Conservation of Nature) എന്നുപറയുന്ന ഒരു ആധികാരിക ഏജൻസിയാണ്. വംശനാശം സംഭവിക്കുന്നതും അല്ലാത്തതുമായ മത്സ്യ സ്പീഷീസുകളെക്കുറിച്ചുള്ള പഠനങ്ങൾ നടത്തുന്നതിനുള്ള ആധികാരിക ഏജൻസിയാണിത്. ഈ ഏജൻസിയുടെ 2012-ലെ റിപ്പോർട്ടിൽ കേരളത്തിൽ പതിനൊന്നുതരം മത്സ്യങ്ങൾ വംശനാശഭീഷണി (endangered), ഏഴുതരം മത്സ്യങ്ങൾ വംശനാശ സാധ്യത (vulnerable) നേരിടുന്നുണ്ട് എന്നാണ് പറഞ്ഞിട്ടുള്ളത്. ക്രിട്ടിക്കലായി ഒരു മത്സ്യവുമില്ല. ഗാഡ്ഗിൽ റിപ്പോർട്ടിൽ 31 ഇനം മത്സ്യങ്ങൾ വംശനാശം സംഭവിക്കുമെന്ന് ജനറലായി

പറയുന്നതിനപ്പുറം ഏതെങ്കിലുമൊരു മത്സ്യത്തിന്റെ പേര് പറയാത്ത സാഹചര്യത്തിൽ, മത്സ്യവുമായി ബന്ധപ്പെട്ടുകൊണ്ട് ജൈവ വൈവിധ്യ സംരക്ഷണത്തിന്റെ പേരിൽ മത്സ്യത്തെപ്പിടിച്ചുകൊണ്ടുള്ള കളിയാണ് പിന്നീട് കളിച്ചത്. IUCN പറയുന്ന വംശനാശം നേരിടുന്ന മത്സ്യങ്ങൾ കൂരൽ, പുയിൽ, ചില്ലാങ്കൂരി, കല്ലേമുട്ടി, ഒള്ളിവാള, മഞ്ഞക്കൂരി, ചെങ്കണ്ണിയാൻ (അലങ്കാര മത്സ്യം), കോലാൽ, കല്ലേലൊട്ടി (അലങ്കാര മത്സ്യം) തുടങ്ങിയ പതിനെട്ടിനങ്ങളാണുള്ളത്. ഇവയിലേതെങ്കിലുമൊരു മത്സ്യം ചാലക്കുടിപ്പുഴയിൽ മാത്രം കാണുന്നതാണെന്ന് ഈ റിപ്പോർട്ടിൽ പറയുന്നില്ല. ആദിവാസികളുടെ പേര്, വെള്ളച്ചാട്ടത്തിന്റെ പേര്, മത്സ്യത്തിന്റെ പേര് എന്നിവ പറഞ്ഞുകൊണ്ടാണ് അതിരപ്പിള്ളി പദ്ധതിയെ പൊളിച്ചത്. അതുകൊണ്ടാണ് ഞാൻ പറയുന്നത് ഗുഡ് ഫെയ്ത്തിൽ ഇതിനെ കാണാൻ കഴിയുകയില്ല എന്ന്. മറ്റുമേഖലകളെ സംബന്ധിച്ചുള്ള ഈ കമ്മിറ്റിയുടെ കണ്ടെത്തലുകൾ സ്വാഭാവികമായും ഇതു തന്നെയായിരിക്കും എന്നുള്ളതുകൊണ്ടുതന്നെ ഞാൻ മറ്റുകാര്യങ്ങളെ സംബന്ധിച്ചും സംശയിക്കുകയാണ്.

ശ്രീ. പാലോട് രവി: സർ, അങ്ങ് സി.പി.എം.-ന്റെ പ്രധാനപ്പെട്ട ഒരു നേതാവാണ്. ‘പശ്ചിമഘട്ടത്തെ സംരക്ഷിക്കുക എന്നത് പ്രധാനപ്പെട്ട കടമയായിത്തന്നെ ജനത ഏറ്റെടുക്കണം. പശ്ചിമഘട്ടം ഇന്നുനേരിടുന്ന പല പ്രശ്നങ്ങളും ഗൗരവത്തോടെതന്നെ കമ്മീഷൻ അവതരിപ്പിച്ചിട്ടുണ്ട്. അത് കേരളീയ സമൂഹത്തിൽ ചർച്ച ചെയ്യപ്പെടണം’ അങ്ങയുടെ പാർട്ടി സെക്രട്ടേറിയറ്റ് പ്രസിദ്ധീകരിച്ച രേഖയിൽ പറയുന്നതാണ്. .....(ബഹളം)........ അങ്ങ് ഇവിടെ ഇതു പറയുമ്പോൾ, അങ്ങ് ഇത്രയും പരസ്യമായി ഇതുപറയുമ്പോൾ .....(ബഹളം)........

ശ്രീ. എ. കെ. ബാലൻ: അതിൽ ഉറച്ചുനിൽക്കുന്നുവെന്ന് മാത്രമല്ല പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടിയുള്ള സമരത്തെ വർഗ്ഗസമരമായി കാണാനും അതിന് ജീവൻ കൊടുക്കാൻപോലും കമ്മ്യൂണിസ്റ്റുകാർ തയ്യാറാണ്. അക്കാര്യത്തിൽ യാതൊരു വിയോജിപ്പുമില്ല. അതിൽ ഉറച്ചുനിന്നു കൊണ്ടുതന്നെയാണ് ഞാൻ ഈ അഭിപ്രായം പറയുന്നത്. Incomplete scientific exposition അഥവാ പൂർണ്ണതയില്ലാത്ത ശാസ്ത്രീയ വെളിപ്പെടുത്തലുകളാണ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്. വെസ്റ്റേൺ ഗാട്ട് പ്രദേശത്തെ പരിസ്ഥിതി ദുർബല പ്രദേശമായി എടുത്തുപറഞ്ഞ സ്ഥലങ്ങൾ "Environment Notification Act, 1986" പ്രകാരമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ബാലൻ, അങ്ങയുടെ സമയം അവസാനിച്ചു. ഇനി സംസാരിക്കാൻ എത്ര സമയംകൂടി വേണം?

ശ്രീ. എ.കെ. ബാലൻ: 10 മിനിട്ടുകൂടി വേണം.

മി. ഡെപ്യൂട്ടി സ്പീക്കർ: 5 മിനിട്ടുകൂടി അനുവദിക്കാം.

ശ്രീ. എ.കെ. ബാലൻ: എല്ലാ ആൾക്കാരും കൂടുതൽ സമയം എടുത്തിട്ടുണ്ട്, ഞാൻ അവസാനിപ്പിക്കാം. ഈ ആക്ട് പ്രകാരമല്ല ഇഎദ 1, 2, 3 പ്രദേശങ്ങളെ കണ്ടെത്തിയിട്ടുള്ളത്. കേരളത്തിലെ പശ്ചിമഘട്ട പ്രദേശത്തെ 63 താലൂക്കുകളിൽ 36 താലൂക്കുകളും 152 ബ്ലോക്ക് പഞ്ചായത്തുകളിൽ 80 എണ്ണവും 978 ഗ്രാമപഞ്ചായത്തുകളിൽ 546 എണ്ണവും ഈ സോണുകളിലാണ് വരുന്നത്. എന്ത് ശാസ്ത്രീയ മാനദണ്ഡം, എന്ത് മെത്തഡോളജി ഉപയോഗിച്ചാണ് ഇത് നിശ്ചയിച്ചിട്ടുള്ളതെന്ന് ഇതിനെ സംബന്ധിച്ച് വിവരമുള്ള ഒരു ശാസ്ത്രജ്ഞനും ന്യായീകരിച്ച് പറയുകയില്ല. വെറുതെ ഒരു ഒഴുക്കൻ മട്ടിൽ പറഞ്ഞുപോകുകയാണ് ഈ റിപ്പോർട്ട് ചെയ്തത്. നിലവിലുള്ള സംരക്ഷിത

പ്രദേശങ്ങൾക്കുപുറമേ ഋഎദ 1, 2, 3 സോണുകളിൽ വരുന്ന പ്രദേശങ്ങൾ ഇതിലുൾപ്പെടുന്നുവെന്ന് പൊതുവിൽ പറയുകയല്ലാതെ ശാസ്ത്രീയമായ പഠനത്തിന്റെ ഭാഗമായിട്ടുള്ള സയന്റിഫിക് സാമ്പ്ളിംഗ് പ്രോസസ്സ് ഇതുമായി ബന്ധപ്പെട്ട് നടത്തിയിട്ടില്ല. 1500 കിലോമീറ്റർ ദൈർഘ്യമുള്ള പ്രദേശത്ത് ആകെ ഏഴ് സ്ഥലങ്ങളിലാണ് ഇവർ സന്ദർശിച്ചിട്ടുള്ളത്. കേരളത്തിൽ അതിരപ്പിള്ളിയിൽ മാത്രമാണ് ഇവർ സന്ദർശിച്ചത്. 1,29,000 ച.കി.മീ ആണ് പശ്ചിമഘട്ടപ്രദേശം വരുന്നത്. അതിൽ 16,000 ച.കി.മീ കേരളത്തിൽ മാത്രമാണ്. എന്നുപറഞ്ഞാൽ കേരളത്തിലെ ഭൂമിയുടെ 40% ഇതിൽ വരും. കോടിക്കണക്കിന് ജനങ്ങളെ ബാധിക്കുന്ന, പ്രത്യേകിച്ചും നാണ്യവിളകളെ ആശ്രയിച്ചു ജീവിക്കുന്ന കേരളത്തിലെ കൃഷിക്കാരന്റെ ഒരു വികാരവും ഒരു റിപ്പോർട്ടിൽ ഉൾക്കൊണ്ടിട്ടില്ല. കേരളത്തിൽ ഭൂമിയേയും, പരിസ്ഥിതിയേയും, ജൈവ വൈവിധ്യത്തേയും സംരക്ഷിക്കുന്നതിന് നിലവിൽ 39 നിയമങ്ങളുണ്ട് – സംസ്ഥാന നിയമങ്ങൾ 10 എണ്ണവും കേന്ദ്ര നിയമങ്ങൾ 29 എണ്ണവും. അതിനുപുറമേ എന്തിനാണ് ഇതിനെല്ലാം മുകളിലായി ഒരു എക്സ്ട്രാ ഏജൻസി WGEA (Western Ghats Ecology Authority) രൂപംകൊള്ളുന്നത്; നിലവിലുള്ള നിയമങ്ങളൊന്നും പോരെങ്കിൽ ഒരു പുതിയ നിയമം കൊണ്ടുവന്നാൽപ്പോരേ; അതിനുപകരം നിയമനിർമ്മാണ സഭകൾ കാണാത്ത ഒരു അധികാര കേന്ദ്രംഎന്തിനുവേണ്ടിയാണ്; ഏത് വികസന പ്രവർത്തനങ്ങൾക്കും ഈ ഏജൻസിയുടെ മുന്നിൽ മുട്ടുകുത്തേണ്ട സ്ഥിതിയല്ലേ വരുന്നത്; ഇത് നമ്മുടെ പാർലമെന്ററി ജനാധിപത്യത്തിനുതന്നെ എതിരല്ലേ? ജനങ്ങളുമായി പ്രതിബദ്ധതയില്ലാത്ത നിയമനിർമ്മാണസഭയോട് കൂറില്ലാത്ത ഒരു ഏജൻസി ഈ റിപ്പോർട്ടിന്റെ ഭാഗമായി രൂപംകൊള്ളുകയാണ്. ഏതെങ്കിലും

മേഖലകളിൽ കുറച്ച് അറിവ് നേടിയിട്ടുള്ള പത്തോ പതിനഞ്ചോ ആൾക്കാരുള്ള ഒരു സമിതിയെ ഒരു വിദഗ്ധ സമിതിയെന്ന് പറയാൻ സാധിക്കാത്തത് ഇതിന്റെ ഭാഗമായിട്ടാണ്. കേരളത്തിന്റെ പൊതുസ്ഥിതിയെന്താണ്? രാജ്യത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ 1.1%-മാണ് കേരളത്തിലുള്ളത്. എന്നാൽ രാജ്യത്തിന്റെ മൊത്തം ജനസംഖ്യയുടെ 3.13% കേരളത്തിലാണ്. 110 കൊല്ലത്തിനുമുമ്പ് കേരളത്തിന്റെ ജനസംഖ്യ 68 ലക്ഷമാണ്. അതായത് സ്ക്വയർ കിലോമീറ്ററിന് 200 പേർ. ഇപ്പോഴത്തെ ജനസംഖ്യ 3.34 കോടിയാണ്, സ്ക്വയർ കിലോമീറ്ററിന് 719 ആയി. ഇപ്പോഴത്തെ ഡെൻസിറ്റി അതാണ്. അതായത് നാലിരട്ടിയോളമായി. നമ്മുടെ ഭൂവിസ്തൃതിയായ 38,863 സ്ക്വയർ കിലോമീറ്ററിൽ 11,126 സ്ക്വയർ കിലോമീറ്റർ വനമാണ് - 28.18%. ഇന്ത്യയിലെ വനവിസ്തൃതി കേവലം 19.50% ആണ്. വനത്തിന്റെ വിസ്തൃതി വർദ്ധിക്കുന്നതിലൊന്നും എനിക്ക് യാതൊരു വിയോജിപ്പുമില്ല. പക്ഷെ, മനുഷ്യന് അവിടെ പ്രവേശിക്കുന്നതിനുള്ള ഒരു അനുവാദംകൂടി കിട്ടേണ്ടേ? നിലവിൽ കേരളത്തിന്റെ ഭൂവിസ്തൃതിയിൽ 70%-ഉം, വിവിധ സോണുകളിൽ ഉൾപ്പെടുത്തിക്കൊണ്ട് ഞാൻ നേരത്തേ സൂചിപ്പിച്ച 39 നിയമങ്ങളുടെ തണലിലാണ് വരുന്നത്. 30% മാത്രമാണ് സോണുകൾക്ക് പുറത്തുള്ളത്. സ്വതന്ത്രമായി ഉപയോഗിക്കാൻ കഴിയുന്ന ഭൂമി ഇതുമാത്രമാണ്. ഓരോ വർഷം കഴിയുന്തോറും സ്വതന്ത്രമായി ഉപയോഗിക്കാൻ കഴിയുന്ന ഭൂമിയുടെ അളവ് കുറഞ്ഞുവരികയാണ്. പരിമിതമായ 30% ഭൂമികൊണ്ടാണ് നമ്മൾ ജീവിക്കേണ്ടതും വിവിധ വികസന പ്രവർത്തനങ്ങൾ നടത്തേണ്ടതും. ഈ വസ്തുത നമ്മൾ കാണേണ്ടതുണ്ട്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് പൂർണ്ണമായും നടപ്പിലാക്കിയാൽ കേരളത്തിന്റെ കൃഷി, പശ്ചാത്തല വികസനങ്ങളെല്ലാം സ്തംഭിക്കുമെന്ന് പറയുന്നത് ഇതിന്റെ അടിസ്ഥാനത്തിലാണ്. ഞാൻ നേരത്തേ

സൂചിപ്പിച്ചു ഊർജ്ജ ക്ഷാമം രൂക്ഷമായിയിരിക്കുന്ന കേരളത്തിൽ നമ്മുടെ മുമ്പിലുള്ള പദ്ധതികളെല്ലാം ഈ പഠനത്തിന്റെ ഭാഗമായി നിശ്ചലമാകാൻ പോകുകയാണ്. ഹോസ്ദുർഗ്ഗ് താലൂക്ക് സോൺ–2–ലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; എന്തിനാണ്? ചീമേനി താപവൈദ്യുതി പദ്ധതി പൊളിക്കാൻ. മണ്ണാർക്കാട് സോൺ–1–ലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; എന്തിനാണ്? പാത്രക്കടവ് പദ്ധതി പൊളിക്കാൻ. പുയ്യാംകുട്ടി പദ്ധതി ഇടുക്കി സോൺ–1–ലാണ് പെടുത്തിയിട്ടുള്ളത്, അത് എന്തിനുവേണ്ടിയിട്ടാണ്? പുയ്യാംകുട്ടി പദ്ധതി മുഴുവനായും നശിപ്പിക്കാൻ. രാമക്കൽമേട്ടിലും അട്ടപ്പാടിയിലുമുള്ള കാറ്റ് ഇനി ഉപയോഗിക്കാൻ കഴിയുകയില്ല, കാരണം അത് സോൺ–1–ലാണ്. ഇവിടെ നിലവിലുള്ള എല്ലാ ഡാമുകളും പൊളിക്കണമെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. ഡൈവേർഷൻ സ്കീമുകളൊന്നും പറ്റില്ല. അതിന്റെ അർത്ഥം കുറ്റ്യാടി പദ്ധതി അവസാനിപ്പിക്കണമെന്നാണ്. ഇഷ്ടമുള്ള കൃഷി ചെയ്യാൻ കഴിയുകയില്ല, രാസവളം ഉപയോഗിക്കാൻ കഴിയുകയില്ല. പരിസ്ഥിതി സംരക്ഷിക്കണം, യാതൊരു സംശയവുമില്ല, ഒപ്പം മനുഷ്യന് ജീവിക്കുകയും വേണം. കിടപ്പാടമില്ലാത്ത മനുഷ്യരുടേയും എന്തെങ്കിലും കൃഷി ചെയ്ത് ആവശ്യാനുസരണം ഭക്ഷിക്കുന്നതിനുള്ള പാവപ്പെട്ട മനുഷ്യരുടേയും അവകാശമാണ് ഇവിടെ നിഷേധിക്കുന്നത്. പരിസ്ഥിതിയുടെ പേരിൽ ഇത് അംഗീകരിക്കാൻ കഴിയുകയില്ല. യഥാർത്ഥത്തിൽ പരിസ്ഥിതിയുമായി ബന്ധപ്പെട്ടുകൊണ്ട് നല്ല രൂപത്തിൽ അതിനുവേണ്ടി പ്രവർത്തിക്കുന്ന ആൾക്കാരെയെല്ലാംതന്നെ ഗാഡ്ഗിൽ കമ്മീഷൻ എതിരാക്കുകയാണ് ചെയ്തിട്ടുള്ളത്. പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് പോസിറ്റീവായ ഏത് നിർദ്ദേശവും സ്വാഗതാർഹമാണ്. അതിനുതകുന്ന എല്ലാ പ്രൊപ്പോസലുകളും അംഗീകരിക്കുന്നു. ഒപ്പം നാടിനും ജനതയ്ക്കും ഒരിക്കലും അംഗീകരിക്കാൻ കഴി

യാത്ത ഇതിലെ നിർദ്ദേശങ്ങൾ ഒഴിവാക്കിയേ തീരൂ. ആ വികാരം ഉൾക്കൊണ്ടുകൊണ്ടാണ് ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇത് ചർച്ചയ്ക്ക് എടുക്കുന്നതിന് സഹായിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും പ്രതിപക്ഷ ഉപനേതാവിനെയും സ്പീക്കറേയും അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. എ. എ. അസീസ്: സർ, ഗാഡ്ഗിൽ റിപ്പോർട്ടിൽ പരിസ്ഥിതി സംരക്ഷണത്തിന് ജാഗ്രതയോടെയുള്ള നിരവധി നിർദ്ദേശങ്ങൾ നൽകുമ്പോൾ അവിടെ ജീവിക്കുന്ന മനുഷ്യരുടെ കാര്യം പൂർണ്ണമായും മറന്നിരിക്കുകയാണ്. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിനുമുമ്പ് ജനപ്രതിനിധികളുമായോ അവിടെയുള്ള കർഷക സംഘടനാ പ്രതിനിധികളുമായോ ചർച്ച ചെയ്തിട്ടില്ലെന്നു മാത്രമല്ല ഇടുക്കിയെ സംബന്ധിച്ച് ശാസ്ത്രീയമായി പഠിച്ച് സമഗ്രമായൊരു റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള സ്വാമിനാഥൻ കമ്മീഷനുമായിട്ടുപോലും ഒരുതരത്തിലും ബന്ധപ്പെട്ടിട്ടില്ല. ഈ റിപ്പോർട്ട് പുറത്തുവന്നതിനുശേഷം ഇടുക്കി, വയനാട് ജില്ലകളിലെ ഏഴ് പഞ്ചായത്തുപ്രദേശത്തെ ജനങ്ങൾക്ക് വസ്തു കൈമാറ്റം ചെയ്യുവാനോ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുവാനോ കഴിയുന്നില്ല. ജനങ്ങളാകെ ഭീതിയിലാണ്. ഒരിഞ്ച് ഭൂമിയിൽപ്പോലും അവർക്ക് അവകാശമില്ലാത്ത നിലയിലുള്ളൊരു സമീപനമാണ് വയനാട്, ഇടുക്കി ജില്ലകളിലെ റവന്യൂ അധികാരികൾ സ്വീകരിക്കുന്നത്. കാർഷികമേഖലയെ തകർക്കുന്നതിനും കൃഷിക്കാർ കൃഷിയുപേക്ഷിക്കുന്നതിനും നിർബന്ധിതമാക്കുന്ന നിർദ്ദേശങ്ങളാണ് ഇതിലുള്ളത്. വികസനത്തെ പൂർണ്ണമായും തടയുന്നതും ജനജീവിതത്തെ ഒരുനൂറ്റാണ്ട് പുറകോട്ട്

തള്ളിവിടുന്നതുമാണ് ഈ നിർദ്ദേശങ്ങളിൽ പലതും. കേരളത്തെ വൈദ്യുതി പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുന്ന നിർദ്ദേശങ്ങൾ ഈ റിപ്പോർട്ടിലുണ്ട്. ഇതൊക്കെ പ്രത്യക്ഷത്തിൽ വളരെ ആകർഷകമായി തോന്നാവുന്നതും എന്നാൽ പ്രായോഗിക തലത്തിൽ പരാജയപ്പെടുമെന്ന് ഉറപ്പുള്ളതുമായ നിർദ്ദേശങ്ങളാണ്. കേരളത്തിന് പ്രത്യേകിച്ച് ഇന്ത്യാരാജ്യത്തിന് വിദേശനാണ്യം സമ്പാദിച്ചുതരുന്ന രണ്ട് പ്രധാന ജില്ലകളാണ് ഇടുക്കിയും വയനാടും. ഏലം, കുരുമുളക് റബ്ബർ, എന്നീ ഉൽപ്പന്നങ്ങൾ കയറ്റി അയച്ച് ഇന്ത്യയ്ക്കുതന്നെ വിദേശനാണ്യം സമ്പാദിച്ചുതരുന്ന രണ്ട് ജില്ലകൾ. ഈ ജില്ലകളിലെ കാർഷിക വൃത്തിയിലേർപ്പെട്ടിരിക്കുന്ന കർഷകരെ സംരക്ഷിക്കുവാനുള്ള ബാദ്ധ്യത നമുക്കുണ്ട്. എന്നാൽ പരിസ്ഥിതി സംരക്ഷണത്തിന്റെ കാര്യത്തിലും നമുക്ക് ബാദ്ധ്യതയുണ്ട്. ഈ രണ്ടുകാര്യങ്ങളും സമന്വയിപ്പിച്ചുകൊണ്ടുള്ള സമീപനമാണ് നാം സ്വീകരിക്കേണ്ടത്. അതുകൊണ്ട് കാർഷിക വൃത്തിയിലേർപ്പെട്ടിരിക്കുന്ന കർഷകർ ഇന്ന് അതീവ ഭീതിയിലാണ്. പുതിയതായി ഭവനനിർമ്മാണം നടത്തുന്നതിനും വസ്തു കൈമാറ്റം ചെയ്യുവാനും ധനകാര്യ സ്ഥാപനങ്ങളിൽ കൈവശവസ്തു പണയപ്പെടുത്തി വായ്പയെടുക്കാനും കഴിയാത്ത സ്ഥിതിവിശേഷമാണ് ഇന്ന് നിലവിലുള്ളത്. ആ ഭീതിയകറ്റുകയെന്നുള്ളതാണ് പ്രധാനം. ഈ ഭീതി ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഇടുക്കി ജില്ലയിലെ ജനപ്രതിനിധികളും മറ്റെല്ലാ വിഭാഗം ആളുകളും ചേർന്ന് പാളയം രക്തസാക്ഷി മണ്ഡപത്തിൽ ധർണ്ണനടത്തിയതുതന്നെ. ഒരു ചർച്ചയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഒരു സമന്വയം ഉണ്ടാക്കി അവിടത്തെ ജനങ്ങളുടെ ഭീതിയകറ്റുന്നതിനുള്ള നടപടി ഉണ്ടാകണം. മാധവ് ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ട് അപ്പാടെ തള്ളിക്കളയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്

നിയമസഭ ഒരു പ്രമേയം പാസ്സാക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ പ്രത്യേകിച്ചും പശ്ചിമഘട്ട പ്രദേശത്തെ ജനങ്ങൾക്കിടയിൽ വലിയ ആശങ്കകളും ഭയങ്ങളും നിലനിൽക്കുന്ന സന്ദർഭമാണ്. നിരവധി കിംവദന്തികൾ ജനങ്ങൾക്കിടയിൽ പ്രചരിക്കുകയാണ്. അതുകൊണ്ട് ജനങ്ങൾ വളരെയേറെ ആശങ്കാകുലരാണ്. ആശങ്ക മാറ്റേണ്ടതിന്റെ ഉത്തരവാദിത്വം സംസ്ഥാനസർക്കാരിനുണ്ട്. ആ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ടാണ് നിയമസഭ ഇത്തരത്തിലുള്ളൊരു ചർച്ചയ്ക്ക് തയ്യാറായത്. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും അനുവാദം തന്ന സ്പീക്കറേയും നിർദ്ദേശം മുന്നോട്ടുവച്ച പ്രതിപക്ഷ ഉപനേതാവിനേയും ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. ഈ റിപ്പോർട്ടിൽ പരാമർശിക്കുന്ന കാര്യങ്ങൾ സത്യസന്ധമായി വിലയിരുത്തണം. പലരും ഈ റിപ്പോർട്ട് പൂർണ്ണമായും വായിച്ചിട്ടില്ല. റിപ്പോർട്ടിന്റെ പൂർണ്ണ രൂപം കേരള സംസ്ഥാന ജൈവവൈവിദ്ധ്യബോർഡ് മലയാളത്തിൽ പരിഭാഷ പ്പെടുത്തിയത് മുഖ്യമന്ത്രി നമുക്ക് തന്നിട്ടുണ്ട്. അതിലൊരു വള്ളിപുള്ളി വ്യത്യാസമില്ലാതെ പൂർണ്ണമായ തർജ്ജിമയാണെന്ന കാര്യം പ്രത്യേകം എടുത്തുപറയട്ടെ. ഭൂമിയിലെ 35 ജൈവവൈവിദ്ധ്യ ഹോട്ട്സ്പോട്ടുകളിലൊന്നാണ് പശ്ചിമഘട്ടം. ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണ്ണാടകം, തമിഴ്നാട്, കേരളം എന്നീ ആറ് സംസ്ഥാനങ്ങളിലുള്ള 25 കോടിയോളം ജനങ്ങൾ കുടിക്കാനും കൃഷി ചെയ്യാനുമുള്ള ജലത്തിനെ ആശ്രയിക്കുന്നത് പശ്ചിമഘട്ടത്തിനെയാണ്. ലോകത്തിലെ ഏറ്റവും വലിയ

ഓക്സിജൻ കലവറയാണ് പശ്ചിമഘട്ടം. ഇത് നമ്മുടെ ജീവന്റെ ആധാരശിലയാണെന്ന കാര്യം നാം ആദ്യം തിരിച്ചറിയണം. പശ്ചിമഘട്ടത്തിലെ അശാസ്ത്രീയമായ വികസനപദ്ധതികൾ മൂലം വർദ്ധിച്ചുവരുന്ന വെല്ലുവിളികൾ പരിഗണിച്ച് പാരിസ്ഥിതിക സുസ്ഥിരത ഉറപ്പുവരുത്തിക്കൊണ്ടുള്ള ഉപജീവനം പ്രോത്സാഹിപ്പിക്കുന്നതിനും ഓരോ പ്രദേശത്തിന്റേയും സാദ്ധ്യതകൾ കണ്ടെത്തുന്നതിനുമുള്ള ശാസ്ത്രീയമായൊരു സംവിധാനം വികസിപ്പിക്കുക എന്നതാണ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ ഉദ്ദേശിച്ചിട്ടുള്ളത്. പക്ഷേ, ഏതെങ്കിലും താലൂക്ക് പരിസ്ഥിതിലോല മേഖലയാണെന്ന് പറഞ്ഞാൽ ആ താലൂക്ക് മുഴുവൻ പ്രസ്തുത മേഖലയാണെന്ന് അർത്ഥമില്ല. ഈ റിപ്പോർട്ടിൽ അത് കൃത്യമായും പറയുന്നുണ്ട്. പരിസ്ഥിതി ലോലമേഖലയായി സംരക്ഷണം ആഗ്രഹിക്കുന്ന പ്രദേശങ്ങൾ ആ താലൂക്കിലുണ്ടെന്നുമാത്രമാണ് അതിനർത്ഥം. അത് എവിടെയാണെന്ന് കണ്ടെത്തേണ്ടതും അടയാളപ്പെടുത്തേണ്ടതും ബന്ധപ്പെട്ട പഞ്ചായത്തുകളാണെന്ന് പറയണ്ടേ. അതും ജില്ലാ പരിസ്ഥിതി സമിതി മുതൽ പശ്ചിമഘട്ട പരിസ്ഥിതി അതോറിറ്റി വരെ രൂപീകരിക്കപ്പെടുന്ന ഘട്ടത്തിൽ മാത്രമേ അങ്ങനെയൊരു ചർച്ചതന്നെ പഞ്ചായത്തിലേയ്ക്ക് പോകേണ്ടതുള്ളൂ. പരിസ്ഥിതി പ്രാധാന്യ സ്ഥലങ്ങൾ ഇപ്പോൾ അടയാളപ്പെടുത്തിയിരിക്കുന്നത് പുനപരിശോധിക്കാവുന്നതാണ്. അത് പുനപരിശോധിക്കണം. അത് നമ്മുടെ എല്ലാവരുടേയും ആഗ്രഹമാണ്.

28 താലൂക്കുകളിലായി ആകെ 18 പരിസ്ഥിതി പ്രാധാന്യ സ്ഥലങ്ങളേ ഈ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുള്ളൂ. ഏതൊക്കെ പ്രദേശങ്ങളിൽ ഏതൊക്കെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കണമെന്നും ഏതൊക്കെ പ്രവർത്തനങ്ങൾ

നിയന്ത്രിക്കണമെന്നും അതാത് പ്രദേശങ്ങളിൽ ഗ്രാമാതിർത്തികളും സൂക്ഷ്മ നീർത്തടവും കണക്കിലെടുത്ത് പശ്ചിമഘട്ട പരിസ്ഥിതി അതോറിറ്റിയുടെയും സംസ്ഥാനതല പരിസ്ഥിതി അതോറിറ്റിയുടെയും ജില്ലാതല പരിസ്ഥിതി സമിതികളുടെയും മേൽനോട്ടത്തിൽ ഗ്രാമ പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് നഗരസഭ തുടങ്ങിയവ പോലെയുള്ള അതാതു പ്രദേശങ്ങളിലെ ഭരണകൂട ങ്ങൾക്ക് തീരുമാനിക്കാവുന്നതാണ് എന്ന കാര്യം റിപ്പോർട്ടിലെ പേജ് 40 ഭാഗം 1-ൽ എടുത്തുപറയുന്നുണ്ട്. പരിസ്ഥിതിലോല മേഖലകളിൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതും നിരുത്സാഹപ്പെടുത്തേണ്ടതും എന്തൊക്കെയാ ണെന്ന് റിപ്പോർട്ടിൽ പറയുന്നുണ്ട്. പശ്ചിമഘട്ടത്തിൽ ജനിതകമാറ്റം വരു ത്തിയ വിളകൾ പാടില്ല. ഇത് പുതിയ കാര്യമാണോ. നമ്മുടെ സംസ്ഥാനത്ത് നേരത്തെ ഉണ്ടായിരുന്ന ഒരു നയമാണിത്. അത് ശ്രീ. മുല്ലക്കര രത്നാകരൻ ഇവിടെ ചൂണ്ടിക്കാണിച്ചു. സ്വാമിനാഥൻ കമ്മീഷന്റെ ശുപാർശയും ഇതു തന്നെയാണ്. ജനിതകമാറ്റം വരുത്തിയ വിളകൾ പാടില്ല എന്നുള്ളതാണ്. കഴിഞ്ഞ സെഷനിൽ കൃഷിമന്ത്രി ശ്രീ. കെ. പി. മോഹനൻ ഈ നിയമസഭ യിൽ ഇതുമായി ബന്ധപ്പെട്ട ശ്രദ്ധക്ഷണിക്കലിലും സബ്മിഷനിലും പറഞ്ഞു കേരളത്തിന്റെ നയമതല്ല, ജനിതകമാറ്റം വരുത്തിയ വിത്തുകൾ പ്രോത്സാഹി പ്പിക്കുന്നത് കേരളത്തിന്റെ നയമല്ല എന്ന്. ഇതുതന്നെ കഴിഞ്ഞ ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ശ്രീ. മുല്ലക്കര രത്നാകരനും തുടർന്ന നയം. കടകളിലെയും ടൂറിസ്റ്റ് സ്ഥലങ്ങളിലെയും കച്ചവടസ്ഥാപനങ്ങ ളിലെയും പ്ലാസ്റ്റിക്ക് ഉപയോഗം മുൻഗണനാ ക്രമത്തിൽ ഘട്ടം ഘട്ടമായി ഒഴിവാക്കണം. പ്ലാസ്റ്റിക് നിരോധിക്കണം എന്നുള്ള വാക്കുപോലും ഈ റിപ്പോർട്ടിൽ പറഞ്ഞിട്ടില്ല. മുൻഗണനാ ക്രമത്തിൽ ഒഴിവാക്കണം എന്നു

പറഞ്ഞാൽ ആർക്കെങ്കിലും വിയോജിപ്പുണ്ടാകുമോ. പുതിയ പ്രത്യേക സാമ്പത്തിക മേഖലകൾ അനുവദിച്ചാൽ, നിങ്ങൾ തന്നെ പറഞ്ഞില്ലേ നമ്മുടെ തോട്ടങ്ങൾ 5 ശതമാനം ടൂറിസത്തിനുവേണ്ടി എഴുതിക്കൊടുക്കാനുള്ള ശ്രമം അപകടകരമാണെന്ന്. അപ്പുറവും ഇപ്പുറവും ഇരുന്നുകൊണ്ട് നമ്മൾ വാദിച്ച തല്ലേ. അത് തന്നെയാണ് ഈ റിപ്പോർട്ടിൽ പറയുന്നത്. പുതിയ സാമ്പത്തിക മേഖലകൾ അനുവദിക്കാൻ പാടില്ല. ആർക്കെങ്കിലും വിയോജിപ്പുണ്ടോ. പൊതു ഉടമസ്ഥതയിലുള്ള ഭൂമി ഇനി സ്വകാര്യ ഭൂമിയാക്കരുത്. അതിനർത്ഥം 1977 വരെയുള്ള കൈയേറ്റക്കാർക്ക് നേരത്തെ പട്ടയം കൊടുക്കാൻ തീരുമാനിച്ചവർക്ക് പട്ടയം കൊടുക്കേണ്ടതില്ല എന്നല്ല, അവർക്ക് പട്ടയം കൊടുക്കണം. അവർക്ക് പട്ടയം കൊടുക്കുന്നതോടൊപ്പം പുതിയ കയ്യേറ്റങ്ങൾ പാടില്ല എന്നാണ് ഈ റിപ്പോർട്ടിൽ പറയുന്ന പ്രധാനപ്പെട്ട കാര്യം. കേരളത്തിൽ പുതിയ കയ്യേറ്റം ആരെങ്കിലും അനുവദിക്കുമോ. 1977-ൽ പട്ടയം കൊടുക്കാൻ തീരുമാനിച്ചവർക്ക് പട്ടയം കൊടുക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മലയോര പ്രദേശങ്ങളിൽ പട്ടയം കൊടുക്കാൻ വേണ്ടി 1-1-1977 കട്ട് ഓഫ് ഡേറ്റായി തീരുമാനിച്ചവർക്ക് പട്ടയം കൊടുക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങ് അത് ചെയ്യുമെന്ന് വിശ്വാസമുണ്ട്. അല്ലാതെ പുതിയ കയ്യേറ്റവുമായി ആരെങ്കിലും വന്നാൽ സാധിക്കുമോ. അത് സാധിക്കില്ലായെന്നാണ് ഗാഡ്ഗിൽ റിപ്പോർട്ടിൽ പറയുന്നത്. വനഭൂമി വനേതരാവശ്യങ്ങൾക്കും കൃഷിഭൂമി കാർഷികേതര ആവശ്യങ്ങൾക്കും വകമാറ്ററുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഈ സഭയ്ക്ക് അകത്തും പുറത്തും ഒരു കാര്യം നമ്മളെ പറഞ്ഞ് പഠിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ കൃഷി ഭൂമി കൈമാറ്റം ചെയ്യുന്നത് കൃഷി

ക്കാർക്കുമാത്രമായിരിക്കുമെന്ന് പ്രഖ്യാപിച്ച ഇച്ഛാശക്തിയുള്ള മുഖ്യമന്ത്രി യാണ് ശ്രീ. ഉമ്മൻ ചാണ്ടി. അദ്ദേഹം പറഞ്ഞു കൃഷിഭൂമി ഇനി കൈമാറണമെങ്കിൽ കൃഷിയാവശ്യത്തിനും കൃഷിക്കാർക്കും മാത്രമേ കൈമാറുകയുള്ളൂ എന്ന്. മാധവ് ഗാഡ്ഗിൽ റിപ്പോർട്ടിലും ഇതുതന്നെയാണ് പറയുന്നത്. വനഭൂമി വനേതരാവശ്യങ്ങൾക്കും കൃഷി ഭൂമി കാർഷികേതര ആവശ്യങ്ങൾക്കും കൈമാറ്റരുത്. നിലവിലെ പ്രദേശങ്ങളിലെ ജനസംഖ്യാ വർദ്ധനവിന് ആവശ്യ മായ വിധത്തിൽ വികസനം കൊണ്ടുവരുന്നതിനോ വീടുകൾ വയ്ക്കുന്ന തിനോ ഈ നിയന്ത്രണം ബാധകമല്ല. ഇതിൽ പറയുന്നത് വികസനം മുരടിക്കും പുതിയ വീടുകൾ വയ്ക്കാൻ കഴിയില്ല, വീടുള്ളവരെ കുടിയൊഴി പ്പിക്കും എന്നാണ്. പാരിസ്ഥിതിക മുല്യത്തകർച്ചയേയും പൊതുഗുണ ത്തേയും ആസ്പദമാക്കി നടത്തുന്ന പാരിസ്ഥിതിക ആചാര പഠനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം ഭൗതിക വികസനം. പാരിസ്ഥിക ആചാര പഠനം നടത്താതെ ഭൗതിക വികസനം നടത്താൻ ഇന്ന് നമ്മുടെ നിയമം എവിടെയെങ്കിലും അനുവദിക്കുന്നുണ്ടോ, ഇല്ല. പരിസ്ഥിതി സൗഹൃദ നിർമ്മാണ വസ്തുക്കളുടെയും നിർമ്മാണ രീതികളുടെയും മഴവെള്ളസംഭര ണികളുടെയും പാരമ്പര്യേതര ഊർജ്ജത്തിന്റെയും മാലിന്യ സംസ്കരണത്തി ന്റെയും എല്ലാം അടിസ്ഥാനത്തിൽ പശ്ചിമഘട്ട പരിസ്ഥിതി അതോറിറ്റി കെട്ടിട നിർമ്മാണ മാർഗ്ഗങ്ങൾക്ക് മാർഗ്ഗ നിർദ്ദേശങ്ങളുണ്ടാക്കണം. ഇതിൽ പറഞ്ഞിരി ക്കുന്നത് ഇനി കമ്പിയും സിമെന്റും ഉപയോഗിച്ച് നിർമ്മാണം ഉണ്ടാകില്ല. ഇതുമാത്രമാണോ, മാരകമായ രാസപദാർത്ഥങ്ങൾ സംസ്കരിക്കുന്ന പുതിയ ശാലകൾ സോൺ ഒന്നിലും രണ്ടിലും പാടില്ല. മലിനീകരണങ്ങൾ കർശന മായി പാലിച്ചുകൊണ്ട് ഇവ മൂന്നാം സോണിൽ തുടങ്ങാം. പ്രാദേശിക ജൈവ വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായങ്ങൾ

നിർബന്ധമായും പ്രോത്സാഹിപ്പിക്കണം. നിയമവിരുദ്ധ ഖനനം അടിയന്തര മായി നിറുത്തലാക്കണം. ഉയർന്നപ്രദേശങ്ങളിലെ സ്വാഭാവിക ജലസംഭരണി കളും മറ്റും സംരക്ഷിക്കണം. ശാസ്ത്രീയ പരിഹാര മാർഗ്ഗങ്ങളൂടെ സഹായത്തോടെ ജനകീയ പങ്കാളിത്തത്തിൽ ജലത്തിന്റെ ഗുണവും പുഴയുടെ ഒഴുക്കും മെച്ചപ്പെടുത്തണം. കഴിഞ്ഞ ദിവസം ജലസേചന വകുപ്പു മന്ത്രി എം.എൽ.എ.മാരെ മുഴുവൻ വിളിപ്പിച്ച കാര്യം ഇതിന്റെയൊക്കെ കണ്ടന്റ്, ഇതിൽ പറയുന്ന പ്രധാന കാര്യം മനസ്സിലാക്കിക്കാനാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ ഇതിനെ എതിർക്കുന്ന ആളുകൾ പ്രധാനമായും ഉന്നയിക്കുന്ന ഒരു ആരോപണം ഈ പശ്ചിമഘട്ട മലനിരകളിൽ താമസിക്കുന്ന ജനപഥങ്ങൾ അവിടെ നിന്ന് ഒഴിവാക്കപ്പെടുമെന്നുള്ളതാണ്. Exclusion for the development and for the conservation both are wrong. വികസനത്തിനുവേണ്ടിയിട്ടാണെങ്കിലും പരിസ്ഥിതിസംരക്ഷണത്തിനുവേണ്ടി യിട്ടാണെങ്കിലും ജനങ്ങൾ ജീവിക്കുന്ന ആവാസ വ്യവസ്ഥയിൽ നിന്നും അവരെ തെരുവിലേയ്ക്കും ചേരികളിലേയ്ക്കും വലിച്ചെറിയപ്പെടുന്നതിന് എല്ലാപേരും എതിരാണ്. ഇവിടെ പരിസ്ഥിതി പ്രവർത്തകരെക്കുറിച്ച് നേരത്തെ സംസാരിച്ച മെമ്പർ ശ്രീ. ജോസഫ് വാഴക്കൻ ആരോപണം ഉന്നയിച്ചു. ഇവിടെ കിംവദന്തികൾ പ്രചരിപ്പിക്കുകയാണ്. അവിടെ ജൈവ കൃഷി നടത്തണമെന്നും കന്നുകാലിവളർത്തൽ പ്രോത്സാഹിപ്പിക്കണമെന്നും പറഞ്ഞാൽ മനുഷ്യരെ ആട്ടി ഓടിച്ചിട്ട് അവിടെ കടുവ ജൈവ കൃഷി നടത്തു കയും കാട്ടുപോത്ത് അവിടെ കന്നുകാലി വളർത്തുകയും ചെയ്യുമോ. ഓർഗാനിക് കൃഷി എന്നത് മനുഷ്യർക്കുവേണ്ടിയിട്ടാണ് പറഞ്ഞിരിക്കുന്നത്. ഇവിടെ യഥാർത്ഥത്തിൽ അനർഹരായി ഖനനം നടത്തുന്ന ആളുകളും കാട്ട്

തടി വെട്ടിവിൽക്കുന്ന ആളുകളും മണൽ വാരുന്ന വലിയ മണൽ മാഫിയ സംഘങ്ങളും ഉൾപ്പെടെയുള്ള കുറേ ആളുകളാണ് ഈ കിംവദന്തികൾ പ്രചരിപ്പിക്കുന്നത് എന്നു പറഞ്ഞാൽ ശരിയല്ലേ.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, മലയോരപ്രദേശത്തെ പാവപ്പെട്ട കൃഷിക്കാരും ശുദ്ധരുമായ ആളുകൾ മണ്ണിൽ പണിയെടുത്ത് കറുത്ത മണ്ണിനെ പൊന്നാക്കി മാറ്റുന്നവരാണ്. അവരെ സംരക്ഷിക്കണം. അവർക്ക് ഒരു പോറൽപോലും ഏൽപ്പിക്കാൻ പാടില്ല. അവരുടെ നിലവിലുള്ള ആവാസ വ്യവസ്ഥയും ജീവിത സാഹചര്യവും ദുർബലപ്പെടുത്താൻ പാടില്ല എന്ന കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമില്ല. അത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നയമാണെന്ന് കൂടി ഈ സന്ദർഭത്തിൽ ഒരു കോൺഗ്രസ് അംഗം എന്ന നിലയിൽ ഞാൻ പറയുവാൻ ആഗ്രഹിക്കുകയാണ്. അവിടെ തെറ്റിദ്ധാരണ പരത്താൻ ശ്രമിക്കുകയാണ്. ശ്രീ. വി.ഡി.സതീശൻ ഇവിടെ ഉന്നയിച്ചതുപൗലെ ജനങ്ങൾക്കിടയിൽ ഇത് എന്താണെന്ന് ബോധ്യപ്പെടുത്താതെ അവിടെ പ്രസംഗം നടത്തുന്ന ആളുകളിൽ ചില സ്ഥാപിത താല്പര്യക്കാരുണ്ട് എന്നുള്ളത് സംശയിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്കൊരഭ്യർത്ഥനയുണ്ട്. കേരള സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡ് ഈ കഴിഞ്ഞ ദിവസം ഇറക്കിയ റിപ്പോർട്ടിൽ കേരളത്തെ സംബന്ധിക്കുന്ന പ്രധാന ഭാഗങ്ങൾ പ്രിന്റ് ചെയ്ത് മലയോര പ്രദേശത്ത് മാത്രമല്ല ഇതുമായി ബന്ധപ്പെട്ട മുഴുവൻ ജനങ്ങൾക്കും കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. അത് ഒന്നോ രണ്ടോ ആഴ്ചകൾക്കുള്ളിൽ ജനങ്ങളിൽ എത്തിച്ചാൽ ഇപ്പോൾ ജനങ്ങൾക്ക് ഉണ്ടാകുന്ന ആശങ്ക മുഴുവൻ തീരും. ജനങ്ങൾ തിരിച്ചുവരും.

ശ്രീ. സി. ദിവാകരൻ: സർ, ഞങ്ങൾക്ക് സർക്കുലേറ്റ് ചെയ്ത ഗവൺമെന്റിന്റെ റെസ്പോൺസിൽ പറയുന്നത്. “a building code should be evolved by the **WGEA** which include interallia ecofriendly building materials and construction methods minimising the use of steel, cement, and sand providing water harvesting methods, non-conventional energy, the waste treatment, the application of the detailing of the frame work would be done by the local authority suit local conditions.” ഇതിൽ നമ്മുടെ ഗവൺമെന്റിന്റെ അഭിപ്രായം, അൺ അക്സപ്റ്റബിൾ. പ്രിയപ്പെട്ട ശ്രീ. പ്രതാപൻ പറയുന്നത് അങ്ങനെയൊന്നുമില്ല. വീട് നിർമ്മാണത്തിൽ പോലും അതിന്റെ ഗൈഡ് ലൈൻ ഈ ഗാഡ്ഗിൽ റിപ്പോർട്ടിൽ പറയുന്നുണ്ട്. അത് സ്റ്റേറ്റ് ഗവൺമെന്റിന് സ്വീകാര്യമല്ല. ഇങ്ങനെ സ്റ്റേറ്റ് ഗവൺമെന്റിന് സ്വീകാര്യമല്ലാത്ത പല കാര്യങ്ങളും ഇതിലുണ്ട്. അതെല്ലാം നല്ല കാര്യങ്ങളാണോ?

ശ്രീ. ടി. എൻ. പ്രതാപൻ: അങ്ങു പറഞ്ഞത് ശരിയാണ്. പരിസ്ഥിതിക്കനുയോജ്യമായ രീതിയിലുള്ള കെട്ടിട നിർമ്മാണമാണ് പ്രോത്സാഹിപ്പിക്കേണ്ടതെന്നു പറഞ്ഞതിനെ സംബന്ധിച്ച് ഗവൺമെന്റ് കൊടുത്തിരിക്കുന്ന മറുപടിയിൽ ഗവൺമെന്റ് സ്വീകാര്യമല്ല എന്നത് ഗവൺമെന്റിന്റെ പോളിസിയിൽ പറഞ്ഞിട്ടുണ്ട്. ഞാൻ പറയുന്നത് ഇതുമായി ബന്ധപ്പെട്ട കാര്യത്തിൽ അവിടെ ലോക്കലായ ഉത്പന്നങ്ങൾ ഉപയോഗിച്ച് പരമാവധി കെട്ടിട നിർമ്മാണം നടത്താൻ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇതിൽ ഗാഡ്ഗിൽ ഉദ്ദേശിക്കുന്നത്................ഇതെന്റെ അഭിപ്രായമല്ല. ഇത് ഗാഡ്ഗിൽ

റിപ്പോർട്ടിന്റെ കോപ്പിയാണ്. ചില പ്രവൃത്തികൾക്ക് സംരക്ഷണ സേവന വേതനം ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് ചെയ്യുന്നുണ്ട്. പാരമ്പര്യ വിത്തുകൾ ഉപയോഗിച്ച് കൃഷി ചെയ്യുന്ന കൃഷിക്കാർക്കും കന്നുകാലികളെ വളർത്തുന്ന വർക്കും നാടൻ മത്സ്യങ്ങളെ ടാങ്കിൽ വളർത്തുന്ന കൃഷിക്കാർക്കും കാവുകൾ സംരക്ഷിക്കുന്നവർക്കും സംരക്ഷണ വേതനം കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്.. മുപ്പത് ശതമാനത്തിലധികം ചരിവുള്ള ഭൂമിയിൽ ഹ്രസ്വകാല കൃഷിയിൽ നിന്നും ദീർഘകാല കൃഷിയിലേക്ക് മാറുന്ന ചെറുകിട കൃഷിക്കാർക്ക് പ്രത്യേക സേവന വേതനം കൊടുക്കണം. മുപ്പത് ശതമാനത്തി ലധികം ചരിവുള്ള ഭൂമിയിൽ കൃഷി ചെയ്യുന്ന റബ്ബർ കൃഷിക്കാർ, തേയില കൃഷിക്കാർ, ഏലത്തോട്ട കൃഷിക്കാർ തുടങ്ങിയവർക്ക് സംരക്ഷണ സേവന വേതനം കൊടുക്കണമെന്ന് പറയുന്നുണ്ട്.

മി. സ്പീക്കർ: ശ്രീ. ടി. എൻ. പ്രതാപൻ പ്ലീസ് കൺക്ലൂഡ്. ആവശ്യ ത്തിന് സമയം തന്നു.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഞാൻ കൺക്ലൂഡ് ചെയ്യാം. കേരളം പോലെ ജനസാന്ദ്രമായയിടങ്ങളിൽ താലൂക്ക് തലത്തിലുള്ള അതിർത്തികൾ സോണിംഗിന് തെരഞ്ഞെടുത്തത് പ്രശ്നമുണ്ടാക്കിയിട്ടുണ്ട്. വില്ലേജ് തലത്തിൽ എടുത്താൽ പോലും അപാകത കടന്നുകൂടുന്ന സ്ഥലമാണ് കേരളം. അതിനാൽ ഗ്രൗണ്ട് ചെക്കിംഗിലൂടെ സോൺ ബൗണ്ടറികൾ കേരള ത്തിൽ പുനർ നിർണ്ണയം നടത്തണം, ഇതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉണ്ടായിരിക്കണം. സേണിംഗിൽ വന്നിരിക്കുന്ന അപാകത പരിഹരിക്കലാണ് ഇതിൽ വന്നിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം. കഴുകൻ കണ്ണുകളും കൂർത്ത നഖങ്ങളും കൊക്കുകളുമായി നമ്മുടെ പ്രകൃതിയെ കൊത്തിയെടുത്ത് നശിപ്പിക്കാനുള്ള ഏത് ശ്രമത്തെയും അവസാന ശ്വാസം

വരെ കരുതിയിരുന്നേ മതിയാകൂ. കരുതലും വികസനവും എന്ന ലക്ഷ്യം പൂർത്തിയാക്കുന്നതിന് ഈ റിപ്പോർട്ട് സഹായകരമാണ്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടില്ല. അതൊരു റിപ്പോർട്ട് മാത്രമാണ്. അപ്രായോഗികമായ ജനജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന റിപ്പോർട്ടിലെ പരാമർശങ്ങൾ മാറ്റുവാൻ സർക്കാരിന് ഇനിയും ശക്തമായി ഇടപെടാം. ഡോ. കസ്തൂരിരംഗൻ കമ്മിറ്റിയെ അതിന് വേണ്ടി തന്നെയാണ് നിയമിച്ചത്. പശ്ചിമഘട്ട മലനിരകൾ നമ്മുടെ ഏറ്റവും വിലപ്പെട്ട സ്വത്താണ്. അവിടെ നിന്നാണ് നമ്മുടെ 44 നദികളും ഉത്ഭവിക്കുന്നത്. രൂക്ഷമായ ജലക്ഷാമവും വരൾച്ചയും ഭീഷണിയും നിലനിൽക്കുമ്പോൾ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് പൂർണ്ണമായും തള്ളികളയണമെന്ന് ആരെങ്കിലും പറയുന്നുവെങ്കിൽ അവർ കേരളത്തെയോ ഭാവിതലമുറയെയോ സ്നേഹിക്കുന്നവരല്ല. ഈ മണ്ണിനും മനുഷ്യനും വേണ്ടി നിൽക്കുന്നവരല്ല. നമ്മുടെ ഭാവി തലമുറയ്ക്കുവേണ്ടി കരുതി വയ്ക്കുവാനുള്ള കരുതൽ ധനമാണ് നമ്മുടെ പശ്ചിമഘട്ടം. അതിനെ സംരക്ഷിക്കണം.

ശ്രീ. രാജു എബ്രഹാം: സർ, കഴിഞ്ഞ തലമുറ യാതൊരു പോറലുമില്ലാതെയായിരുന്നു പ്രകൃതിയെ നമുക്ക് തന്നത്. ആ പ്രകൃതിയെ യാതൊരു പോറലുമില്ലാതെ തന്നെ അടുത്ത തലമുറക്ക് നൽകുകയെന്നതാണ് നമ്മുടെയെല്ലാവരുടെയും കടമ. പ്രകൃതിയെ സംരക്ഷിക്കുക എന്നുള്ളത് നമ്മുടെയെല്ലാവരുടെയും വികാരമാണ്. എല്ലാ എം.എൽ.എമാരും മുഴുവൻ ജനങ്ങളും പ്രകൃതിയെ സംരക്ഷിക്കാൻ ഒരേ നിലപാട് സ്വീകരിക്കുന്നവരാണ്. എന്നാൽ ഗാഡ്ഗിൽ റിപ്പോർട്ട് നമ്മുടെ പ്രകൃതിയെ സംരക്ഷിക്കുന്നതിന് പകരം വളരെ ബോധപൂർവ്വം വിവാദങ്ങളുണ്ടാക്കി നമ്മുടെ പ്രകൃതി സംരക്ഷണത്തെ അട്ടിമ

റിക്കാൻ കൊണ്ടുവന്നിരിക്കുന്ന റിപ്പോർട്ടാണെന്നാണ് എനിക്ക് ആദ്യമായി സൂചിപ്പിക്കാനുള്ളത്. ഇത്രയും വലിയ വിവാദങ്ങൾ ഉണ്ടാക്കാനുള്ള കാര്യങ്ങൾ ഈ റിപ്പോർട്ടിൽ ഒരു കാരണവശാലും കൊണ്ടു വരരുതായിരുന്നു. ആ റിപ്പോർട്ടിന്റെ ആമുഖത്തിൽ പറഞ്ഞിരിക്കുന്ന ചില കാര്യങ്ങളാണ് ബയോഡൈവേഴ്സിറ്റി റിപ്പോർട്ടെന്നു പറഞ്ഞുകൊണ്ട് എന്റെ സ്നേഹിതൻ ശ്രീ. ടി. എൻ. പ്രതാപൻ ഇവിടെ പറഞ്ഞിട്ടുള്ളത്. റിപ്പോർട്ടിൽ ക്ലിയറായി പറഞ്ഞിരിക്കുന്നത് വനമേഖലയിലും കൃഷി സ്ഥലങ്ങളിലും യാതൊരുവിധ മാറ്റവും പാടില്ല. യാതൊരുവിധ മാറ്റവും പാടില്ലയെന്നു പറയുമ്പോൾ കേരളത്തിൽ ഇനി ഒരു പട്ടയവും കൊടുക്കാൻ കഴിയില്ലെന്ന് വളരെ വ്യക്തമായി തന്നെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. അവിടെ താമസ സൗകര്യങ്ങൾക്കു വേണ്ടി ചെറിയ തോതിൽ മാറ്റങ്ങളാകാം. അതായത് ഒരു വീടും അവിടെ നിർമ്മിക്കാൻ പാടില്ല. ജനസംഖ്യ വർദ്ധിക്കുകയാണെങ്കിൽ അവിടെ താമസ സൗകര്യങ്ങൾക്കു വേണ്ടി ചെറിയ തോതിൽ മാറ്റങ്ങളാകാം. അതിന് വെസ്റ്റേൺ ഗാട്ട് എക്കോളജി എക്സ്പെർട്ട് പാനലിന്റെ അനുമതി വേണം. ഒരു വീടു വയ്ക്കണമെന്നുണ്ടെങ്കിൽ എൻവയോൺമെന്റൽ ഇംപാക്ട് സ്റ്റഡി നടത്തണം. എവിടേയ്ക്കാണ് നമ്മൾ പോകുന്നത്. ഇത് ബയോ ഡൈവേഴ്സിറ്റിയുടെ റിപ്പോർട്ടാണ് വളരെ ക്ലിയറായി പറഞ്ഞിരിക്കുകയാണ്. ഒരു കാര്യം ആദ്യം തന്നെ സൂചിപ്പിക്കാം, എന്റെ നിയോജക മണ്ഡലം പൂർണ്ണമായി ഇതിൽ വരികയാണ്. അവിടെയാണ് ശബരിമല സ്ഥിതി ചെയ്യുന്നത്. ശബരിമലയെ ബോധപൂർവ്വം തകർക്കാൻ കൊണ്ടുവന്നിരിക്കുന്ന റിപ്പോർട്ടാണിത്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. നിർമ്മാണ പ്രവർത്തനങ്ങൾ അവിടെയെവിടെയാണ് നടത്താൻ കഴിയുക. അവിടെ മാസ്റ്റർ പ്ലാൻ നടപ്പാക്കുവാൻ കഴിയുമോ? അവിടെ റോഡ് നിർമ്മാണം നടപ്പാക്കാൻ കഴിയുമോ

വളരെ ക്ലിയറായി തന്നെ പറഞ്ഞിരിക്കുകയാണ്. ശബരിമലയിലും നിലയ്ക്കലുമുൾപ്പെടെയുള്ള പ്രദേശങ്ങളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ഒരു വികസന പ്രവർത്തനങ്ങളും അവിടെ നടപ്പാക്കാൻ കഴിയില്ല. അതു വളരെ ക്ലിയറായി തന്നെ പറയുന്നുണ്ട്. ശാസ്ത്ര സാങ്കേതിക വിദ്യ എന്ന ഹെഡ്ഡിൽ എല്ലാവിധ പുതിയ പദ്ധതികളും ഡാമുകൾ, ഖനികൾ, ടൂറിസം, വീടുപണികൾ എന്നിവ ശരിയായ വിലയിരുത്തലിന് ശേഷം മാത്രമേ അനുമതി നൽകാവൂ എന്നാണ്. ശബരിമലയടക്കമുള്ള പ്രദേശങ്ങളിൽ ഒരു നിർമ്മാണ പ്രവർത്തനവും നടക്കില്ല. നിർമ്മാണ പ്രവർത്തനം അസാധ്യമാണ്.

ശ്രീ. പി. സി. ജോർജ്: സർ, കഴിഞ്ഞ വർഷം തമിഴ്നാട്ടിൽ നിന്നും വന്ന അയ്യപ്പ ഭക്തൻമാരുടെ എണ്ണം വളരെ കുറവായിരുന്നു. അതിന് കാരണം പരിശോധിച്ചപ്പോൾ തമിഴ്നാട്ടിൽ വേറൊരു ശബരിമല ഉണ്ടാക്കി വച്ചിരിക്കുകയാണ്. ഇപ്രാവശ്യവും ആന്ധ്രയിൽ നിന്നും കർണ്ണാടകത്തിൽ നിന്നും അയ്യപ്പ ഭക്തൻമാർ വരുന്നുണ്ട്. തമിഴ്നാട്ടിൽ നിന്നും വരുന്നവരുടെ എണ്ണം വീണ്ടും കുറഞ്ഞിരിക്കുകയാണ്. ഇതിന്റെ അർത്ഥം, ***** **** [1]എനിക്ക് യാതൊരു സംശയവുമില്ല. ആ വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. രാജു എബ്രഹാം: സർ, തേനിക്കടുത്ത് ഒരു അയ്യപ്പക്ഷേത്രമുണ്ട്. മുല്ലപ്പെരിയാർ പ്രശ്നം വന്നപ്പോൾ തീർത്ഥാടകർ അവിടെ വന്ന് മടങ്ങി പോവുകയാണുണ്ടായത്. ഇവിടെ ഗതാഗതത്തെ സംബന്ധിച്ച് പറയുന്നത്......

ശ്രീ. വി. ഡി. സതീശൻ: സർ, രാജ്യതാത്പര്യത്തെ പരിഗണിച്ചുകൊണ്ട് ബഹുമാന്യനായ എന്റെ സ്നേഹിതൻ ചീഫ് വിപ്പ് ശ്രീ. പി.സി. ജോർജ് ഇപ്പോൾ സഭയിൽ നടത്തിയ പരാമർശം രേഖയിലുണ്ടാവാൻ പാടില്ല. വളരെ ഗുരുതരമായ ആരോപണമാണ് അദ്ദേഹം ഉന്നയിച്ചത്. ഒരു കാരണവശാലും

[1] നീക്കം ചെയ്തു.

അത് രേഖയിലുണ്ടാകാൻ പാടില്ല. *** *** ***അദ്ദേഹം പറഞ്ഞത്. അത് ശരിയല്ല.

മി.സ്പീക്കർ: ആവശ്യമില്ലാതെ വികാരപരമായി ക്ഷോഭമുണ്ടാകുന്ന തരത്തിലുള്ള പരാമർശങ്ങളൊന്നും നിയമസഭയിൽ ബഹുമാനപ്പെട്ട ഒരംഗവും നടത്താൻ പാടില്ല. അത് രേഖയിലുണ്ടാവുകയില്ല.

ശ്രീ. രാജു എബ്രഹാം: സർ, പുതിയ റെയിൽവേ ട്രാക്കുകളോ പ്രധാന റോഡുകളോ പാടില്ല. പാരിസ്ഥിതിക പഠനത്തിന് വിധേയമാക്കുകയും നിയന്ത്രിക്കുകയും സാമൂഹ്യ കണക്കെടുപ്പ് നടത്തുകയും വേണം. എന്നുപറഞ്ഞാൽ ശബരി റെയിൽവേ പദ്ധതി സമ്പൂർണ്ണമായി പൊളിച്ചിരിക്കുന്നു. അവിടെ മാത്രം ഒതുങ്ങി നിൽകുന്നില്ല, വൈദ്യുതിയെ സംബന്ധിച്ചിടത്തോളം കാലാവധി കഴിഞ്ഞ......... ബഹുമാനപ്പെട്ട ശ്രീ. അഹ്മദ് കബീർ, വാട്ട് ഈസ് ഡീകമ്മിഷനിംഗെന്ന് എന്നോട് ചോദിക്കുകയുണ്ടായി, വളരെ ക്ലിയറായി തന്നെ പറയുകയാണ് കാലാവധി കഴിഞ്ഞ ഡാമുകളുടെയും താപനിലയങ്ങളുടെയും പ്രവർത്തനം നിർത്തലാക്കുക. അതിന് ശേഷം ബ്രായ്ക്കറ്റിൽ പറഞ്ഞിരിക്കുകയാണ് ഡാമുകളുടെ പരമാവധി കാലാവധി മുപ്പത് മുതൽ അമ്പത് വർഷം. ഇടുക്കിക്കും ശബരിഗിരിക്കും പകരമായി 10 മെഗാവാട്ട് അല്ലെങ്കിൽ അതിന് താഴെയുള്ള പദ്ധതികളാവാം. അതായത് 800 മെഗാവാട്ട് പോകും 20 മെഗാവാട്ടുണ്ടാക്കാം. ഇതിനെയാണ് അനുകൂലിക്കണമെന്ന് പറയുന്നത്. ബയോ ഡൈവേഴ്സിറ്റി ബോർഡിന്റെ റിപ്പോർട്ടിലാണ് പറഞ്ഞിരിക്കുന്നത്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, അങ്ങ് പരിസ്ഥിതിയെ സംബന്ധിച്ചാണല്ലോ പറഞ്ഞു വരുന്നത്. ഇക്കാര്യത്തിൽ കള്ള പരിസ്ഥിതി വാദികളും

നിയന്ത്രണമില്ലാത്ത; വിഷയങ്ങൾ പഠിക്കാത്ത പരിസ്ഥിതി വാദികളും പുതിയ തായി രൂപപ്പെട്ടിട്ടുണ്ട് എന്ന ഒരു ചെറിയ വിഷയമുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? മുൻകാല അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് ഇ.എഫ്.എൽ. തിരുത്താൻ; റെക്ടിഫിക്കേഷൻ നടത്താമെന്ന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ ഗവൺമെന്റിന്റെ കാലത്തും പറ ഞ്ഞുവെങ്കിലും കേന്ദ്രത്തിന്റെ വനനിയമം അനുസരിച്ചല്ലാതെ നമുക്ക് ഇവിടെ യൊന്നും ചെയ്യാനാവില്ല. കേരള സംസ്ഥാനത്തിന് ഒന്നും ചെയ്യാനില്ല എന്ന് ആവർത്തിച്ചാവർത്തിച്ച് പറയുന്നതുകൊണ്ട്.....ആശങ്കയും പേടിയും കൊണ്ടല്ല ഇടുക്കിക്കാർ ഇവിടെ സമരത്തിന് വന്നത്. അവിടെ ജീവി ക്കുന്നവർക്ക് ജീവിതം നിലനിർത്താൻ വേണ്ടിയാണ് ഇവിടെ വന്നത് എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, കഷ്ടകാലം കൊണ്ട് സോൺ 1-ൽ ഉൾപ്പെട്ടിരിക്കുന്ന ആളാണ് ഞാൻ. ഞാൻ മാത്രമല്ല പീരുമേട് താലൂ ക്കിലെ ഏതാണ്ട് മൊത്തം ആളുകളും സോൺ 1-ൽ ഉൾപ്പെട്ടിട്ടുണ്ട്. എനിക്ക് 50 സെന്റ് സ്ഥലവും വീടുമുണ്ട്. എന്റെ മകന് ഈ വീട് ഒന്ന് പുതുക്കിപ്പണിയണമെന്ന് വിചാരിച്ചാൽ അവന് പുല്ലുവീട് വയ്ക്കാനേ സാധി ക്കുകയുള്ളൂ എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഈ സഭയിൽ വളരെ ഗൗരവ മേറിയ ഒരു ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. വസ്തുതകളുടെ അടിസ്ഥാ നത്തിൽ കാര്യങ്ങൾ ചർച്ച ചെയ്യുന്നതാണ് നല്ലത് എന്നു തോന്നുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നുകഴിഞ്ഞാൽ ക്ഷേത്രങ്ങളും പള്ളി യുമൊക്കെ പൊളിച്ച് പാർട്ടി ഓഫീസാക്കും എന്നൊക്കെ പറഞ്ഞ് പ്രചരണം

നടത്തുന്നതുപോലെ ചില ശക്തികൾ നടത്തുന്ന വൈകാരികമായ പ്രകടനത്തിലേയ്ക്ക് ഈ റിപ്പോർട്ടുമായി ബന്ധപ്പെട്ട് പോകുന്നത് ഉചിതമാണോ എന്നതിനെക്കുറിച്ച് എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. രാജു എബ്രഹാം: സർ, വീട് പണിയുന്ന കാര്യത്തിൽ വളരെ ക്ലിയറായി തന്നെ ഗാഡ്ഗിൽ പറയുന്നുണ്ട്. താമസസൗകര്യങ്ങൾക്കു വേണ്ടി ചെറിയ തോതിലുള്ള മാറ്റങ്ങളേ ആകാൻ പാടുള്ളൂ എന്നു വച്ചാൽ വീടു പണിയിൽ ബാക്കിയുള്ളതെല്ലാം അസാദ്ധ്യമാണ്; പുതുക്കിപ്പണിയാൻ കഴിയില്ല എന്ന് വളരെ ക്ലിയറായിട്ട് പറയുകയാണ്. അപ്പോൾ ഇതു മാറ്റി കൊണ്ടുവരട്ടെ, അപ്പോൾ നമുക്കിത് പൂർണ്ണമായും സ്വാഗതം ചെയ്യാം. പരിസ്ഥിതി സംഘടനകളെക്കുറിച്ച് ഇവിടെ പറഞ്ഞു. നല്ല രീതിയിൽ പ്രവർത്തിക്കുന്ന പരിസ്ഥിതി സംഘടനകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. പക്ഷേ ഇവിടെ ഗാഡ്ഗിലിന് മുമ്പാകെ 40 ഓളം സിറ്റിംഗുകൾ പരാതിയുമായിട്ട് നിൽക്കുകയാണ് എന്ന് അതിന്റെ ആമുഖത്തിൽ പറയുന്നുണ്ട്. ആരാണ് കൊടുത്തത്? ഏത് പരിസ്ഥിതി സംഘടനകളാണ് കൊടുത്തത്? എറണാകുളത്തെ ഒരു പരിസ്ഥിതി സംഘടനയുടെ നേതാവിനെപ്പറ്റി ഒരു പത്രവാർത്ത വന്നത് ഞാൻ ഓർക്കുന്നു. വയനാട്ടിൽ നിന്ന് ഒരു ചെറുപ്പക്കാരൻ അദ്ദേഹത്തെ തിരക്കി എറണാകുളത്തേയ്ക്ക് വരികയാണ്. ചോദിച്ചപ്പോൾ പറഞ്ഞത് വയനാട്ടിലെ പരിസ്ഥിതി സംഘടനയുടെ നേതാവ് ഒരു വലിയ റിസോർട്ട് വാങ്ങിയിരിക്കുന്നു. എന്തിനാണ് ഈ പണം മുഴുവൻ......... ഇവിടെ തന്നെ ആരോപണമുണ്ട്. UNESCO ആണ് ഈ കമ്മിറ്റിക്ക് വലിയ തോതിൽ പണം കൊടുത്ത് ഈ നിലയിലൊരു വഷളൻ റിപ്പോർട്ടുണ്ടാക്കിയത്. UNESCO കൊടുത്ത പണം കൊണ്ടാണെന്ന ആരോപണമുണ്ട്; ഞാൻ പറയു

ന്നില്ല; ആരോപണം ഇവിടെ നിലനിൽക്കുകയാണ്. വളരെ ഗൗരവമായി തന്നെ പരിശോധിക്കേണ്ട ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറഞ്ഞ വയനാടിൽ റിസോർട്ട് വാങ്ങിച്ചു; ഏലൂരിൽ ഒരു പരിസ്ഥിതി പ്രവർത്തകൻ എന്നു പറഞ്ഞ് ചില വെബ്സൈറ്റിൽ വാർത്തകൾ വന്നിരുന്നു. പോലീസ് അതിനെക്കുറിച്ച് അന്വേഷിച്ച് അത് തെറ്റായ വാർത്തയാണെന്ന് റിപ്പോർട്ട് കൊടുത്തു. വെബ്സൈറ്റിൽ അത് പ്രചരിപ്പിച്ച ആളുകൾക്കെതിരായി പോലീസ് കേസെടു ത്തിട്ടുള്ള വിവരം അങ്ങേയ്ക്കറിയുമോ?

ശ്രീ. രാജു എബ്രഹാം: സർ, എനിക്കറിയില്ല. ഇങ്ങനെ ഒരു വാർത്ത വന്നുവെന്നേ ഞാൻ പറഞ്ഞുള്ളൂ. ഇതുപോലെയുള്ള ധാരാളം കപട പരി സ്ഥിതി വാദികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. എറണാകുളത്തുണ്ട്, തിരുവന ന്തപുരത്തുണ്ട്; ഞങ്ങളുടെ നാട്ടിലുണ്ട്, എല്ലായിടത്തുമുണ്ട്. വളരെ ഗൗരവ മായിട്ട് തന്നെ കാണേണ്ട ഒരു പ്രശ്നമാണ് ഇത്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, പശ്ചിമഘട്ട വികസന പദ്ധതിയുടെ ഭാഗമായി നാലായിരത്തിലധികം കോടി രൂപ 25 വർഷം കൊണ്ട് ഇന്ത്യയി ലേയ്ക്ക് ഒഴുകിയെത്തിയിട്ടുണ്ട് എന്ന വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ?

ശ്രീ. രാജു എബ്രഹാം: സർ, ഇവിടെ ഇതിനെ സംബന്ധിച്ചിടത്തോളം ഗൗരവമായിട്ടുള്ള അന്വേഷണം നടത്തണമെന്ന് തന്നെയാണ് എനിക്ക് ഇവിടെ സൂചിപ്പിക്കുവാനുള്ളത്. 30% ചരിവുള്ള പ്രദേശങ്ങളിൽ വാർഷിക വിളകൾ ഒഴിവാക്കണം; കപ്പ, വാഴ, ചേമ്പ്, ചേന, നെല്ല് എന്നിവ പാടില്ല. ആ വിധത്തിലുള്ള ഒരു കൃഷിയും ചെയ്യാൻ പാടില്ല എന്ന് ഗാഡ്ഗിൽ പറഞ്ഞിരി

ക്കുകയാണ്. എന്നു പറഞ്ഞാൽ ഒരു മലയോര പ്രദേശങ്ങളിലും ഈ വിളകൾ ചെയ്യാൻ പാടില്ല എന്ന് ക്ലിയറായി പറഞ്ഞിരിക്കുകയാണ്. നദികളുടേയും കൈവഴികളിലും യാതൊരുവിധ പദ്ധതിയും പാടില്ല. ചെക്ക് ഡാം കെട്ടാൻ പാടില്ല. ശ്രീ. എ. കെ. ബാലൻ ഇവിടെ സൂചിപ്പിച്ചതുപോലെ കക്കാട് പദ്ധതിയും ഇടുക്കി പദ്ധതിയും ഇപ്പോൾ അടയ്ക്കേണ്ടി വരും; കാരണം അതൊക്കെ ഡൈവേർഷനാണ്. തുരങ്കത്തിൽ കൂടെയാണ് ഒഴുകുന്നത്. നദികളുടെ ആവാസ വ്യവസ്ഥയ്ക്ക് യാതൊരു മാറ്റവും പാടില്ല എന്നു വച്ചാൽ ഈ തുരങ്കങ്ങൾ മുഴുവൻ അടയ്ക്കണം എന്നു പറയുന്ന ഏറ്റവും അശാസ്ത്രീയമായ നടപടികളാണ്, അഭിപ്രായങ്ങളാണ് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ചില നല്ല കാര്യങ്ങളും പറയുന്നുണ്ട് - വന്യജീവിയെപ്പറ്റിയും ആവാസ വ്യവസ്ഥയെപ്പറ്റിയും ശുദ്ധജലചതുപ്പുകളെപ്പറ്റിയും സ്പെഷ്യൽ ബയോ ബ്രീഡിംഗ്സിനെപ്പറ്റിയും സർപ്പക്കാവുകളെപ്പറ്റിയും തണ്ണീർത്തടങ്ങളെപ്പറ്റിയും രാസകീടനാശിനികളെപ്പറ്റിയും പറയുന്നുണ്ട്. ഇത് പഞ്ചസാരയിൽ പൊതിഞ്ഞ ഒരു സ്റ്റീൽ ബോംബാണ്.

ശ്രീ. ജോസഫ് വാഴക്കൻ: സർ, ശ്രീ. ടി. എൻ. പ്രതാപന്റെ കൈയിലിരിക്കുന്ന അതേ ബുക്കല്ലേ അങ്ങയുടെ കൈയിലുമിരിക്കുന്നത്. ശ്രീ. ടി. എൻ. പ്രതാപൻ ഇതിന്റെ ഏതു ഭാഗത്തു നിന്നുമാണ് വായിച്ചത്?

ശ്രീ. രാജു എബ്രഹാം: സർ, ശ്രീ. ടി. എൻ. പ്രതാപൻ ആമുഖം വായിച്ചു. ഞാൻ അതിന്റെ തീരുമാനങ്ങളും വായിച്ചു എന്നു മാത്രമേയുള്ളൂ. ശ്രീ. ടി. എൻ. പ്രതാപൻ ഏതൊക്കെ ബുക്കുകളാണ് വായിച്ചത് എന്ന് എനിക്കറിയില്ല. ഞാൻ അവസാനിപ്പിക്കുകയാണ്. ആരാന്റെ അമ്മയ്ക്ക് ഭ്രാന്തു പിടിച്ചാൽ കാണാൻ നല്ല രസമാണ്. കേരളത്തിലെ 633 പഞ്ചായത്തുകളിൽ

നിയന്ത്രണം വരാൻ പോകുകയാണ്. അതിൽ സോൺ 1-ൽ 158 പഞ്ചായത്തുകൾ, സോൺ 2-ൽ 268 പഞ്ചായത്തുകൾ, സോൺ 3-ൽ 439 പഞ്ചായത്തുകൾ. ഈ പഞ്ചായത്തുകളിൽ അധിവസിക്കുന്ന ജനങ്ങൾ കേരളത്തിലെ പകുതിയിലേറെ വരുന്ന ജനങ്ങളാണ്. ആ ജനങ്ങളെ കാണാൻ വേണ്ടി കഴിയാത്ത ഒരു റിപ്പോർട്ടിനെ സംബന്ധിച്ചിടത്തോളം ഇവിടെ ഒരു സമന്വയം വന്നതുകൊണ്ട് അത് പരിപൂർണ്ണമായി തള്ളണം എന്നു ഞാൻ പറയുന്നില്ല. വളരെ ഗൗരവത്തോടു കൂടി സംസ്ഥാനത്തെ നമ്മുടെ ജനങ്ങളെ തകർക്കുന്ന ഈ സമീപനത്തിനെതിരായി; യാതൊരു സംശയവും വേണ്ട ഇന്ന് പാളയത്ത് കണ്ടത് ഒരു സൂചന മാത്രമാണ്. ഈ റിപ്പോർട്ട് നടപ്പാക്കണമെന്ന് പറഞ്ഞ് ഈ 633 പഞ്ചായത്തുകളിൽ ആരെങ്കിലും വന്നാൽ യാതൊരു സംശയവും വേണ്ട അവരുടെ മുട്ട് തല്ലി ഒടിക്കും. അതുകൊണ്ട് വളരെ ഗൗരവമായി തന്നെ ഇത് പരിഗണിക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സജീവമായ ചർച്ചയാണ് ഇവിടെ നടന്നത്. നിയമസഭതുടങ്ങിയ ആദ്യ ദിവസം തന്നെ പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഈ വിഷയം ചർച്ചചെയ്യണമെന്ന് പറഞ്ഞപ്പോൾ സഭയിൽവച്ചുതന്നെ ചർച്ചചെയ്യുവാൻ ഗവൺമെന്റ് തയ്യാറാണെന്ന് പറഞ്ഞു. ബിസിനസ് അഡ്വൈസറി യോഗത്തിൽ മറ്റെന്തിന് സമയമില്ലെങ്കിലും ഇക്കാര്യം ചർച്ചചെയ്യണമെന്ന് പറഞ്ഞു. ഇന്നിവിടെ നടന്ന സജീവമായ ചർച്ച ആദ്യാവസാനം കേട്ടപ്പോൾ ഗവൺമെന്റ് ചർച്ച ചെയ്യാൻ തീരുമാനിച്ചത് നല്ലതാണെന്നാണ് എനിക്ക് ബോധ്യപ്പെട്ടത്. പശ്ചിമഘട്ട സംരക്ഷണം, പശ്ചിമഘട്ടത്തിന്റെ പ്രാധാന്യം എല്ലാവരും പൂർണ്ണമായും ഉൾക്കൊണ്ടുകൊ

ണ്ടുള്ള ചർച്ചയാണ് ഇവിടെ നടന്നത്. പശ്ചിമഘട്ടം പൂർണ്ണമായും ആറ് സംസ്ഥാനങ്ങളിൽ കിടക്കുന്ന പ്രദേശമാണ്. 1490 കി.മീ ദൂരമുണ്ട്. ഗുജറാത്തിൽ നിന്ന് തുടങ്ങി കന്യാകുമാരിക്കടുത്ത് അവസാനിക്കുന്നതാണ് പശ്ചിമഘട്ടം. പരിസ്ഥിതിയുടെ അടിസ്ഥാനത്തിലും കാലാവസ്ഥയുടെ അടിസ്ഥാനത്തിലുമുള്ളതാണ് പശ്ചിമഘട്ടത്തിന്റെ പ്രാധാന്യം. പശ്ചിമഘട്ടത്തിലുള്ള വളരെ വിലപ്പെട്ട സസ്യങ്ങൾ, വൃക്ഷങ്ങൾ, കാടും കാട്ടുമൃഗങ്ങളുമെല്ലാം രാജ്യത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്നതാണ്. പശ്ചിമഘട്ടത്തിന്റെ സംരക്ഷണം ഉറപ്പുവരുത്തണമെന്ന ആശയത്തോട് പൂർണ്ണമായും യോജിപ്പാണ്. അത് പ്രായോഗികതലത്തിലായിരിക്കണം. ഈ റിപ്പോർട്ടിലെ നല്ല കാര്യങ്ങളെക്കുറിച്ച് പലരും പറഞ്ഞു. പല നല്ല കാര്യങ്ങളും റിപ്പോർട്ടിലുണ്ട്. അതൊന്നും ആർക്കും എതിർപ്പുള്ള കാര്യങ്ങളല്ല. ജെനറ്റിക്കലി മോഡിഫൈഡ് ക്രോപ്സ് ഉപയോഗിക്കുവാൻ പാടില്ലായെന്നുള്ളത് സംസ്ഥാനത്ത് അംഗീകരിച്ചിട്ടുള്ള നയമാണ്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം മൂന്ന് വർഷത്തിനകം പൂർണ്ണമായും നിരോധിക്കണം. അതുപോലെതന്നെ യൂക്കാലിപ്റ്റ്സ്, അക്കേഷ്യ പോലുള്ള മറുനാടൻ മരങ്ങൾ സംരക്ഷിത മേഖലയിൽ ഉണ്ടാകുവാൻ പാടില്ല. ഇക്കാര്യങ്ങളെല്ലാം വളരെ മുമ്പ് ചർച്ച ചെയ്യപ്പെട്ടിട്ടുള്ള കാര്യങ്ങളാണ്. പ്രകൃതിയെ സ്നേഹിക്കുന്ന പ്രകൃതി സംരക്ഷണത്തിന് പൂർണ്ണമായും യോജിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ വേണമെന്നുള്ള ശുപാർശകൾ ഇതിലുണ്ട്. ഇതിനോട് ആർക്കും വിയോജിപ്പുണ്ടാകില്ല. നമ്മൾ യോജിക്കുന്നു. ഇവിടെ ഈ കമ്മിറ്റിക്ക് പറ്റിയ ഏറ്റവും വലിയ പോരായ്മ 9‍ഃ9 =81 ച.കി.മീറ്ററാണ് ഒരു യൂണിറ്റായി ഇവർ കണ്ടുപിടിച്ചത്. കേരളം പോലുള്ള സംസ്ഥാനത്ത് 81 ച.കി.മീ അടുത്തടുത്ത ഏരിയായി

കണ്ടെത്തിയാൽ എന്തായിരിക്കും സ്ഥിതി. 9 കി.മീറ്ററിന്റെ ച.യൂണിറ്റുകളാണ് അവർ എടുത്തത്. അത് വരുമ്പോൾ, ഇടുക്കിയെ സംബന്ധിച്ചിടത്തോളം സി.എച്ച്. ആർ. വനങ്ങളും കട്ടപ്പന ടൗണും കൂടി ഒരു ഗ്രൂപ്പിലാണ് വന്നിരിക്കുന്നത് അതായത് 81 ച.കി. മീറ്റർ. അവരെടുത്ത കണക്കുകൂട്ടൽ ആദ്യം ഈ സ്ഥലങ്ങളെല്ലാം ഒന്നിച്ചെടുത്ത് അതിനകത്തുനിന്ന് സംരക്ഷിക്കേണ്ടതും സംരക്ഷിക്കേണ്ടാത്തതുമായി വേർതിരിക്കാമെന്ന നിഗമനത്തിലെടുത്തു. അത് വലിയ ആശങ്ക ഉണ്ടാക്കിയിട്ടുണ്ട്. ജനങ്ങളുടെ ഇടയിലുണ്ടായ ആശങ്ക ആരെങ്കിലും മന:പൂർവ്വമായി ഉണ്ടാക്കിയതാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഈ സോണിങ്ങാണ് മുഴുവൻ പ്രശ്നങ്ങൾക്കും കാരണമാക്കിയത്. എന്നിട്ടും ശ്രീ. മാധവ് ഗാഡ്ഗിൽ വന്ന് പറഞ്ഞത് ഈ പ്രശ്നം മുഴുവൻ ഉണ്ടാക്കിയത് കേരളത്തിലെ മുഖ്യമന്ത്രിയാണെന്നാണ്. ഞാൻ അദ്ദേഹത്തെ കണ്ടിട്ടുപോലുമില്ല. അദ്ദേഹം പറഞ്ഞ കാരണമിതാണ്, റിപ്പോർട്ട് മലയാളത്തിൽ അച്ചടിച്ച് ജനങ്ങൾക്ക് വിതരണം ചെയ്തിരുന്നുവെങ്കിൽ ഈ പ്രശ്നങ്ങളൊന്നും ഉണ്ടാകുമായിരുന്നില്ല. അത് ചെയ്യാതെ ഇതിനെ വിമർശിക്കുന്നതാണ് തെറ്റെന്ന് പറഞ്ഞു. അത് വ്യാപകമായിട്ടുള്ള പ്രശ്നങ്ങൾ കേരളത്തിലുണ്ടാക്കിയിട്ടുണ്ട്. നമ്മളെ സംബന്ധിച്ചിടത്തോളം വളരെയേറെ അഭിമാനിക്കുവാൻ വകയുണ്ട്. വന സംരക്ഷണ രംഗത്ത് നമ്മൾ മുന്നിലാണ്. ഇന്ന് നാഷണൽ ആവറേജ് 19 ശതമാനം വനമുള്ളപ്പോൾ സ്റ്റേറ്റ് ആവറേജ് 28.8 ശതമാനമാണ്. ഇ.എഫ്.എൽ ആക്ട് ബാധകമായിട്ടുള്ള ഏക സംസ്ഥാനം കേരളമാണ്. ഇവിടെ നമ്മുടെ വനങ്ങളേയും വന്യമൃഗങ്ങളേയും സംരക്ഷിക്കുന്നതിന് ഏറ്റവും ഫലപ്രദമായ നിയമങ്ങളുള്ള ഒരു സംസ്ഥാനമാണ് കേരളം. അതിന്റെ ഫലമായി വളരെയേറെ വനങ്ങൾ സംരക്ഷിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇപ്പോൾ

നമ്മൾ വ്യാപകമായിട്ട് മാൻ-ആനിമൽ കോൺഫ്ളിക്റ്റ് നടക്കുകയാണ്. അതിന്റെ ഫലമായി നിരവധി ആളുകളുടെ ജീവൻ അപകടപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. നമ്മുടെ വന സംരക്ഷണത്തിനും, വന്യമൃഗ സംരക്ഷണത്തിനും ഫലം കണ്ടിരിക്കുന്നു. അതിന്റെ ഫലമായി കാടുകളിലെ വന്യമൃഗങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. കാട്ടിനുള്ളിൽ അവർക്ക് ആവശ്യത്തിന് സൗകര്യം കിട്ടാത്തപ്പോൾ പുറത്തേക്കിറങ്ങുകയാണ്. ആ രീതിയിൽ നമ്മുടെ നാട് വനസംരക്ഷണത്തിന്റെ കാര്യത്തിലും വന്യമൃഗ സംരക്ഷണത്തിന്റെ കാര്യത്തിലും മുമ്പോട്ട് വന്നിരിക്കുന്നു. പരിസ്ഥിതിയുടെ കാര്യത്തിലും നമ്മൾ അതേ രീതിയിൽത്തന്നെ നമുക്ക് വളരെയധികം പ്രവർത്തിക്കാനുണ്ട്. ഈ റിപ്പോർട്ട് വന്നു, റിപ്പോർട്ട് വന്നപ്പോൾത്തന്നെ ഗവൺമെന്റ് അതിന്റേതായിട്ടുള്ള നടപടികൾ എടുത്തു. 31-01-2012-ൽ നമ്മുടെ റെസ്പോൺസ് അറിയിച്ചു. ഈ റിപ്പോർട്ട് കിട്ടുന്നത് 2011 ഓഗസ്റ്റ് മാസത്തിലാണ്. അത് കിട്ടി, എല്ലാ ഡിപ്പാർട്ട്മെന്റുകളുടേയും അഭിപ്രായം അറിഞ്ഞതിനുശേഷം വിവരം അറിയിച്ചു. അതിനുശേഷം നമ്മൾ ഹിയറിംഗ് ആവശ്യപ്പെട്ടുകൊണ്ട് വീണ്ടും കത്തയച്ചിരിക്കുകയാണ്. ശ്രീ. കസ്തൂരി രംഗന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയെ കേന്ദ്ര ഗവൺമെന്റ്വച്ചു. കാരണം ഈ റിപ്പോർട്ട് വന്നതിനെത്തുടർന്ന് ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണ്ണാടക, തമിഴ്നാട്, കേരളം തുടങ്ങിയ ആറ് സംസ്ഥാനങ്ങൾ ഒരുപോലെ എതിർത്തു. അതിനെത്തുടർന്നാണ് ശ്രീ. കസ്തൂരി രംഗന്റെ നേതൃത്വത്തിൽ 12 അംഗ വിദഗ്ദ്ധ കമ്മിറ്റിയെവച്ചത്. അദ്ദേഹം ഈ കമ്മിറ്റിയുടെ ചെയർമാനായതിനുശേഷം ഇവിടെ വന്നിട്ടില്ല. പക്ഷേ അദ്ദേഹം വരുമെന്ന് അറിയിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് വന്നതിനുശേഷം, ഒരുപക്ഷേ അദ്ദേഹമായിരിക്കും ഈ കമ്മിറ്റി

യുടെ ചെയർമാനെന്ന വിവരം കിട്ടിയിരിക്കാം, മറ്റൊരു ആവശ്യത്തിനു വേണ്ടി കേരളത്തിൽ വന്നു. അങ്ങനെ വന്ന സമയത്ത് ഈ റിപ്പോർട്ടിനെക്കുറിച്ചുള്ള ജനങ്ങളുടെ പ്രതികരണം അറിയുവാൻ വേണ്ടി അനൗദ്യോഗികമായി നമ്മുടെ ഉദ്യോഗസ്ഥരുമായി സംസാരിച്ചു. അതിനുശേഷമാണ് അദ്ദേഹത്തെ ഈ കമ്മിറ്റിയുടെ ചെയർമാനാക്കി വച്ചത്. കസ്തൂരി രംഗൻ ഇവിടെ വരുമെന്ന് അറിയിച്ചിട്ടുണ്ട്, ഔദ്യോഗികമായിട്ട് ഇവിടെ അറിയിച്ചിട്ടില്ല. ഗവൺമെന്റ് ഹിയറിംഗ് ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് കൊടുത്തിട്ടുണ്ട്. നമുക്ക് ഹിയറിംഗ് കിട്ടും. റെസ്പോൺസ് അറിയിക്കുന്ന കൂട്ടത്തിൽ, ഗവൺമെന്റിന് ഇനിയും ചില കാര്യങ്ങൾ കൂടി പറയാനുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. എന്താണെന്നു ചോദിച്ചാൽ ഇതുപോലുള്ള ചർച്ചകളിലൂടെ വരുന്ന അഭിപ്രായങ്ങൾ കൂടി സ്വരൂപിച്ച് കൊടുക്കുവാൻ വേണ്ടിയാണ്. ഇവിടെ നടന്ന ചർച്ചയുടെ പ്രത്യേകതയെന്ന് പറഞ്ഞാൽ ഇവിടെ പ്രസംഗിച്ച എല്ലാവരുടേയും അഭിപ്രായത്തിന്റെ ആകെ തുകയെടുത്താൽ മാത്രമേ നിഗമനത്തിലെത്തുവാൻ സാധിക്കൂ. ഒരു പാർട്ടിയുടെ എടുത്താലും ഭരണപക്ഷത്തിന്റെയും പ്രതിപക്ഷത്തിന്റെയും എടുത്താലും പൂർണ്ണമായും ബോധ്യപ്പെടില്ല. ഇവിടെ നടന്ന ചർച്ചയുടെ ആകെ തുകയെടുത്ത്, കാരണം എല്ലാവരും നല്ല ഉദ്ദേശ്യത്തോടുകൂടിയാണ് അഭിപ്രായം പറഞ്ഞിരിക്കുന്നത്. എല്ലാവർക്കും അവരവരുടേതായ കാഴ്ചപ്പാടിന് മുൻതൂക്കം വന്നിട്ടുണ്ടെന്നതിൽ കവിഞ്ഞ് അതിനപ്പുറത്തേയ്ക്ക് രാഷ്ട്രീയമോ മറ്റ് മേഖലകളിലേയ്ക്കൊന്നും കയറിയിട്ടില്ല. ഇതിനിടയ്ക്ക് ഈ റിപ്പോർട്ട് ഇതിനോടകംതന്നെ നടപ്പിലാക്കിയില്ലേയെന്നൊരു പ്രശ്നം വന്നു. ഈ റിപ്പോർട്ട് വന്നപ്പോൾ അത് അംഗീകരിക്കുകയല്ല ഗ്രീൻ ബഞ്ച് ചെയ്തത്. പക്ഷേ പരോക്ഷമായി അംഗീകരിക്കുന്ന വിധത്തിലുള്ള ഒരു സാഹചര്യമുണ്ടായി. ഈ റിപ്പോർട്ട് ശുപാർശകൾ കേന്ദ്രഗ

വൺമെന്റിന് കൊടുത്തിരിക്കുന്ന സാഹചര്യത്തിൽ ഈ മേഖലയിൽ ഗവൺമെന്റിന്റെ പ്രത്യേക അനുമതിവേണ്ട പ്രവർത്തനങ്ങൾ നടത്തുന്നുവെങ്കിൽ ഈ റിപ്പോർട്ടിലെ വ്യവസ്ഥകൾ ബാധകമാണെന്ന് ഗ്രീൻ ബഞ്ച് പറഞ്ഞു. സെൻട്രൽ ഗവൺമെന്റ് ഇതിനെ ക്വസ്ററ്യൻ ചെയ്യുകയും ഇതിനെതിരായി അപ്പീൽ നൽകുകയും ചെയ്തു. പക്ഷേ ഈ ശുപാർശകൾ നിലനിൽക്കുന്നിടത്തോളം കാലം ഞങ്ങൾ പറഞ്ഞ കാര്യങ്ങളിൽ മാറ്റം വരുത്തുകയില്ലെന്നാണ് അപ്പീൽ നൽകിയ സമയത്തും ഗ്രീൻ ബഞ്ച് എടുത്ത തീരുമാനം. ഇനി ഈ കേസ് വരുന്ന സമയത്ത് നമ്മൾ കൂടി കക്ഷിയായി ഇതിനെതിരായിട്ടുള്ള നിലപാട് സ്വീകരിക്കാമെന്നുള്ള വ്യക്തമായ നിർദ്ദേശം സംസ്ഥാന ഗവൺമെന്റ് ഡെൽഹിയിലെ അഡ്വക്കേറ്റിന് നൽകിയിട്ടുണ്ട്. ഞാൻ ഒരു കാര്യം വളരെ വ്യക്തമായി പറയാൻ ആഗ്രഹിക്കുകയാണ്. പശ്ചിമഘട്ടിന്റെ സംരക്ഷണത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കാമോ ആ നടപടികളെല്ലാം സ്വീകരിക്കും. മണ്ണിൽ അധ്വാനിക്കുന്ന കർഷകർക്കോ പൊതുജനങ്ങൾക്കോ ഒരു കാരണവശാലും യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുകയില്ലെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമുക്ക് പരിസ്ഥിതി സംരക്ഷണം അത്യാവശ്യമാണ്. അതേസമയം മണ്ണിൽ അധ്വാനിച്ച് ജിവിക്കുന്ന കർഷകരെ, അവിടത്തെ ജനങ്ങളെ നമുക്ക് ഒരിക്കലും മറക്കാൻ സാധിക്കില്ല. ഇത് രണ്ടും സമന്വയിപ്പിക്കാൻ സാധിക്കുമെന്ന പൂർണ്ണ വിശ്വാസം എനിക്കുണ്ട്. സോൺ തിരിക്കുന്നതുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള ഭീതിജനകമായ സാഹചര്യം നിശ്ചയമായും ഒഴിവാക്കേണ്ടതായിരുന്നു എന്ന അഭിപ്രായമാണ് എനിക്കുള്ളത്. കാരണം ഇതിൽ ഗ്രീൻബഞ്ച് ഇടപെട്ടു. വളരെ പരിമിതമായ കാര്യങ്ങൾ മാത്രമേ പറഞ്ഞിട്ടുള്ളൂവെങ്കിലും ഗ്രീൻബഞ്ച് ഇടപെടുന്നതിനുള്ള സാഹചര്യം വന്നു. വയനാട്ടിലെ രാത്രികാല യാത്രയ്ക്ക്

നിരോധനം വന്നത് എങ്ങനെയാണ്? ഇത് കളക്ടറുടെ ഓർഡറാണ്. ഒരു കളക്ടറുടെ ഓർഡർ മാറ്റാൻ ഗവൺമെന്റിന് വല്ലവിഷമവും ഉണ്ടോ? വണ്ടിയിടിച്ച് രണ്ടുമൂന്ന് മാനുകൾ ചത്തപ്പോൾ അത് സംബന്ധിച്ച് ഒരു പെറ്റീഷൻ പരിസ്ഥിതി വാദികൾ കളക്ടർക്ക് നൽകി. അതിന്റെ ഫോട്ടോയും അവർ കാണിക്കുകയുണ്ടായി. ഉടൻതന്നെ കളക്ടർ ഓർഡർ ഇട്ടു. ഇത് പരാതിയായപ്പോൾ ഉടൻതന്നെ ഗവൺമെന്റ് ഇടപെടുകയും ഇത് പിൻവലിക്കണമെന്ന് പറയുകയും ചെയ്തു. ഉടനെ കളക്ടർ പ്രസ്തുത ഓർഡർ പിൻവലിച്ചു. ഈ ഓർഡർ പിൻവലിച്ചതിനെതിരായി ഒരാൾ കോടതിയിൽ പെറ്റീഷൻ നൽകി. കളക്ടറുടെ ആദ്യത്തെ ഓർഡർ പിൻവലിച്ചത് ശരിയായില്ല എന്ന് കോടതി അറിയിച്ചു. ഇത് മാറ്റാനായി ഹൈക്കോടതിയേയും സുപ്രീംകോടതിയേയും സമീപിച്ചെങ്കിലും അതിന് സാധിച്ചില്ല. ഞാൻ കർണ്ണാടകയിലെ മുൻ മുഖ്യമന്ത്രിയുമായി പ്രസ്തുത വിഷയം സംബന്ധിച്ച് സംസാരിച്ചു. അടുത്ത മാസം 3-ാം തീയതി വീണ്ടും പോകുകയാണ്. സുപ്രീംകോടതിയിൽ നമ്മൾ കക്ഷി ചേർന്നിരിക്കുകയാണ്. ഏറ്റവും സീനിയറായ അഡ്വക്കേറ്റിനെ ഇതിനായി നിയോഗിക്കുകയും ചെയ്തു. ഒരു കളക്ടറുടെ ഓർഡറിൽ നിന്നും വന്ന ഭവിഷ്യത്താണിത്. ഇത് സാധ്യമായില്ലെങ്കിൽ ഒരു ബൈപ്പാസിനെക്കുറിച്ച് കർണ്ണാടക ഗവൺമെന്റുമായി നമ്മൾ ആലോചിക്കും. സോൺ തിരിക്കുന്നതുമായി ബന്ധപ്പെട്ട കൺഫ്യൂഷൻ ഒരിക്കലും ഉണ്ടാകാൻ പാടില്ലായിരുന്നു. പശ്ചിമഘട്ടത്തിന്റെ വികസനത്തിനുള്ള ഒരു നിർദ്ദേശത്തേയും ആരും എതിർക്കുമെന്ന് എനിക്ക് തോന്നുന്നില്ല. പക്ഷേ അവിടത്തെ ജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കണം. പരിസ്ഥിതി സംരക്ഷണവും ജനങ്ങളുടെ ആവശ്യവും നാടിന്റെ വികസനവും ഒന്നിച്ച് കൊണ്ടുപോകാൻ സാധിക്കു

മെന്ന് ഞാൻ വിശ്വസിക്കുന്നു. ജനങ്ങളുടെ ആവശ്യം, നാടിന്റെ വികസനം ഇതെല്ലാം ഇന്നത്തെ പ്രശ്നങ്ങളാണ്. പരിസ്ഥിതി സംരക്ഷണം നാളത്തെ നിലനിൽപ്പിന്റെ ആവശ്യമാണ്. ഇത് രണ്ടും കൂടി സമന്വയിപ്പിച്ചാൽ മാത്രമേ നമുക്ക് നല്ലൊരു അന്തരീക്ഷം സൃഷ്ടിക്കാൻ സാധിക്കൂ. അതിനുള്ള ശ്രമ മാണ് ഗവൺമെന്റ് നടത്തുന്നത്. പ്രസ്തുത വിഷയത്തെ സംബന്ധിച്ച് എല്ലാ അംഗങ്ങളുമായി സംസാരിക്കണമെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറയുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഏത് വിധത്തിലുള്ള ചർച്ചയ്ക്കും ഗവൺമെന്റ് തയ്യാറാണ്. കാരണം ഇക്കാര്യത്തിൽ അഭിപ്രായ സമന്വയത്തോ ടുകൂടി, പരസ്പര ധാരണയോടുകൂടി മുന്നോട്ട് പോകണം. ഇവിടെ പരി സ്ഥിതി സംരക്ഷിച്ചുകൊണ്ടും ജനങ്ങളുടെ ആശങ്ക പൂർണ്ണമായി അകറ്റി ക്കൊണ്ടും നമുക്ക് മുന്നോട്ട് പോകണം. ഇടുക്കി ജില്ലയിലെ മെമ്പർമാർ ഇവിടെ പ്രകടിപ്പിച്ച വികാരം ഞാൻ മനസ്സിലാക്കുന്നു. അവർ നേരിടുന്ന പ്രശ്നങ്ങൾ എന്താണെന്ന് നല്ലതുപോലെ മനസ്സിലാക്കാൻ എനിക്ക് സാധി ക്കും. ഈ മേഖലയിൽ താമസിക്കുന്ന ജനങ്ങളുടെ ആശങ്കയ്ക്ക് യാതൊരു അടിസ്ഥാനവുമില്ലാത്ത വിധത്തിൽ ഗവൺമെന്റ് അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കും എന്നുള്ള വ്യക്തമായ ഉറപ്പോടുകൂടി ഈ ചർച്ചയുടെ പൊതു വായ സ്വഭാവം ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു പ്രമേയം ഞാൻ ഇവിടെ അവത രിപ്പിക്കുകയാണ്. എല്ലാവരുടെയും സഹകരണത്തോടുകൂടി ഇത് പാസ്സാക്കി തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് ജനങ്ങളിലുണ്ടാക്കിയ ആശങ്ക ഈ സഭ ഉൾക്കൊള്ളുന്നു. പരിസ്ഥിതി-വനം സംരക്ഷണത്തിന്റെ പ്രസക്തി പൂർണ്ണമായും അംഗീകരിക്കുന്നതോടൊപ്പം ജന ജീവിതവും നാടിന്റെവിക സന ആവശ്യങ്ങളും സമന്വയിപ്പിച്ചുകൊണ്ട് പ്രായോഗികമായ ഒരു സമീപനം

രൂപീകരിക്കണമെന്ന് സഭ അഭിപ്രായപ്പെടുന്നു. പ്രകൃതി സംരക്ഷണവും നാടിന്റെ വികസന ആവശ്യങ്ങളും പരസ്പര പൂരകമായി പോകുന്നതാണ് ഏറ്റവും അഭികാമ്യമായ സാഹചര്യം. മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ അപ്രായോഗികമായ ശുപാർശകൾ അംഗീകരിക്കരുതെന്നും പരിസ്ഥിതി-വന മേഖലകളുടെ സംരക്ഷണത്തിനുള്ള നിർദ്ദേശങ്ങൾ ജനപങ്കാളിത്തത്തോടു കൂടി സമഗ്രമായ ചർച്ചകൾക്കുശേഷം മാത്രമേ നടപ്പിലാക്കാവൂ എന്നും ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ഐകകണ്ഠ്യേന അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ചട്ടം 275 അനുസരിച്ചുള്ള സബ്സ്റ്റാന്റീവ് മോഷൻ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ...........................

സബ്സ്റ്റാന്റീവ് മോഷൻ ഐകണ്ഠ്യേന സഭ അംഗീകരിച്ചിരിക്കുന്നു.

സഭ 6.32-നാണ് ഈ വിഷയം സംബന്ധിച്ച് ചർച്ച തുടങ്ങിയത്. മൂന്ന് മണിക്കൂർ ഈ വിഷയം ചർച്ച ചെയ്തു. വളരെ ആക്ടീവായി, ഫലപ്രദമായി ഈ ചർച്ച ഇവിടെ നടന്നു. ഇത്രയും സമയം ഇവിടെ ചർച്ചയിൽ പങ്കെടുത്ത എല്ലാ മെമ്പർമാരെയും സഭയ്ക്കുവേണ്ടി ചെയർ അഭിനന്ദിക്കുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇതുസംബന്ധിച്ചുള്ള മലയാളത്തിലുള്ള റിപ്പോർട്ടിന്റെ കോപ്പി ആവശ്യത്തിന് ലഭ്യമായിരുന്നില്ല. ആയതിനാൽ ഒന്ന് രണ്ട് പേർക്ക് മാത്രമേ ഇത് നൽകാൻ സാധിച്ചുള്ളൂ. റിപ്പോർട്ടിന്റെ കോപ്പി എടുത്തശേഷം എല്ലാ അംഗങ്ങൾക്കും നാളെതന്നെ നിശ്ചയമായും നൽകുന്ന താണ്.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2012 ഡിസംബർ മാസം 21-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാത്രി 9.28-ന് പിരിഞ്ഞു.)